# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ജൂലൈ 8 | ദീപം 54 | നാളം 14 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# നിലയ്ക്കുന്ന നിലമെഴുത്തുകൾ






അഡ്വ. എ.റ്റി. തോമസ് വാളനാട്ട്


നോട്ടുനിരോധനത്തിനു ശേഷം കേരളത്തിൽ ഭൂമിയുടെ ക്രയവിക്രയത്തിൽ ഗണ്യമായ ഇടിവുണ്ടായി. ഇക്കാര്യം സമർത്ഥിക്കുന്നതിനു കണക്കുകൾ നിരത്തേണ്ട ആവശ്യമൊന്നുമില്ലല്ലോ. മുമ്പ് പെൺമക്കളുടെ വിവാഹാവശ്യങ്ങൾ ഉൾപ്പെടെ കൂടുതൽ പണം ആവശ്യമുള്ള സന്ദർഭങ്ങളിൽ ഒരു തുണ്ടു ഭൂമി വിറ്റ് കാര്യങ്ങൾ സാധിച്ചിരുന്നു. ഏതെങ്കിലും മാർഗത്തിൽ പണം കൈയിലെത്തുമ്പോൾ ഭൂമി വാങ്ങുകയും ചെയ്തിരുന്നു. ഭാഗോടമ്പടി ചെയ്യുന്ന സമയത്ത് ഒന്നിലധികം മക്കളുണ്ടെങ്കിൽ ഓരോരുത്തർക്കുമായി വീതിച്ചുകൊടുക്കാൻ പ്രയാസമുള്ള വസ്തുക്കൾ വിറ്റു പണമാക്കി വീതം വയ്ക്കുമായിരുന്നു. ചില സ്ഥലങ്ങളിലെ താമസം അരോചകമായിത്തോന്നുന്ന ആളുകൾക്ക് മനസ്സിനിണങ്ങിയ ഒരു സ്ഥലത്തേക്കു മാറിത്താമസിക്കുന്നതിനുവേണ്ടിയും ഭൂമി കൈമാറ്റം ചെയ്തിരുന്നു. കൃഷി ചെയ്യാൻ ആരോഗ്യമില്ലാതെ വരികയും അനന്തരാവകാശികൾക്കു കൃഷിയിൽ താത്പര്യമില്ലാതെ വരികയും ചെയ്യുമ്പോഴും കൃഷിഭൂമി വില്ക്കുന്നതു പതിവായിരുന്നു. കൃഷിയിറക്കാൻ ചെലവാകുന്നിടത്തോളംപോലും പണം തിരിച്ചു കിട്ടാതെവരുന്ന അവസരത്തിലും കൃഷിഭൂമിയുടെ കൈമാറ്റം നടന്നിരുന്നു. നഗരത്തിലെ വിസ്തീർണം കുറഞ്ഞ ഭൂമി വിറ്റിട്ട് ഗ്രാമത്തിൽപോയി കൂടുതൽ ഭൂമി വാങ്ങുന്നതിനുവേണ്ടിയും ഭൂമിവില്പന നടത്തിയിരുന്നു. മേല്പറഞ്ഞ സാഹചര്യങ്ങളെല്ലാംതന്നെ ഇപ്പോഴും നിലനില്ക്കുന്നുണ്ടെങ്കിലും ഇപ്പോൾ ഭൂമിയുടെ ക്രയവിക്രയം നടക്കുന്നതേയില്ല എന്നു പറഞ്ഞാൽ അതിൽ വലിയ തെറ്റില്ല. റിസർവ്വ് ബാങ്കിന്റെ കണക്കനുസരിച്ച് മാർച്ച് 2020 നു ശേഷം സ്വർണപ്പണയവായ്പയിൽ 82 ശതമാനം വർദ്ധനയുണ്ടായി എന്ന് 21-05-2021 ലെ 'ഇന്ത്യൻ എക്സ്പ്രസ്സ്' റിപ്പോർട്ട് ചെയ്തിരിക്കുന്നതായി കണ്ടു. ഭൂമി വില്ക്കാൻ സാധിക്കുമായിരുന്നെങ്കിൽ അവരിൽ പലരും സ്വർണവായ്പ വാങ്ങാൻ പോവുകയില്ലായിരുന്നു. കാരണം, പലിശയടയ്ക്കാൻ നിവൃത്തിയില്ലാത്തതിനാൽ സ്വർണം തിരിച്ചെടുക്കാൻ പലർക്കും സാധിക്കില്ല.

ലക്ഷങ്ങളുടെയും കോടികളുടെയും ആസ്തി 'മൂലധന'മായി 'ചത്തു'കിടക്കുമ്പോൾ പട്ടിണിയും പരിവട്ടവുമായി, നല്ല ആഹാരം കഴിക്കാൻപോലും ഗതിയില്ലാതെ ജീവിതം തള്ളിനീക്കുന്ന ഭൂവുടമകൾ കേരളത്തിന്റെ സങ്കടക്കാഴ്ചയാണ്. 'ഭിക്ഷക്കാരനെപ്പോലെ ജീവിച്ച്, സമ്പന്നനെപ്പോലെ സംസ്കരിക്കപ്പെടുന്നവർ' (എന്നുപിശുക്കന്മാരെപ്പറ്റി പറയാറുള്ളതുപോലെ), പട്ടിക്കു മുഴുവൻതേങ്ങാ കിട്ടിയതുപോലെ, എന്നൊക്കെയുള്ള ചൊല്ലുകൾ ഓർത്തുപോകും, ഇവരുടെ അവസ്ഥകണ്ടാൽ. ഭൂമി കൈവശമുള്ളതുകൊണ്ട് അവർക്കു യാതൊരു പ്രയോജനവുമില്ല. വേണമെങ്കിൽ പണയപ്പെടുത്തി ബാങ്കിൽനിന്നു ലോൺ വാങ്ങാം. പക്ഷേ, ലോൺ തിരിച്ചടയ്ക്കാൻ വരുമാനമില്ല. വർദ്ധിച്ച കൂലിയും വളം - കീടനാശിനികളുടെ വിലയും കൊടുത്ത് കൃഷി ചെയ്താൽ മുതലാകുകയില്ല. തനിയെ അധ്വാനിക്കാവുന്നതിന് ഒരു പരിധിയില്ലേ? ഇളംതലമുറയ്ക്ക് കൃഷിഭൂമി ആവശ്യമില്ല. അവർ വിവരസാങ്കേതികവിദ്യയും നഴ്സിങ്ങും പഠിച്ച് വിദേശത്തുപോകാൻ ഇഷ്ടപ്പെടുന്നവരാണ്. കൃഷിയിടങ്ങൾ കാടും പടലും കയറി തേളിനും പാമ്പിനും വാസയോഗ്യമായിരിക്കുകയാണ്.

ഈ സ്ഥിതിക്കൊരു മാറ്റം സമീപഭാവിയിലെങ്ങുമുണ്ടാകാൻ സാധ്യതയില്ല. തെങ്ങ്, കമുക്, കുരുമുളക് തുടങ്ങി ഒട്ടനവധി കാർഷികോത്പന്നങ്ങൾ കീടങ്ങളുടെ മുമ്പിൽ അടിയറവു പറഞ്ഞിരിക്കുകയാണ്. റബറിന്റെ അവസ്ഥ പറയേണ്ട കാര്യമില്ലല്ലോ. കേരളത്തിൽ ഇന്നു പണമുള്ളത് പ്രവാസികളുടെയും ഉദ്യോഗസ്ഥരുടെയും പെൻഷൻകാരുടെയും കൈയിലാണ്. അവരാരും കാർഷികാവശ്യത്തിനുവേണ്ടി ഭൂമി വാങ്ങുകയില്ല. അവർക്കുവേണ്ടത് ഫ്ളാറ്റ് അല്ലെങ്കിൽ വില്ല പണിയാൻ എട്ടോ പത്തോ സെന്റ് സ്ഥലം. ഭൂമിയുടെ വിതരണത്തിലെ അനീതിമൂലം മരിച്ചാൽ സംസ്കരിക്കാൻപോലും ഇടമില്ലാത്ത കുറെ മനുഷ്യർ ഇവിടെ ജീവിച്ചിരിപ്പുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല; പക്ഷേ, കേരളത്തിൽ ഇന്ന് 'ആവശ്യമുള്ളതിലു'മധികം ഭൂമിയുണ്ട്. പച്ചക്കറികളും മറ്റും അയൽസംസ്ഥാനങ്ങളിൽനിന്നു വാങ്ങുകയാണ്. അതതുകാലത്തെ കൃഷിമന്ത്രിമാർ കർഷകരെ പ്രോത്സാഹിപ്പിച്ചും നിർബന്ധിച്ചും കൃഷി ചെയ്യിക്കാറുണ്ടെങ്കിലും വിളവെടുപ്പിന്റെ സമയത്ത് വിലയിടിവുമൂലം വിളകൾ വലിച്ചെറിയുന്നത് സ്ഥിരം കാഴ്ചയാണ്. കപ്പ, കൈതച്ചക്ക, മത്തൻ, കുമ്പളങ്ങ, നെല്ല് എന്നുവേണ്ട മിക്ക കാർഷിക വിളകളുടെയും സ്ഥിതി ഇതാണ്.


▶ 7


# ലക്ഷദ്വീപിലെ ദുരിതപർവം




തോമസ് കുഴിഞ്ഞാലിൽ


കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപ്/മിനിക്കോയ് ദ്വീപുകളിൽ നടപ്പാക്കുന്ന വിവിധ വികസനപദ്ധതികൾക്കെതിരേ ജനരോഷം ഇരമ്പുകയാണ്. 'അറബിക്കടലിലെ പറുദീസ' എന്നു ഖ്യാതി നേടിയ അതിമനോഹരമായ ഈ ദ്വീപസമൂഹങ്ങളുടെ പൗരാണികതയും പവിത്രതയും വികസനത്തിന്റെ പേരിൽ തകർക്കപ്പെടുമെന്നു ജനം ഭയക്കുന്നു.

ബിജെപി നേതാവും ഗുജറാത്ത് സംസ്ഥാനത്തെ ആഭ്യന്തരമന്ത്രിയുമായിരുന്ന പ്രഫുൽ ഖോഡ പട്ടേൽ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റശേഷം ലക്ഷദ്വീപുകളെയും മിനിക്കോയിയെയും അടിമുടി മാറ്റിയെടുക്കാനുള്ള നിശ്ചയദാർഢ്യത്തോടെയാണ് കവരത്തിയിൽ വിമാനമിറങ്ങിയത്. കിരാതവും ജനദ്രോഹപരവുമായ ഏതാനും നിയമങ്ങളുടെ ഒരു കരടുപട്ടിക അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിലുള്ള ഭരണകൂടം അടുത്തയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി.

'ലക്ഷദ്വീപ് ഡവലപ്മെന്റ് അതോറിറ്റി റെഗുലേഷൻ - 2021' എന്ന പേരിൽ രൂപം കൊടുത്ത നിയമമനുസരിച്ച് വ്യക്തികളുടെ ഭൂമി, വികസനാവശ്യങ്ങൾക്കുവേണ്ടി പിടിച്ചെടുക്കാനും അവരെ കുടിയൊഴിപ്പിക്കാനുമുള്ള അധികാരം ഭരണകൂടത്തിനുണ്ട്. വീടുകളും ഭൂമിയും ഒഴിയുന്നതിൽ വിമുഖത കാണിക്കുന്നവർക്കെതിരേ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുള്ള വകുപ്പുകളും നിയമത്തിലുണ്ട്.

'ലക്ഷദ്വീപ് ആനിമൽ പ്രിസർവേഷൻ റെഗുലേഷൻ - 2021' നിയമമാകുമ്പോൾ പശുമാംസം വില്ക്കുകയോ ഭക്ഷിക്കുകയോ ചെയ്യുന്നതു കുറ്റകരമാണ്. നിയമലംഘകരെ കണ്ടെത്തിയാൽ ഏഴു വർഷം വരെ ജയിൽശിക്ഷയ്ക്കു വിധിക്കപ്പെടാം. നാല്ക്കാലികൾ വിരളമായ ദ്വീപുകളിൽ വളരെ ചുരുക്കം സ്ഥലങ്ങളിലേ കാലിവളർത്തലുള്ളൂ. ഇപ്പോൾ നിലവിലുള്ള ഡയറിഫാമുകളെല്ലാം സർക്കാർ ഉടമസ്ഥതയിലുള്ളതുമാണ്. എന്നാൽ, ഗോമാംസാഹാരനിരോധനനിയമത്തിന്റെ പേരിൽ ഡയറിഫാമുകളെല്ലാം അടച്ചുവെന്നും വാർത്തയുണ്ട്. ആകെ എഴുപതിനായിരത്തോളമുള്ള ജനസംഖ്യയിൽ തൊണ്ണൂറു ശതമാനവും മുസ്ലീങ്ങൾ ആയതിനാൽ മാംസാഹാരം നിരോധിക്കുന്നത് അപ്രായോഗികമാണ്.


▶ 10




വിളക്കുമരം



ഡോ. സിറിയക് തോമസ്

# മൈക്കിൾ കള്ളിവയലിൽ

# ക്രാന്തദർശിയും കർമയോഗിയും

**സ്വ**ന്തം ജന്മശതാബ്ദിക്കു മൂന്നു വർഷം മാത്രം ബാക്കിനിൽക്കെയാണ് മൈക്കിൾ കള്ളിവയലിൽ കാലത്തെ കടന്നുപോയത്. ജീവിതകാലമത്രയും അദ്ദേഹം രാജകീയമായി ജീവിച്ചുവെന്നു വേണമെങ്കിൽ പറയാം. കഴിഞ്ഞ തലമുറയിലെ കർഷകപ്രഭുവായിരുന്നു അദ്ദേഹത്തിന്റെ പിതാവ് കൊണ്ടൂപ്പറമ്പിൽ പാപ്പൻചേട്ടൻ എന്നു ജനങ്ങൾ സ്നേഹാദരങ്ങളോടെ വിളിച്ചിരുന്ന കള്ളിവയലിൽ ഏബ്രഹാം. പാപ്പൻചേട്ടന്റെ വസ്ത്രധാരണവും ശരീരഭാഷയുംപോലും പ്രൗഢമായിരുന്നു. മൻമൽ മുണ്ടും കോളറില്ലാത്ത മുറിക്കയ്യൻ ഷർട്ടുമായിരുന്നു വേഷം. എന്നാൽ, കസവിന്റെ കരയോടുകൂടിയതോ അല്ലാത്തതോ ആയ കവണി കൊണ്ട് തലപ്പാവു കെട്ടിയേ അദ്ദേഹം പുറത്തിറങ്ങിയിരുന്നുള്ളൂ. അവസാനകാലങ്ങളിൽ കൈയിൽ ഒരു വാക്കിങ്സ്റ്റിക്കുമെടുത്തിരുന്നു. കാറുകൾ വിരളമായിരുന്ന കാലത്തും കൊണ്ടൂപ്പറമ്പിൽ പാപ്പൻചേട്ടൻ കാറിലേ യാത്ര ചെയ്തിരുന്നുള്ളൂ. പള്ളിയിൽ കയറുമ്പോൾ മാത്രം ചെരുപ്പും തലപ്പാവും അഴിക്കും. രാജാവിന്റെയും ദിവാന്റെയും മുമ്പിലും മെത്രാന്മാരെ കാണുമ്പോഴും തലപ്പാവു കൈയിൽപ്പിടിക്കും.

നല്ല അധ്വാനിയായിരുന്നു പാപ്പൻചേട്ടൻ. ഒന്നാന്തരം കർഷകൻ. പാടവും പറമ്പും തോട്ടവുമായി അക്കാലത്തെ ഒരു ഭൂപ്രഭുവായിരുന്നു അദ്ദേഹം, നാട്ടുപ്രമാണിയും. അക്കാലത്ത് ആരെങ്കിലും ധാരാളിത്തം കാണിച്ചാൽ മറ്റുള്ളവർ അതിനെ ചോദ്യം ചെയ്തിരുന്നത്, 'നീയെന്താ കൊണ്ടൂപ്പറമ്പിലെയാണോ' എന്നു ചോദിച്ചായിരുന്നുവെന്നും കഥയുണ്ട്. മുണ്ടക്കയത്തിനപ്പുറത്തേക്കുള്ള ഇന്നത്തെ ഹൈറേഞ്ചുപ്രദേശങ്ങളിലേക്കു വഴിയും യാത്രാസൗകര്യങ്ങളും തീരെക്കുറവായിരുന്ന കാലത്താണ് കൊണ്ടൂപ്പറമ്പിൽ പാപ്പൻ അവിടെപ്പോയി തോട്ടങ്ങൾ വച്ചുപിടിപ്പിച്ചത്. റബറും തേയിലയും കാപ്പിയും കുരുമുളകും ഏലവുമെല്ലാം അദ്ദേഹം അവിടെ കൃഷി ചെയ്തു ലാഭകരമെന്നു തെളിയിച്ചു. സായിപ്പുമാർക്കു മാത്രമായിരുന്നു അന്ന് അവിടെ തോട്ടങ്ങൾ ഉണ്ടായിരുന്നത്. അവരോടു മത്സരിച്ചല്ല, ബുദ്ധിമാനായിരുന്ന കള്ളിവയലിൽ പാപ്പൻ സായിപ്പന്മാരോടു സഹകരിച്ചും അവരോടു സൗഹൃദം സ്ഥാപിച്ചുമാണ് ഹൈറേഞ്ചിലേക്കു തന്റെ തോട്ടവ്യവസായ സാമ്രാജ്യത്തെ വികസിപ്പിച്ചത്.

ഏതു മാനദണ്ഡം വച്ചു വിലയിരുത്തിയാലും, ഏബ്രഹാം കള്ളിവയലിൽ എന്ന കൊണ്ടൂപ്പറമ്പിൽ പാപ്പൻ ഒരു പ്രതിഭാശാലിതന്നെയായിരുന്നു. മക്കളും ഒട്ടും മോശക്കാരായില്ല എന്നാണ് അവരുടെ ജീവിതസാക്ഷ്യവും. മൂത്ത മകൻ ജോസ് കള്ളിവയലിൽ രാഷ്ട്രീയത്തിലും താത്പര്യമെടുത്തിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ അനുഭാവിയായിരുന്ന ജോസ് ഐക്യകേരളപ്രസ്ഥാനത്തിന്റെ ട്രഷററുമായിരുന്നു. പട്ടംതാണുപിള്ള, കെ. കേളപ്പൻ, കെ.പി. മാധവൻനായർ, ഇക്കണ്ടവാര്യർ, കെ.എ. ദാമോദരമേനോൻ തുടങ്ങിയവരായിരുന്നു ഐക്യകേരളപ്രസ്ഥാനത്തിന്റെ നേതാക്കൾ.

മൈക്കിൾ എ. കള്ളിവയലിൽ ആയിരുന്നു മക്കളിൽ ഇളയയാൾ. ഉന്നതവിദ്യാഭ്യാസം നേടിവന്ന മൈക്കിൾ പിതാവിനോടൊപ്പം തോട്ടവിളകൾ വൻതോതിൽ കൃഷി ചെയ്യുന്നതിലും അതിൽ ആധുനികസാങ്കേതികസാധ്യതകൾ തേടുന്നതിലും അപാരമായ ധൈര്യവും ഉൾക്കാഴ്ചയുമാണ് പ്രകടിപ്പിച്ചത്. ആ രംഗത്തു നിരന്തരമായ പുത്തൻ പരീക്ഷണങ്ങൾക്ക് സാഹസികമായ മനോധൈര്യം കാണിക്കുകയും ചെയ്തു.

മൈക്കിൾ ഒരിക്കലും ഒരു ദന്തഗോപുരവാസി ആയിരുന്നില്ല. ജനങ്ങളോടു ചേർന്നും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും ജീവിച്ചതുകൊണ്ടു സമൂഹത്തിലെ എല്ലാത്തലത്തിലുള്ളവരുമായും മൈക്കിൾ കള്ളിവയലിനു ബന്ധമുണ്ടായിരുന്നു. എല്ലാവരും അദ്ദേഹത്തെ സ്നേഹത്തോടെ അപ്പച്ചൻ എന്നാണു വിളിച്ചിരുന്നത്. തന്റെ ജീവിതസമ്പ്രദായങ്ങളിലും ജീവിതശൈലിയിലും ഒരുതരം 'ആഢ്യത്വം' പുലർത്തുന്നതിൽ മൈക്കിൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. ശാന്തമായാണ് എല്ലാവരോടും സംസാരിച്ചിരുന്നതും ഇടപെട്ടിരുന്നതും. തോട്ടങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യാർത്ഥം അദ്ദേഹം പീരുമേട്ടിലേക്കു താമസം മാറ്റുകയും ചെയ്തു. അമ്മമഹാറാണിയുടെ വേനൽക്കാലവസതിയായിരുന്ന കൊട്ടാരമാണ് മൈക്കിൾ താമസത്തിനായി വാങ്ങിച്ചത്. അതിന്റെ ഭംഗിയും പ്രൗഢിയും മങ്ങലേല്ക്കാതെ നിലനിർത്തുന്നതിലും വളരെ ശ്രദ്ധാലുവായിരുന്നു മൈക്കിൾ. വിവാഹം ചെയ്തത് പാലാ (ഇടമറ്റം) കുരുവിനാക്കുന്നേൽ (കോളഭാഗം) ജോസഫ് തോമസ് കുരുവിനാക്കുന്നേലിന്റെയും അന്നമ്മ (പെണ്ണമ്മ) കരിപ്പാപ്പറമ്പിലിന്റെയും മകൾ മറിയമ്മയെയും. 'മെയ്ഡ് ഫോർ ഈച്ച് അദർ' വിഭാഗത്തിൽപ്പെടുന്ന ദമ്പതികളായിരുന്നു അവർ.

കഴിഞ്ഞ കാൽനൂറ്റാണ്ടു കാലമായി എല്ലാ വർഷവും വലിയ ആഴ്ചയിൽ വടവാതൂർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്ന 'കുടുംബധ്യാന'ത്തിൽ അവരിരുവരും കൃത്യമായി പങ്കെടുക്കുന്നതു കണ്ടു ഞങ്ങൾ അദ്ഭുതപ്പെട്ടിട്ടുണ്ട്. സമയം പാലിക്കുന്നതിൽ കള്ളിവയലിൽ ദമ്പതികൾ ഞങ്ങൾക്കെല്ലാവർക്കും മാതൃകയായിരുന്നു. പല വർഷങ്ങളിലും കെ.എം. മാണിയും പത്നിയും ഈ ധ്യാനത്തിനു വന്നിരുന്നു. അവരും കൃത്യമായി സമയക്രമം പാലിച്ചിരുന്നു. ഒരുപക്ഷേ, അവരുടെയൊക്കെ ജീവിതവിജയത്തിന്റെ ഒരു രഹസ്യവും ഇത്തരം ചിട്ടകൾ കൃത്യമായി പാലിച്ചിരുന്നതാവാം. എന്നാൽ, ഭക്തിയുടെ അതിപ്രസരമൊന്നും അവരൊരിക്കലും കാണിച്ചിരുന്നുമില്ല. പരമ്പരാഗതശൈലിയിലുള്ള ധ്യാനമായിരുന്നല്ലോ വടവാതൂർ ധ്യാനത്തിന്റെ പ്രധാന ആകർഷണവും.



ദീർഘകാലം റബർബോർഡിലും അംഗമായിരുന്നു മൈക്കിൾ. ഒരിക്കൽ റബർബോർഡിന്റെ വൈസ് ചെയർമാനുമായി. നാണ്യവിളകളുടെ വിലസ്ഥിരതയ്ക്കായുള്ള പരിശ്രമങ്ങൾക്ക് എന്നും മുൻനിരയിൽത്തന്നെ അദ്ദേഹം നിലകൊണ്ടു. തന്റെ വിപുലമായ സൗഹൃദബന്ധങ്ങളെ അക്കാര്യത്തിൽ അദ്ദേഹം നന്നായി ഉപയോഗിക്കുകയും ചെയ്തു.

ജന്മദേശമായ പൈകയിൽ അദ്ദേഹം ഒരു ക്രംപ് റബർ ഫാക്ടറി സ്ഥാപിക്കുവാനും സാഹസം കാട്ടി. അവിടെ ഒട്ടേറെ പ്രതിബന്ധങ്ങളെയും സമരങ്ങളെയുമൊക്കെ മറികടന്നാണ് മൈക്കിൾ കള്ളിവയലിൽ അതിനെ നിലനിർത്തിയത്. പിന്നീടതു മകൻ ജോസഫിന്റെ ചുമതലയിൽ പൂർണമായി വിട്ടുകൊടുത്തുകൊണ്ട് മകനിലുള്ള തന്റെ വിശ്വാസത്തെയും പ്രതീക്ഷയെയും ഉറപ്പിക്കുകയും ചെയ്തു. താൻ സ്ഥാപിച്ചു നടത്തിയ കൂട്ടിക്കൽ മർഫി സ്കൂളും മകനെയാണ് അദ്ദേഹം ഏല്പിച്ചത്. സ്വന്തം പിതാവ് കൊണ്ടൂപ്പറമ്പിൽ പാപ്പന്റെ സ്മരണയ്ക്കായി മുണ്ടക്കയത്തു മറ്റൊരു ഇംഗ്ലീഷ് മീഡിയം സ്കൂളും അദ്ദേഹം സ്ഥാപിച്ചു. തന്റെ തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്കു നല്ല വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യവും അതിന്റെ പിന്നിലുണ്ടായിരുന്നു.

വൈദികനായിരിക്കേ, മാർ മാത്യു അറയ്ക്കൽ പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി സ്ഥാപിച്ചു നടത്തുമ്പോഴാണ് മൈക്കിളുമായിച്ചേർന്ന് കുട്ടിക്കാനം മരിയൻ കോളജിന്റെ പ്രാരംഭകാലപ്രവർത്തനങ്ങളിലേർപ്പെടുന്നത്. മരിയൻ കോളജിന്റെ ഇന്നത്തെ പ്രശസ്തിക്കു പിന്നിൽ മൈക്കിൾ കള്ളിവയലിന്റെ മാർഗനിർദേശങ്ങളും കലവറയില്ലാത്ത സഹകരണവുമുണ്ടായിരുന്നു. കോളജിന്റെ വിശേഷസന്ദർഭങ്ങളിലെല്ലാം പ്രായവും അനാരോഗ്യവും അവഗണിച്ചു മൈക്കിൾ പങ്കെടുത്തിരുന്നതും എനിക്കോർമയുണ്ട്.

ഉറച്ച ഒരു വിശ്വാസിയായിരുന്നു മൈക്കിൾ കള്ളിവയലിൽ. വയലിൽപ്പിതാവിന്റെ കാലംമുതൽ പാലാ രൂപതയുമായും അദ്ദേഹം ദൃഢമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. കേരള കാത്തലിക് ട്രസ്റ്റിന്റെ പ്രസിഡന്റായിരുന്നു മൈക്കിൾ. കോട്ടയത്ത് കെ.കെ. റോഡിനരികിൽ വളരെ വിശാലമായ വളപ്പും മൂന്നുനില മന്ദിരവുമായി കാത്തലിക് ട്രസ്റ്റിനെ സാന്നിധ്യമറിയിക്കുന്ന സ്ഥാപനമായി മാറ്റുന്നതിന്റെ മുഖ്യശില്പി, കാൽനൂറ്റാണ്ടുകാലം അതിന്റെ പ്രസിഡന്റായിരുന്ന മൈക്കിൾ കള്ളിവയലിലായിരുന്നു.

ഒന്നാന്തരം ഇംഗ്ലീഷായിരുന്നു മൈക്കിളിന്റേത്. ഓരോരുത്തരോടും എങ്ങനെ സംസാരിക്കണമെന്നും ഇടപെടണമെന്നും അദ്ദേഹത്തിനു കൃത്യമായി അറിയാമായിരുന്നു. നല്ല ഒരു ആതിഥേയനുമായിരുന്നു മൈക്കിൾ. എല്ലാറ്റിലും ഒരു 'ക്ലാസ്' നിലവാരം പുലർത്തുന്നതിലും മൈക്കിൾ എപ്പോഴും ശ്രദ്ധിച്ചിരുന്നുവെന്നതാണ് യാഥാർത്ഥ്യം.

വേദപുസ്തകവെളിച്ചത്തിൽ പറഞ്ഞാൽ, ദീർഘായുസ്സായിരുന്നു അദ്ദേഹത്തിന് അനുഗ്രഹമായി കിട്ടിയത്. കർമയോഗിയായിരുന്നു അദ്ദേഹം, ക്രാന്തദർശിയും. താൻ ജനിച്ച നാടിനെയും ജീവിച്ച ദേശത്തെയും അദ്ദേഹം ഹൃദയത്തോടു ചേർത്തുവച്ചു. കുടുംബപ്രശസ്തിയെ ഒന്നുകൂടി ഉയർത്തി. സന്തോഷകരമായ ബാല്യവും സാഹസികമായ യൗവനവും പ്രൗഢമായ മധ്യവയസ്സും ആനന്ദകരമായ വാർദ്ധക്യവുംകൊണ്ടാണ് ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചത്. എല്ലാ അർത്ഥത്തിലും അദ്ദേഹം അനുഗൃഹീതനായി ജീവിച്ചു.

■

## വായന

### കുടക്കച്ചിറ അന്തോനിക്കത്തനാർ

ഗ്രന്ഥകർത്താ : അനിൽ മാനുവൽ
പ്രസാധനം : പാറേമ്മാക്കൽ തോമാക്കത്തനാർ റിസേർച്ച് സെന്റർ, രാമപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




തികഞ്ഞ സമുദായാഭിമാനിയും പ്രഗല്ഭനും കേരളീയസുറിയാനിക്കാർക്കു സ്വജാതി മെത്രാനെ കിട്ടുന്നതിനുള്ള യത്നത്തിൽ ജീവൻ ബലി കഴിച്ച ത്യാഗിവര്യനുമായ കുടക്കച്ചിറ അന്തോനിക്കത്തനാരെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥം.

# മാധ്യമസ്വാതന്ത്ര്യം

## പ്രതീക്ഷകൾ നൽകുന്ന സുപ്രീംകോടതിവിധി



പ്രഫ. റോണി കെ. ബേബി

> **സ്വതന്ത്രമാധ്യമപ്രവർത്തനവും മാധ്യമസ്വാതന്ത്ര്യവും അവസാനിക്കുന്നിടത്ത്, ആരംഭിക്കുന്നത് ഏകാധിപത്യവും സമഗ്രാധിപത്യവുമാണ്. മാധ്യമങ്ങളെ നിശ്ശബ്ദരാക്കാൻ ഒരു ഭരണകൂടം ശ്രമിക്കുന്നുവെങ്കിൽ അതിന്റെ അർത്ഥം അവർ ജനാധിപത്യത്തെ ഭയപ്പെടുന്നുവെന്നാണ്.**




**വ**ളരെയധികം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ മാധ്യമരംഗത്തിനു വലിയ ആശ്വാസവും പ്രതീക്ഷയും നല്കുന്നതാണ് ഏതാനും ആഴ്ചകൾക്കുമുമ്പുണ്ടായ സുപ്രീം കോടതി വിധി. 'ഭരണകൂടത്തെയും അതിൽ പ്രവർത്തിക്കുന്നവരെയും വിമർശിക്കാൻ പൗരന് അവകാശമുണ്ട്' എന്ന സുപ്രധാന നിരീക്ഷണമാണ് വിനോദ് ദുവ കേസിൽ കഴിഞ്ഞ മാസം സുപ്രീം കോടതി നടത്തിയത്.

പ്രധാനമന്ത്രിക്കെതിരായ വിമർശനം രാജ്യദ്രോഹമായി കണക്കാക്കാൻ സാധിക്കില്ലെന്നു വിലയിരുത്തി മാധ്യമപ്രവർത്തകൻ വിനോദ് ദുവയ്ക്കെതിരായ രാജ്യദ്രോഹക്കേസ് റദ്ദാക്കിക്കൊണ്ടാണ് സുപ്രീംകോടതി ഈ സുപ്രധാനനിരീക്ഷണം നടത്തിയത്. മാധ്യമപ്രവർത്തകർക്ക് രാജ്യദ്രോഹക്കേസിൽനിന്നു സംരക്ഷണം വേണമെന്നും ജസ്റ്റീസ് യു.യു. ലളിത്, വിനീത് ശരൺ എന്നിവർ അടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. കേദാർ സിംഗ് കേസിൽ സുപ്രീംകോടതിയുടെ 1962 ലെ ഉത്തരവ് പ്രകാരം മാധ്യമപ്രവർത്തകർ ഇത്തരം വകുപ്പുകളിൽ സംരക്ഷിക്കപ്പെടേണ്ടതാണെന്നും വിനോദ് ദുവ കേസിൽ സുപ്രീംകോടതി ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിലെ മാധ്യമസ്വാതന്ത്ര്യം വളരെ അപകടകരമായ നിലവാരത്തിലാണ് എന്ന് അന്തർദേശീയ തലത്തിൽത്തന്നെ വലിയ വിമർശനങ്ങൾ ഉയരുമ്പോഴാണ് ആശ്വാസം പകരുന്ന ഇത്തരമൊരു വിധി സുപ്രീം കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഭരണകൂടത്തിനു മുമ്പിൽ രാജ്യത്തെ ഉന്നത നീതിപീഠം മുട്ടിലിഴയുന്നു എന്ന വലിയ വിമർശനങ്ങൾക്കു കാരണമായ വിവാദമായ നിരവധി വിധിന്യായങ്ങൾക്കുശേഷം പൗരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽനിന്ന് ഇനിയും പ്രതീക്ഷയ്ക്കു വകയുണ്ട് എന്നുകൂടി ഈ കോടതി വിധിയോടെ തെളിയുകയാണ്.

2020 ലെ ഡൽഹി കലാപവുമായി ബന്ധപ്പെട്ടുള്ള യുട്യൂബ് പരിപാടിയിൽ പ്രധാനമന്ത്രിയെയും കേന്ദ്രസർക്കാരിനെയും വിനോദ് ദുവ അപമാനിച്ചെന്നു ചൂണ്ടിക്കാട്ടി ബി.ജെ.പി. നേതാവ് അജയ് ശ്യാം നൽകിയ പരാതിയിൽ ഹിമാചൽപ്രദേശ് പോലീസ് എടുത്ത കേസാണ് മാധ്യമസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെ ഈ സുപ്രധാനപരാമർശത്തിന് ഇടയാക്കിയത്. 'മരണവും ഭീകരാക്രമണവുമെല്ലാം വോട്ടു നേടാൻ നരേന്ദ്ര മോദി ദുരുപയോഗിക്കുന്നു'വെന്ന വിനോദ് ദുവയുടെ പരാമർശം ദുരുദ്ദേശ്യപരമാണെന്നു ചൂണ്ടിക്കാട്ടി ഇന്ത്യൻ ശിക്ഷാനിയമം 124 എ പ്രകാരമാണ് വിനോദ് ദുവയ്ക്കെതിരേ ബിജെപി ഭരിക്കുന്ന ഹിമാചൽ പ്രദേശിലെ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ, പൊതുശല്യം, തെറ്റുധാരണ പരത്തൽ തുടങ്ങിയ കുറ്റങ്ങളും എഫ്.ഐ.ആറിൽ ചുമത്തിയിരുന്നു. ഇതിനെതിരേയാണ് വിനോദ് ദുവ സുപ്രീംകോടതിയെ സമീപിച്ചത്. 1962 ലെ കേദാർനാഥ് സിങ് കേസിലെ വിധി പ്രകാരം ഓരോ മാധ്യമപ്രവർത്തകനും സംരക്ഷണമുണ്ട് എന്ന് അടിവരയിട്ടു പറയുകയാണ് സുപ്രീം കോടതി വിനോദ് ദുവ കേസിൽ ചെയ്തിരിക്കുന്നത്. (2008 ൽ പത്മശ്രീ പുരസ്കാരം നേടിയ ആളാണ് വിനോദ് ദുവ)

പ്രധാനമന്ത്രിയെയും കേന്ദ്രസർക്കാരിനെയും വിമർശിച്ചു എന്നത് രാജ്യദ്രോഹക്കുറ്റം ചുമത്താൻ കാരണമല്ലെന്ന് സുപ്രീംകോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിനെയും അതിനെ നയിക്കുന്ന ആളെയും വിമർശിക്കാൻ പൗരന് അവകാശമുണ്ട്. പ്രതികരണങ്ങളും പ്രവൃത്തികളും പൊതുസമൂഹത്തെ അക്രമത്തിനു പ്രേരിപ്പിക്കാത്തിടത്തോളം അതു കുറ്റകരമല്ല. 1962ലെ കേദാർനാഥ് സിങ് കേസിലെ സുപ്രീംകോടതിയുടെ വിധി അഭിപ്രായപ്രകടനവിഷയത്തിൽ എല്ലാ പൗരന്മാർക്കുമുള്ള സംരക്ഷണമാണ്. സർക്കാരിനെതിരായ വിമർശനം രാജ്യദ്രോഹത്തിന്റെ പരിധിയിൽ വരില്ല എന്ന് അന്നത്തെ വിധിയിൽ വളരെ വ്യക്തമായി സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. ഈ സംരക്ഷണം മാധ്യമപ്രവർത്തകർക്കും അവകാശപ്പെട്ടതാണെന്ന് വിനോദ് ദുവ കേസിൽ സുപ്രീം കോടതി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നു.

ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യം ബന്ധപ്പെട്ട് വളരെ പരിതാപകരവും അപകടകരവുമായ സ്ഥിതിയിലാണെന്ന് അന്തർദേശീയ പഠനങ്ങളും നിരീക്ഷണങ്ങളും വരുമ്പോഴാണ് പ്രതീക്ഷ നൽകുന്ന ഈ വിധി ഉണ്ടായിരിക്കുന്നത്.

ഇന്ത്യയിൽ മാധ്യമപ്രവർത്തനത്തിനു മോശം സാഹചര്യമാണെന്നും മാധ്യമസ്വാതന്ത്ര്യം അപകടകരമായ സ്ഥിതിയിലാണെന്നും വിലയിരുത്തി ആഗോളമാധ്യമസ്വാതന്ത്ര്യനിരീക്ഷണസംഘടനയായ ആർഎസ്എഫ് ഏപ്രിൽമാസം തയ്യാറാക്കിയ റിപ്പോർട്ട് അന്തർദേശീയതലത്തിൽ വലിയ ചർച്ചകൾക്കു കാരണമായിരുന്നു. പാരീസ് ആസ്ഥാനമായ ആർ എസ്എഫ് ലോകത്തിലെ 180 രാജ്യങ്ങളെ മാധ്യമസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചപ്പോൾ ഇന്ത്യ എത്തിയത് 142-ാം സ്ഥാനത്താണ്. മാധ്യമങ്ങൾക്കുമേൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും കേന്ദ്രസർക്കാരിന്റെയും പിടിമുറുകുകയാണെന്നാണ് ഇന്ത്യയെക്കുറിച്ചുള്ള ആർ എസ്എഫ് ലോകമാധ്യമസ്വാതന്ത്ര്യസൂചികയിലെ പരാമർശം. തങ്ങളുടെ ജോലി നിർവഹിക്കാൻ മാധ്യമപ്രവർത്തകർക്ക് ഏറ്റവും ബുദ്ധിമുട്ടുള്ള രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യയെന്നും 2019 ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം നരേന്ദ്രമോദിയെ പിന്തുണയ്ക്കുന്ന തീവ്രവലതുപക്ഷ ഹിന്ദു ആശയസംഹിതകൾക്കു വഴങ്ങാൻ മാധ്യമങ്ങൾ സമ്മർദത്തിലാണെന്നും ആർഎസ്എഫ് റിപ്പോർട്ടിൽ പറയുന്നു. 2020 ലെ ആഗോളജനാധിപത്യസൂചികയിലും ഇന്ത്യയിലെ മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ച് സമാന പരാമർശങ്ങളുണ്ട്.

2020 ലെ മാധ്യമസ്വാതന്ത്ര്യസൂചികയിലും ഇന്ത്യ 142-ാം സ്ഥാനത്തായിരുന്നു. ഇത്തവണ ഇന്ത്യയുടെ മൊത്തം പോയിന്റ് കുറഞ്ഞിട്ടുണ്ട്. 2013 മുതലുള്ള കണക്കനുസരിച്ച് സൂചികയിൽ ഏറ്റവും താഴ്ന്ന നിലയിലാണ് ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥാനം.

ഇന്ത്യയിലെ മാധ്യമപ്രവർത്തകർ വംശനാശഭീഷണിയെ നേരിടുകയാണെന്നാണ് ഇന്ത്യയിലെ മാധ്യമരംഗത്തെ കുലപതിയായ എൻ. റാം അഭിപ്രായപ്പെട്ടത്. ജനാധിപത്യത്തിലെ നാലാമത്തെ തൂണാണ് മാധ്യമങ്ങൾ. സ്വതന്ത്രമാധ്യമപ്രവർത്തനവും മാധ്യമസ്വാതന്ത്ര്യവും അവസാനിക്കുന്നിടത്ത് ആരംഭിക്കുന്നത് ഏകാധിപത്യവും സമഗ്രാധിപത്യവുമാണ്. മാധ്യമങ്ങളെ നിശ്ശബ്ദരാക്കാൻ ഒരു ഭരണകൂടം ശ്രമിക്കുന്നുവെങ്കിൽ അതിന്റെ അർത്ഥം അവർ ജനാധിപത്യത്തെ ഭയപ്പെടുന്നു എന്നാണ്.

സ്വതന്ത്രമാധ്യമപ്രവർത്തനം ഇന്ത്യയിൽ വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ് എന്നത് യഥാർത്ഥ വസ്തുതതന്നെയാണ്. സ്വതന്ത്രമാധ്യമപ്രവർത്തനം നടത്തുകയും സ്വതന്ത്രചിന്തകൾ ഉയർത്തിപ്പിടിക്കുകയും ചെയ്ത നിരവധി മാധ്യമപ്രവർത്തകരാണ് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇന്ത്യയിൽ വധിക്കപ്പെടുകയോ നിശ്ശബ്ദരാക്കപ്പെടുകയോ ചെയ്തത്. ഗൗരി ലങ്കേഷ് മുതൽ കൽബുർഗിവരെ ഈ പട്ടിക നീണ്ടതാണ്. പെരുമാൾ മുരുഗനെപ്പോലെയുള്ള അസംഖ്യം എഴുത്തുകാർ നിശ്ശബ്ദരാക്കപ്പെട്ടു. രാജ്യത്തെ മാധ്യമരംഗത്ത് മുൻനിരയിലുള്ള എൻഡിടിവി ക്കെതിരെയും പ്രണോയ് റോയിക്കെതിരെയും നടന്ന വേട്ടയാടലുകൾ സമാനതകളില്ലാത്തതാണ്. 'നരേന്ദ്ര മോദി പ്രധാനമന്ത്രിയായ ഇന്ത്യയിൽ താൻ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല' എന്ന ജ്ഞാനപീഠപുരസ്കാരജേതാവായ യു ആർ അനന്തമൂർത്തിയുടെ വാക്കുകൾ എത്രമാത്രം ദീർഘവീക്ഷണമുള്ളതായിരുന്നു എന്ന് നമ്മൾ ഇപ്പോൾ മനസ്സിലാക്കുന്നു. മഹേശ്വതാദേവിയെപ്പോലെ മറ്റു പ്രശസ്തരായ പല എഴുത്തുകാരും ജ്ഞാനപീഠപുരസ്കാരജേതാക്കളും സമാനമായ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. സ്വതന്ത്രമായി അഭിപ്രായം പറഞ്ഞതിന്റെ പേരിൽ നൊബേൽ പുരസ്കാരജേതാക്കളായ അമർത്യാസെന്നും കൈലാഷ് സത്യാർത്ഥിയും വേട്ടയാടപ്പെട്ടത് നമ്മുടെ രാജ്യത്തുതന്നെയാണ്. മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ചും സ്വതന്ത്രചിന്തയെക്കുറിച്ചും ഇത്തരത്തിലുള്ള ആകുലപ്പെടുത്തുന്ന വാർത്തകൾക്കിടയിൽ തീർച്ചയായും പ്രതീക്ഷ നൽകുന്നതാണ് വിനോദ് ദുവ കേസിലെ സുപ്രീം കോടതിയുടെ വിധി.

■

ദളം രണ്ട്

# ഉണ്ണീരിയമ്മ പറഞ്ഞ കഥകൾ





**മോബിൻ മോഹൻ**

ഇട്ടിണ്ടാൻ വലിയ സങ്കടത്തോടെയാണ് ഉണ്ണീരിയമ്മയുടെ അടുത്തേക്കു വന്നത്.

"എവിടെ കുട്ടിപ്പട്ടാളം?"

ഉണ്ണീരിയമ്മയുടെ ചോദ്യത്തിന് ഉത്തരം പറയും മുമ്പേ അവൻ വിങ്ങിപ്പൊട്ടി. "എന്താ കുട്ട്യേ എന്തുപറ്റി?"

"കുഞ്ഞുണ്ണീം അമ്മാളൂം ജോണിക്കുട്ടീം പാടത്ത് ബലൂൺ പറത്തി കളിക്ക്യാ. പിടിവിട്ടാൽ ആകാശത്തേക്കു പൊങ്ങിപ്പറക്കണെ ബലൂൺ. എന്നെ കളിക്കു കൂട്ടിയില്ല. ഞാൻ വഴക്കാളി ആണത്രേ... ആണോ ഉണ്ണിയമ്മേ?"

"അങ്ങനെ പറഞ്ഞോ എങ്കിൽ അതൊന്നു ചോദിക്കണമല്ലോ, അവര് ഇങ്ങു വരട്ടെ."

ഉണ്ണീരിയമ്മ ഇട്ടിണ്ടാനെ ആശ്വസിപ്പിച്ച് ഒരു ഉണ്ണിയപ്പവും കൊടുത്തു. അത് കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് മൂവർസംഘം വലിയ ഉത്സാഹത്തോടെ അവിടേക്കു വരുന്നത്. അന്തരീക്ഷത്തിൽ പാറിക്കളിക്കുന്ന ബലൂണുകളുമായി വരുന്ന കുഞ്ഞുണ്ണിയെയും അമ്മാളുവിനെയും ജോണിക്കുട്ടിയെയും കണ്ടപാടേ ഇട്ടിണ്ടാൻ ചിണുങ്ങിക്കൊണ്ട് പിന്നാമ്പുറത്തേക്കു പോയി.

"നിങ്ങളെന്താ ഇട്ടിണ്ടാനെ കൂട്ടാത്തത്?" ഉണ്ണീരിയമ്മ ചോദിച്ചു.

അമ്മാളുവാണ് മറുപടി പറഞ്ഞത്:

"ഇട്ടിണ്ടാന്റെ കൈയിൽ നിറയെ കുസൃതിയാ. ബലൂൺ പൊട്ടിച്ചുകളയും ഉണ്ണിയമ്മേ." ഉണ്ണീരിയമ്മ തന്റെ ചാരുകസേരയിൽ ഇരുന്നു. മൂവരും ഉണ്ണീരിയമ്മയ്ക്കു ചുറ്റുമിരുന്നു.

"ഈ ബലൂണുകൾ ആകാശത്തേക്കു പൊങ്ങിപ്പറക്കുന്നതിന്റെ കാര്യം എന്തെന്ന് അറിയോ?"

"ഹൈഡ്രജൻ." അമ്മാളു ഉത്തരം പറഞ്ഞു. "അതേ, വായുവിനേക്കാൾ സാന്ദ്രത കുറഞ്ഞ ഹൈഡ്രജനാണ് ഈ ബലൂണിൽ നിറച്ചിരിക്കുന്നത്. അതുകൊണ്ടാണ് പിടിവിട്ടാൽ അത് പറന്നു പോകുന്നത്. ഹൈഡ്രജന്റെ എന്തൊക്കെ പ്രത്യേകതകൾ നിങ്ങൾക്കറിയാം."

"സ്വയം കത്തുന്ന വാതകമാണ്." കുഞ്ഞുണ്ണി പറഞ്ഞു.

"അതെ, വലിയ സ്ഫോടനസ്വഭാവം ഹൈഡ്രജനുണ്ട്. ഉയർന്ന കലോറികമൂല്യമുള്ള ഇന്ധനമാണ് ഹൈഡ്രജനെങ്കിലും അപകടസാധ്യത ഉള്ളതിനാൽ സാധാരണയായി അത് ഉപയോഗിക്കുന്നില്ല."

"അപ്പോ ഈ ഹൈഡ്രജൻ ഒരു കുഴപ്പക്കാരനാണ് അല്ലേ ഉണ്ണിയമ്മേ?"

അമ്മാളു ചോദിച്ചു.

ഉണ്ണീരിയമ്മയുടെ മുഖത്ത് ഒരു ചിരി വിടർന്നു.

"ആട്ടെ, നിങ്ങൾക്ക് ഇനി ഓക്സിജനെപ്പറ്റി എന്തറിയാം?"

ഉണ്ണീരിയമ്മയുടെ ചോദ്യം കേട്ടപാടെ ജോണിക്കുട്ടിയാണ് എല്ലാവരെയും കടത്തിവെട്ടി ഉത്തരം പറഞ്ഞത്:


"ഓക്സിജൻ നമ്മുടെ പ്രാണവായു അല്ലേ. ശ്വസിക്കാനും നമുക്ക് ജീവിക്കാനും ഓക്സിജൻ കൂടിയേതീരൂ."

"ശരിയാണ് കുട്ടികളേ, ഓക്സിജൻ ഇല്ലാതെ ജീവൻ അസാധ്യം. കത്താൻ സഹായിക്കുന്ന വാതകവും ഓക്സിജനാണ്."

മൂവർസംഘം സന്തോഷത്തോടെ പരസ്പരം നോക്കി. ഉണ്ണീരിയമ്മ തുടർന്നു. "എങ്കിൽ നിങ്ങളോട് ഒരു ചോദ്യം: ഹൈഡ്രജനും ഓക്സിജനും ചേർന്നാൽ എന്തുണ്ടാകും?"

കൂട്ടത്തിൽ മുതിർന്നവനായ കുഞ്ഞുണ്ണിയാണ് അതിന് ഉത്തരം നൽകിയത്, "ജലം." ഉണ്ണീരിയമ്മ മൂവരോടുമായി പറഞ്ഞു:

"നോക്കൂ, സ്വയം കത്തുന്ന സ്ഫോടനസ്വഭാവമുള്ള ഹൈഡ്രജനൊപ്പം ജീവവായുവായ ഓക്സിജൻ ചേർന്നപ്പോൾ അത് ജലമായി മാറി. ജീവന്റെ നിലനില്പിന് ആധാരമായ ജലം, ജലമില്ലാതെ ജീവിതമില്ല. പച്ചപ്പില്ല. നോക്കൂ ഇങ്ങനെയാണ് നല്ല സൗഹൃദവും. നല്ല സുഹൃത്തുക്കളോടൊപ്പം ചേരുമ്പോൾ നല്ല കൂട്ടായ്മകൾ ഉണ്ടാവുന്നു.



ജലംപോലെ മുന്നോട്ട് ഒഴുകാൻ സാധിക്കുന്നു."

ഇട്ടിണ്ടാന്റെ കാര്യമാണ് ഉണ്ണീരിയമ്മ പറയുന്നതെന്ന് മൂവർക്കും മനസ്സിലായി. അവർക്കു സങ്കടം തോന്നി.

"സാരമില്ല, അവനെയും നിങ്ങളോടൊപ്പം ചേർത്താൽ മതി." ഉണ്ണീരിയമ്മ പറഞ്ഞു. പറക്കുംബലൂണുകൾ പാടത്ത് പറത്തിക്കളിക്കാനായി ഇട്ടിണ്ടനെ വിളിക്കാൻ മൂവർസംഘം പിന്നാമ്പുറത്തേക്കു പോയി.

*(തുടരും)*

---



ശ്രേഷ്ഠമലയാളം

**ഡോ. ഡേവിസ് സേവ്യർ**

# ചങ്ക്

അന്യഭാഷാപദങ്ങൾ മലയാളമാക്കുമ്പോൾ രൂപവും അർത്ഥവും മാറിപ്പോകാറുണ്ട്. കാലംകൊണ്ടാണ് പല വികാരങ്ങളും സംഭവിക്കുന്നത്. സംസ്കൃതത്തിലെ ശംഖിന്റെ രൂപാന്തരമാണ് മലയാളത്തിലെ ചങ്ക് (ശംഖം – ശംഖ് – ചങ്ക്) സമുദ്രത്തിൽനിന്നുകിട്ടുന്ന ഒരു വസ്തുവാണ് ശംഖം അഥവാ ശംഖ് (Conch Shell). ക്ഷേത്രത്തിലെ ചടങ്ങുകളിലും മറ്റു ചില കർമ്മങ്ങളിലും മംഗളവാദ്യമായും ചില തരം വേളകളിലെ വാദ്യങ്ങളിൽ ഒന്നായും ശംഖ് ഉപയോഗിക്കുന്നു (ഒരറ്റത്തു ദ്വാരമുണ്ടാക്കി അതിലൂടെ ഊതുമ്പോൾ മുഴക്കമുള്ള ഒരുതരം നാദം പുറപ്പെടും). യുദ്ധാരംഭം കുറിക്കാനും പണ്ട് ശംഖനാദം മുഴക്കിയിരുന്നു.

ശംഖിന്റെ തദ്ഭവമായ ചങ്കിന് മലയാളത്തിൽ ഹൃദയം എന്നാണ് പ്രസിദ്ധമായ അർത്ഥം. കൂടാതെ കഴുത്ത്, തൊണ്ട, നെഞ്ച് തുടങ്ങിയ വിവക്ഷിതങ്ങളും ചങ്ക് എന്ന പദത്തിനുണ്ട്. ചങ്ക് + ഊറ്റമാണ് ചങ്കൂറ്റമാകുന്നത്. ചങ്കുറപ്പാണ് ചങ്കൂറ്റം. ശംഖുപുഷ്പം മലയാളത്തിൽ ചങ്കുപുഷ്പവുമാകും. എന്നാൽ, ഹൃദയത്തിന് ശംഖ് എന്ന് ആരും പറയില്ല. ശംഖിന്റെ രൂപവും അർത്ഥവും കാലംകൊണ്ട് മാറി എന്നു സാരം. ദേഷ്യം (കോപം), ദ്വേഷം (വെറുപ്പ്), അരത്തം (കുരുതി), രക്തം (blood), ശമ്പളം (salary), ശംബളം (പൊതിച്ചോറ്) മുതലായവ കാലംകൊണ്ട് രൂപവും അർത്ഥവും മാറിപ്പോയ വാക്കുകളാണ്.

ഇരട്ടച്ചങ്ക്, ചങ്ക്സ്, ചങ്ക്ബ്രോ, ചങ്കാണ് പാലാ തുടങ്ങിയ പ്രയോഗങ്ങളിലെ ചങ്ക് ഹൃദയവുമായി ബന്ധപ്പെട്ടവയാണല്ലോ. ഒന്നിനോടുള്ള ഇഷ്ടം കൂടുമ്പോൾ, അവയെ ചങ്ക് എന്നു വിശേഷിപ്പിക്കുന്ന പ്രവണത ഇപ്പോൾ സാധാരണമായിരിക്കുന്നു. ശംഖ് (conch) ചങ്ക് (heart) ആയപ്പോളത് ഹൃദയമായി എന്നു ചുരുക്കം. ഹൃദയം എന്നെഴുതുമ്പോൾ ലിപിവിന്യാസത്തിലും അല്പം ശ്രദ്ധ വേണം. "ഹൃദയത്തെ 'ഹ്റുദയം' ആക്കുന്നത് ശരിയല്ല. കൂട്ടക്ഷരമേ പിരിച്ചെഴുതാവൂ. നെഹ്രുവിനെ നെഹ്റു ആക്കാം. നെഹൃ ശരിയല്ല. ഋകാര ചിഹ്നം പുതിയ ലിപിയിലും ഉള്ളപ്പോൾ പകരം 'റ' ഉപയോഗിക്കേണ്ട ആവശ്യമില്ല." *എന്ന് സി.വി. വാസുദേവഭട്ടതിരി വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

*വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഇംപ്രിന്റ്, കൊല്ലം, 1992, പുറം – 133

---

കവിത

**സി. ഡോ. തെരേസ് ആലഞ്ചേരി**
**എസ്.എ.ബി.എസ്.**

*സ്ത്രീധനത്തിന്റെ പേരിൽ പൊലിയുന്ന നിസ്സഹായജീവിതങ്ങൾക്കുമുമ്പിൽ പ്രണാമം!*



# സ്ത്രീ-ധനം

നിനവിലാളുന്ന ഹോ! അഗ്നിസ്ഫുലിംഗങ്ങൾ
പൊന്നിൽ പൊതിഞ്ഞ കനൽക്കട്ടകൾ.
പൊള്ളുന്നതിന്നെന്റെയുള്ളം അറിയുമോ
ചാരമായ്ത്തീരുവാനാണോ വിധി?
നാളുകളായച്ഛൻ ചിന്തിയ വേർപ്പിന്റെ
ഗന്ധമീ പണ്ടത്തിനുണ്ടുപോലും.
സ്വന്തബന്ധങ്ങളെ വിട്ടുപേക്ഷിച്ചു ഞാൻ
അന്യകുടുംബത്തിലംഗമായി.
നിലവിളക്കേന്തി ഞാൻ ചുവടുകൾ വച്ചപ്പോൾ
കനവേറെയുള്ളിലുണ്ടായിരുന്നു.
തോരാത്ത കണ്ണീരിൻ മുത്തുമണികളാ
താലിച്ചരടിൻ തിളക്കമായി
പറയാതെയറിയാതെ ഉള്ളിൽ ചുമന്നു ഞാൻ
വിധുരമീ രാവിന്റെ വിങ്ങലുകൾ.
അപമാനഭാരമെൻ ശിരസ്സു കുനിഞ്ഞു ഞാൻ
അപരാധിയെപ്പോലെ നിന്നുപോയി.
വാക്കിലും നോക്കിലും ആർത്തിപെരുത്തവർ
മൗനമുറയും കറുത്ത രാവിൽ!
നിശ്ശബ്ദമിഴയും നിഴൽപ്പാടുകൾ കണ്ട്
മരവിച്ചുപോയ മനസ്സുമാത്രം.
ജന്മം തകർക്കും ധനംപോലെയന്നാൾ
കഴുകനും കാകനും മീതേ പറന്നു.
മുറിയും മനസ്സിന്റെ വർത്തമാനങ്ങളിൽ
കെട്ട കാലത്തിന്റെ പേക്കൂത്തുകൾ
സ്ത്രീ ധനമെന്നു ചൊല്ലുന്നു വീടിൻ വിളക്കും
വിരുന്നുമവൾതന്നെയെന്നും.
ലിഖിതങ്ങളിൽമാത്രം നിറയുന്ന വരികൾ
വിലയില്ല ജീവിതയാത്രകളിൽ
വരണമാല്യം ഇതു മരണമാല്യംതന്നെ
മനസ്സു മുറിയുന്ന പേക്കിനാക്കൾ.
ഇവിടെയൊടുങ്ങണം ഗാർഹികപീഡനം
സ്ത്രീധനപാതകചരിതം.
ഇവിടെത്തുടങ്ങണം ആയുസ്സു നീറ്റുന്ന
സ്ത്രീധനഭ്രാന്തിന്റെയന്ത്യം

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്.**

**എഫേസോസ് 2:10**

**എഡിറ്റോറിയൽ**

# ക്രിമിനലുകൾക്ക് താവളമൊരുക്കരുത്

**കേ**രളം സ്വർണക്കടത്തുകാരുടെയും ഹവാല ക്വട്ടേഷൻ സംഘങ്ങളുടെയും പിടിയിലമർന്നിരിക്കുന്നുവെന്ന ഞെട്ടിക്കുന്ന വാർത്തകളാണ് ഈ ദിവസങ്ങളിൽ മാധ്യമങ്ങളിലൂടെ നമുക്കു കേൾക്കേണ്ടിവന്നത്. കക്ഷിരാഷ്ട്രീയത്തിന്റെ തണലിലാണ് ക്രിമിനൽ സംഘങ്ങൾ സെൻട്രൽ ജയിലുകളിലടക്കം തഴച്ചുവളരുന്നതെന്ന അത്യന്തം ലജ്ജാകരമായ യാഥാർത്ഥ്യവും ഇന്നു പുതുവാർത്തകളല്ലാതായിരിക്കുന്നു. വീരപരിവേഷമുള്ള ക്രിമിനലുകൾ സമാന്തരമായി ഒരു സമ്പദ്‌വ്യവസ്ഥതന്നെ നിർമിക്കാൻ കിണഞ്ഞു പരിശ്രമിക്കുമ്പോൾ, അവരെ ഒളിഞ്ഞും തെളിഞ്ഞും പിന്തുണയ്ക്കുന്ന സർക്കാരിന്റെ ക്വട്ടേഷൻ കൂട്ടുകെട്ടുകളും കൊടിയടയാളങ്ങളും ജനാധിപത്യസംവിധാനത്തിനുതന്നെ ഭീഷണിയാണ്.

കൊടിസുനിയും ആകാശ് തില്ലങ്കേരിയുംഅർജുൻ ആയങ്കിയും മറ്റും ഇന്ന് വെറും പേരുകളല്ല, പ്രസ്ഥാനങ്ങളത്രേ. കള്ളക്കടത്ത് ഹവാല ക്വട്ടേഷൻ മാഫിയപ്രവർത്തനത്തിനു നേതൃത്വം നൽകുന്ന ഗുണ്ടാത്തലവന്മാരുടെ ലിസ്റ്റിലാണ് അവരുടെ സ്ഥാനം. ടി.പി. ചന്ദ്രശേഖരനെ വധിച്ച കേസിൽ ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിയുന്ന കൊടിസുനി, ജയിൽ കേന്ദ്രീകരിച്ചുള്ള ക്വട്ടേഷൻ പ്രവർത്തനം വളരെ ആസൂത്രിതമായി നടപ്പാക്കുന്നുണ്ടെന്ന വിവരം പല തവണ സംസ്ഥാന ആഭ്യന്തരവകുപ്പിനു ലഭിച്ചിട്ടും അറിഞ്ഞ ഭാവമില്ല. ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും ഇന്റർനെറ്റ് സംവിധാനത്തിലൂടെ സന്ദേശങ്ങളയയ്ക്കുന്നതിനും ഇക്കൂട്ടർക്കു സൗകര്യമേർപ്പെടുത്തിക്കൊടുക്കുന്ന രാഷ്ട്രീയകൂട്ടുകെട്ടുകൾക്കാണു കുരുക്കു വീഴേണ്ടത്. രാഷ്ട്രീയനേതാക്കന്മാരും പോലീസും കള്ളന്മാരും ചേർന്നു നടത്തുന്ന രാഷ്ട്രീയവിലപേശലുകളെയും ക്വട്ടേഷൻ പ്രവർത്തനങ്ങളെയും വരുതിയിലാക്കാൻ നാളിതുവരെ മാറിമാറി വന്ന സംസ്ഥാനസർക്കാരുകൾക്കായിട്ടില്ല. പാർട്ടികൾക്കു പണമുണ്ടാക്കാൻ ഏതു വിധേനയും പൊരുതുന്ന സൈബർഗുണ്ടകളെ സൃഷ്ടിക്കാനും ജയിലുകളിലടക്കം സംരക്ഷിക്കാനും അവർക്കു വീരപരിവേഷം ചാർത്തിക്കൊടുക്കാനും രാഷ്ട്രീയസൈദ്ധാന്തികരും കാര്യദർശികളും പാർട്ടിയാസ്ഥാനങ്ങളിലെ എയർകണ്ടീഷൻ റൂമുകളിൽ നന്നായി വിയർക്കുന്നുണ്ടെന്ന കാര്യവും പുതിയ രഹസ്യമൊന്നുമല്ല. വൻഹവാല ക്വട്ടേഷൻ സംഘങ്ങളുടെ ആജ്ഞാനുവർത്തികളും ആരാധകരുമായി പോലീസും ജയിലധികൃതരും മാറുന്നുണ്ടെങ്കിൽ അതിന്റെ കാര്യകാരണങ്ങളും സർക്കാർ ഗൗരവപൂർവം അന്വേഷിക്കേണ്ടതുണ്ട്.

തിരഞ്ഞെടുപ്പുകാലങ്ങളിൽ സംസ്ഥാനത്ത് കുഴൽപ്പണം വലിയ തോതിൽ എത്തുന്നുവെന്ന പ്രചരണം ശക്തമാണ്. രാഷ്ട്രീയനേതാക്കൾ അനധികൃതപണമിടപാടുകാരുമായി അവിശുദ്ധകരാറുകളിലേർപ്പെടുന്നതും പാർട്ടിലേബലിൽ കുറ്റകൃത്യങ്ങൾ തകൃതിയായി നടക്കുന്നതും പതിവുകാഴ്ചയാണ്. ജയിലിലിരുന്നു കോടിക്കണക്കിനു രൂപയുടെ ആസ്തിയുണ്ടാക്കുന്ന കൊടുംക്രിമിനലുകളുടെ ഹവാല ഇടപാടുകൾ കണ്ടില്ലെന്നു സൗകര്യപൂർവം നടിക്കാനാണ് ജയിലധികാരികൾക്കും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥപ്രമാണിമാർക്കും താത്പര്യമെന്നുവച്ചാൽ, പിന്നെ എങ്ങനെയാണ് ഈ നാട്ടിൽ സമാധാനം പുലരുന്നത്? രാഷ്ട്രീയപ്രസ്ഥാനങ്ങളും ക്രമസമാധാനസംവിധാനങ്ങളും ഇക്കാര്യങ്ങളിൽ ദീക്ഷിക്കുന്ന നിസ്സംഗതയും നിരുത്തരവാദിത്വവും ക്രിമിനലുകൾക്കു തണലൊരുക്കുന്ന ക്രൂരതകളാണെന്നു തിരിച്ചറിയാൻ കാലമിനിയും വേണ്ടിവരുമെന്നു തോന്നുന്നു!

ഒരു ക്രിമിനൽ പ്രവർത്തനത്തെയും സംരക്ഷിക്കുന്ന നിലപാട് സർക്കാരിനില്ലെന്നും, തെറ്റിന്റെയും കുറ്റത്തിന്റെയും അടിസ്ഥാനത്തിലുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവുകയെന്നും മുഖ്യമന്ത്രി പറഞ്ഞത് പ്രാവർത്തികമാക്കിയാൽ കൊള്ളാം; അവർക്കു മാത്രമല്ല, ഇന്നാട്ടിലെ പൗരസഞ്ചയത്തിനും. ക്വട്ടേഷൻ മാഫിയപ്രവർത്തനത്തിനെതിരേ നിരന്തരപ്രചാരണം നടത്തുന്നുണ്ടെങ്കിലും സംസ്ഥാനഭരണത്തിനു നേതൃത്വം നൽകുന്ന പാർട്ടിയുടെ ശക്തികേന്ദ്രങ്ങളിലടക്കം സാമൂഹികവിരുദ്ധരും ക്രിമിനൽസംഘങ്ങളും താവളമടിച്ചിരിക്കുന്നത് ആശങ്കയുളവാക്കുന്നു. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാർസംവിധാനങ്ങളുടെമേൽ കള്ളക്കടത്തു മാഫിയാബന്ധങ്ങൾ ആരോപിക്കുന്നതും ക്വട്ടേഷൻ കൊടിയടയാളങ്ങൾ ചാർത്തുന്നതും ജനാധിപത്യകേരളത്തിനു ഭൂഷണമല്ല. ■

# കൊവിഡ് : കൊള്ളലാഭവും കൃത്യവിലോപങ്ങളും

കൊവിഡ് മഹാമാരി ലോകത്തെ ഒന്നടങ്കം വരിഞ്ഞുമുറുക്കിയിരിക്കുന്നു. ആ അഴിയാക്കുരുക്കിൽക്കിടന്ന് പ്രാണവായുവിനുവേണ്ടി പിടയുകയാണ് നമ്മുടെ മാതൃരാജ്യവും. കേരളനാടിന്റെ സ്ഥിതിയാണ് ഏറെ കഷ്ടം. രോഗികളുടെ എണ്ണവും മരണനിരക്കും അനുദിനം കുതിച്ചുയരുന്നു. ശ്വാസംകിട്ടാതെ മരണത്തെ മുഖാമുഖം കണ്ട് ആയിരങ്ങൾ പിടയുമ്പോഴും പണം കൊയ്ത് കീശ നിറയ്ക്കാൻ തക്കം നോക്കുന്ന മനുഷ്യക്കഴുകന്മാർ ചുവന്ന കണ്ണുകളുമായി ഈ നാടിന്റെ ഇരുണ്ട ആകാശത്തിനു താഴെ വട്ടമിട്ടു പറക്കുന്നുണ്ട്. പത്തു രൂപയുടെ മാസ്കിന് ഇരുപത്തഞ്ചു രൂപ വില വാങ്ങുന്ന കൊള്ളക്കാർ ഇവിടെയുണ്ട്. സാനിറ്റൈസർ എന്ന പേരിൽ ഒന്നിനും കൊള്ളാത്ത ദ്രാവകം കുപ്പിയിൽ നിറച്ചു വില്ക്കുന്ന തട്ടിപ്പുവീരന്മാരും ആർടിപിസിആർ ടെസ്റ്റിന്റെ റിസൾട്ട് എന്ന മട്ടിൽ വ്യാജരേഖ ഉണ്ടാക്കിക്കൊടുത്ത് പണം തട്ടുന്ന തസ്കരവീരന്മാരും ഇവിടെ ഉറഞ്ഞുതുള്ളുന്നു.

മരിക്കാൻ തുടങ്ങുന്ന രോഗിക്ക് വെന്റിലേറ്റർ കൊടുക്കാൻ ഒരു ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെടുന്ന ഭിഷഗ്വരന്റെ നീതിശാസ്ത്രം (മെഡിക്കൽ എത്തിക്സ്) അമ്പേ അപാരമെന്നേ പറയേണ്ടൂ. സർക്കാരും പിന്നെ കോടതിയും മൂക്കുകയറിടുന്നതുവരെ ആർടിപിസിആർ ടെസ്റ്റിന് ആദ്യം 2700 പിന്നെ 2300 അതുകഴിഞ്ഞ് 1700 അതും കഴിഞ്ഞ് 1500 എന്നിങ്ങനെ ഫീസ് ഈടാക്കിക്കൊണ്ടിരുന്ന ഇന്നാട്ടിലെ ലബോറട്ടറികൾ കൊയ്തുകൂട്ടിയ സഹസ്രകോടികൾ മുഴുവൻ വേണ്ടിവരില്ല ഈ പരശുരാമക്ഷേത്രത്തിനു മൊത്തത്തിൽ വില പറയാൻ! അത്രമാത്രം കൊടുംഭീകരമായ തീവെട്ടിക്കൊള്ള നടത്തിയ ലബോറട്ടറികളാണ് ഒരു നടപടിയും നേരിടാതെ ഇവിടെ സസുഖം വാഴുന്നത്! ഒരു ടെസ്റ്റിന് വെറും 250 രൂപയിൽത്താഴെ മാത്രമേ മുടക്കുമുതൽ വരികയുള്ളൂ എന്നുകൂടി ഓർക്കണം. പിപിഇകിറ്റ് മുതൽ ഭക്ഷ്യക്കിറ്റുവരെ അവ ഉള്ളടക്കം ചെയ്യാൻ ഉപയോഗിച്ച സഞ്ചിയുടെ വിലയുൾപ്പെടെ അഴിമതിയും കമ്മീഷനും തട്ടിപ്പും വെട്ടിപ്പുംവഴി ബന്ധപ്പെട്ടവരുണ്ടാക്കിയ സമ്പാദ്യം തിട്ടപ്പെടുത്താനാവാത്തതാണ്.

ഉത്തരേന്ത്യൻസംസ്ഥാനങ്ങളിലെ ആശുപത്രികളിൽ ചികിത്സയിലിരിക്കെ അഗ്നിബാധമൂലം വെന്തുമരിച്ച കൊവിഡ് രോഗികൾ നിരവധിയുണ്ട്. ഓക്സിജൻ കിട്ടാതെ കൈകാലിട്ടടിച്ച് ജീവൻ വെടിഞ്ഞവർ അതിലുമധികമാണ്. തിരുപ്പതിയിലെ സർക്കാരാശുപത്രിയിൽ പ്രാണവായു ലഭിക്കാതെ പതിനൊന്നു കൊവിഡ്രോഗികൾ പിടഞ്ഞു മരിച്ചത് ഇക്കഴിഞ്ഞ ദിവസമാണ്. ഓക്സിജൻ തീർന്നത് അറിഞ്ഞില്ലപോലും! മനുഷ്യജീവനു കല്പിക്കുന്ന വിലയാണിത്. മാപ്പർഹിക്കാത്ത ക്രൂരമായ കൃത്യവിലോപം! വേണ്ടപ്പെട്ടവർ വേണ്ടസമയത്ത് വേണ്ടതു ചെയ്തിരുന്നെങ്കിൽ ഇവരെല്ലാം രക്ഷപ്പെടുമായിരുന്നില്ലേ? ഇവ വെറും മരണങ്ങളെന്നു പറയാനാകുമോ? ശിക്ഷാർഹമായ അനാസ്ഥയുടെ ഫലമായ നരഹത്യകളല്ലേ? ആരുണ്ടു ചോദിക്കാൻ? താങ്ങും തണലും പോകുന്ന കുടുംബങ്ങൾക്ക് ആശ്രയമേകാൻ ആരു വരും?

തരംതിരിവും പ്രായപരിധിയും കണക്കാക്കി സകലർക്കും വാക്സിൻ കൊടുക്കാൻ കൃത്യമായ പദ്ധതികൾ മെനഞ്ഞു. പക്ഷേ, വാക്സിനെവിടെ? ആർക്കുമില്ല ഉത്തരം. പദ്ധതി ഉണ്ടാക്കിയവർ അതേപ്പറ്റി മിണ്ടുന്നേയില്ല. ഈ രാജ്യത്ത് വാക്സിൻ നിർമിക്കാൻ അനുമതിയുള്ളത് കൊള്ളലാഭമെടുക്കുന്ന രണ്ട് കോർപ്പറേറ്റ് ഭീമന്മാർക്കു മാത്രമാണ്. വേറേ കമ്പനികൾ ഇല്ലാത്തതുകൊണ്ടല്ല. വെട്ടുമേനി കുറഞ്ഞെങ്കിലോ എന്നു ഭയന്നാണ് അനുവാദം കൊടുക്കാത്തത്. ആ കമ്പനികൾ ഇന്നും സാനിറ്റൈസർ നിർമാണവുമായി കഴിയുന്നു. ഈ രീതിയിൽ മുമ്പോട്ടുപോയാൽ മൂന്നു വർഷം കഴിഞ്ഞാലും ഇവിടെ എല്ലാവർക്കും വാക്സിൻ കൊടുക്കാൻ കഴിയില്ലെന്ന് കാര്യവിവരമുള്ളവർ പറയുന്നുണ്ട്. മാത്രമല്ല, ഈയിടെയായി കൊവിഡ് മൂലം മരണമടയുന്നവരിൽ യുവാക്കളുടെയും മധ്യവയസ്കരുടെയും എണ്ണം കൂടിവരുന്നു എന്ന വസ്തുത ഗൗരവപൂർവം കണക്കിലെടുക്കേണ്ടതുണ്ട്. ലാഭക്കൊതിയും അലംഭാവവും മാറ്റിവെച്ച് അധികാരികളും നടത്തിപ്പുകാരും യുദ്ധകാലാടിസ്ഥാനത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ടത് ജനനന്മയ്ക്കും രാജ്യക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്.

**കൊഴുവനാൽ ജോസ്**
**ഈസ്റ്റ് മാറാടി പി.ഒ.**
**മൂവാറ്റുപുഴ**



## പ്രതികരണം

## ശ്രദ്ധ നേടുന്ന പ്രതിഭ

ഉള്ളടക്കത്തിലും അവതരണത്തിലും ദീപനാളം വ്യത്യസ്തത പുലർത്തിക്കൊണ്ടിരിക്കുന്നു. എഴുതാനും വരയ്ക്കാനും പ്രാവീണ്യമുള്ള കുട്ടികൾക്ക് അവരുടെ കഴിവു തെളിയിക്കാൻ ദീപനാളം വാരിക മാസാദ്യം ഇറക്കുന്ന പ്രതിഭ പംക്തി മികവുറ്റതായിരിക്കുന്നു. ആകർഷകമായ രീതിയിൽ വർണശബളമായി പുറത്തിറങ്ങുന്ന പ്രതിഭ വളർന്നുവരുന്ന എഴുത്തുകാർക്ക് പ്രോത്സാഹജനകമാണ്.

അഭിവന്ദ്യപിതാക്കന്മാരുടെ ലേഖനങ്ങൾ വിജ്ഞാനപ്രദം മാത്രമല്ല, അനുഗ്രഹദായകം കൂടിയാണ്. അഡ്വ. ചാർളിപോൾ, തോമസ് കുഴിഞ്ഞാലിൽ തുടങ്ങിയവരുടെ ലേഖനങ്ങൾ കാലികവും കാര്യമാത്രപ്രസക്തവുമാണ്. നോവൽ, കഥകൾ, കവിതകൾ എല്ലാം ഒന്നിനൊന്നു മെച്ചമാകുന്നുണ്ട്. ആശംസകൾ.

**ചാക്കപ്പൻ തയ്യിൽ**
**കടുത്തുരുത്തി**

# തിരിച്ചറിയണം ഈ സനാതനസത്യത്തെ

ഫാ. ടോമി മുണ്ടൻകുന്നേൽ CMF

2020 ന്റെ ആദ്യപകുതിയിൽ കൊവിഡ് താണ്ഡവമാടുന്നതിനിടെ അമേരിക്കയിലെ ചില വൻനഗരങ്ങളിലെ വിജനമായ വീഥികളിലൂടെ ചാക്കുവസ്ത്രം ധരിച്ച് നഗ്നപാദനായി മാനസാന്തരം ആഹ്വാനം ചെയ്തു നടന്ന ഒരു യുവാവിനെ ഓർമിക്കുന്നു. ആളാരുമാകട്ടെ, മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള അദ്ദേഹത്തിന്റെ വേഷവും വാക്കുകളും അനുസ്മരിപ്പിക്കുന്ന ചില വസ്തുതകളുണ്ട്: 1) പുറപ്പാടുപുസ്തകത്തിലെ ബാധകൾ 2) നിനവേ നഗരത്തിൽ മാനസാന്തരം പ്രഘോഷിച്ച യോനാ പ്രവാചകൻ 3) സ്നാപകയോഹന്നാൻ.

**1) പുറപ്പാടുപുസ്തകത്തിലെ ബാധകൾ**

ബാധകൾ എല്ലാവർക്കും 'ബാധകമല്ലായിരുന്നു'. ഈജിപ്തുകാർക്ക് ശിക്ഷാകരമായിത്തീർന്ന ബാധകൾ പക്ഷേ, യഹൂദർക്ക് / ഹെബ്രായർക്ക് രക്ഷാകരമായിരുന്നു. ബാധകളുടെ ഉദ്ദേശ്യം രക്ഷ ആയിരുന്നു; ശിക്ഷ അല്ലായിരുന്നു. രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, സാമുദായികാടിമത്തത്തിൽനിന്നുള്ള യഹൂദരുടെ രക്ഷ. മുതലാളിത്ത, മേധാവിത്വ, ആധിപത്യ, അടിമത്തമനോഭാവത്തിൽനിന്നുള്ള ഈജിപ്തുകാരുടെ രക്ഷ. ഈജിപ്തുകാർ ശഠിച്ചു, രക്ഷ ശിക്ഷയായി ഏറ്റുവാങ്ങി. ബാധകളും മഹാമാരിയുമെല്ലാം രക്ഷാകരമാക്കണം, ശിക്ഷയാക്കരുത്.


**2) നിനവേ നഗരിയിലെ യോനാ**

മാനസാന്തരമാണ് യോനാ പ്രഘോഷിക്കുന്നതെങ്കിലും സർവനാശമാണ് അവൻ പ്രതീക്ഷിക്കുന്നത്. ശിക്ഷയാണ്, രക്ഷയല്ല അവന്റെ താത്പര്യം. എന്നാൽ, അവനെ അയച്ചവന്റെ ലക്ഷ്യം രക്ഷയാണ്, ശിക്ഷയല്ല. നിനവേക്കാർ മാനസാന്തരപ്പെടുന്നു, ആസന്നമായിരുന്ന ശിക്ഷ രക്ഷയാകുന്നു.

**3) സ്നാപകയോഹന്നാൻ**

ബൈബിൾ പ്രവാചകരിൽ അവസാനത്തെയാളും മിശിഹായുടെ സമകാലികനുമായിരുന്ന സ്നാപകൻ തന്റെ മുൻഗാമികളിലും പിൻഗാമികളിലുംനിന്ന് വ്യത്യസ്തനായി, തങ്ങൾക്കു മധ്യേ, തങ്ങളോടു 'കൂടെ' ഉണ്ടായിരുന്ന മിശിഹായെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രഘോഷിച്ചത്. പ്രവാചകശബ്ദത്തിന്റെ പരംപൊരുളായ 'മാനസാന്തരവും തിരിച്ചുവരവും' യോഹന്നാനിലും പ്രകടമാണെങ്കിലും ഒരു തിരിച്ചുവരവിലുപരിയായി ഒരു തിരിച്ചറിവിനാണ് യോഹന്നാൻ ഊന്നൽകൊടുക്കുന്നത്: 'ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, 'ഇവൻ ദൈവപുത്രനാണ്...' (യോഹ. 1:29.34.36). 'നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നില്പുണ്ട്' (യോഹ. 1:26). അവനെ 'തിരിച്ചറിയാനും' സ്വീകരിക്കാനും അനുഗമിക്കാനുമാണ് യോഹന്നാൻ ആഹ്വാനം ചെയ്യുന്നത്.

തീർച്ചയായും ക്രിസ്തു രക്ഷയായി നമ്മോടു'കൂടെ'യുണ്ട്. 'യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും' എന്നാണ് അവന്റെ വാഗ്ദാനം. എന്നാൽ, നാളേറെയായി നാം അവന്റെ സാന്നിധ്യം അറിഞ്ഞും അറിയാതെയും അവഗണിക്കുകയും തമസ്കരിക്കുകയും ചെയ്യുന്നു. അവന്റെ മാർഗങ്ങൾ - സ്നേഹവും, ജീവനും - തിരസ്കരിക്കുകയും തള്ളിക്കളയുകയും അവന്റെ കർമമണ്ഡലത്തിൽനിന്നു വ്യതിചലിക്കുകയും ചെയ്യുന്നു. ഇവിടെയാണ് 'കൊവിഡ് പ്രവാചക'ന്റെ ശബ്ദം പ്രസക്തമാകുന്നത്. ആധുനികമനുഷ്യന്റെ തിന്മകളെയും ഒരു തിരിച്ചറിവിന്റെ ആവശ്യകതയെയുംകുറിച്ചാണ് കൊവിഡ് വിളിച്ചുപറയുന്നത്. സാമുദായികവും സാമൂഹികവും സാംസ്കാരികവുമായ അധഃപതനവും സാമ്പത്തികവും രാഷ്ട്രീയവുമായ ആക്രമണവും അടിച്ചമർത്തലും അധിനിവേശവും ആധിപത്യവും അടിമത്തവും എല്ലാം കൊവിഡ് ചൂണ്ടിക്കാട്ടുന്നു. ഗർഭനിരോധനം, ഗർഭച്ഛിദ്രം, സ്വവർഗരതി, ലൈംഗികാരാജകത്വം, മുതലാളിത്ത - കച്ചവടമനോഭാവങ്ങൾ തുടങ്ങിയവ ഇന്നിന്റെ തിന്മകളായി ഈ വൈറസ് നമ്മെ ഓർമപ്പെടുത്തുന്നു. മനുഷ്യചരിത്രത്തിലെതന്നെ ആദ്യത്തെ ലോകവ്യാപകമായ ഈ മഹാമാരിയും (1720 ൽ ഏഷ്യയിൽ കോളറയും, യൂറോപ്പിൽ പ്ലേഗും, 1920 ൽ യൂറോപ്പിൽ സ്പാനിഷ് ഫ്ളൂവും മഹാമാരിയായി നാശം വിതച്ചെങ്കിലും അവയെല്ലാം ഒരു ഭൂഖണ്ഡത്തിന്റെ ഏതാനും ചില പ്രദേശങ്ങളിൽ മാത്രമായിരുന്നു.) അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനങ്ങളും അതു വരുത്തുന്ന ദുരന്തങ്ങളും ബൈബിളിലെ ഒരു മുന്നറിയിപ്പിനെ ഓർമിപ്പിക്കുകയാണ്: "നിങ്ങൾക്കു വസിക്കാനായി ഞാൻ നിങ്ങളെ എങ്ങോട്ടു നയിക്കുന്നുവോ ആ ദേശം നിങ്ങളെ തിരസ്കരിക്കാതിരിക്കാൻ നിങ്ങൾ എന്റെ നിയമങ്ങളും കല്പനകളും അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ" (ലേവ്യ. 20:22). "ഈ ദേശം നിങ്ങൾക്കു മുമ്പുണ്ടായിരുന്നവരെ പുറന്തള്ളിയതുപോലെ അതിനെ അശുദ്ധമാക്കുകവഴി നിങ്ങളെയും പുറന്തള്ളാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ" (ലേവ്യ. 18:28). വേദപുസ്തകം സാഹിത്യസൃഷ്ടിയല്ലേ, അതു കാലഹരണപ്പെട്ടില്ലേയെന്നു വാദിക്കുമ്പോഴും കാലത്തിന്റെ അടയാളങ്ങൾ പക്ഷേ, വചനം സത്യമാണെന്ന് (യോഹ. 17:17, 2 സാമു. 7:28) വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇവിടെ ഒരു 'തിരിച്ചറിവാ'ണ് അനിവാര്യം.



വിവരസാങ്കേതിക-ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ നേട്ടങ്ങളായും പുരോഗമനമായും അവകാശപ്പെടാമെങ്കിലും വസ്തുനിഷ്ഠമായി നോക്കിയാൽ, ഈ നേട്ടങ്ങൾ മനുഷ്യന്റെ അധോഗതിക്കല്ലേ കൂടുതൽ കാരണമാകുന്നത്? ആധുനികവാർത്താവിനിമയസംവിധാനങ്ങൾ ലോകത്തെ ഒരു ആഗോളഗ്രാമമാക്കി ബന്ധിപ്പിക്കുന്നെങ്കിലും ഇതേ സാങ്കേതികത്വം സമീപസ്ഥനെ വിദൂരസ്ഥനാക്കുന്നു. ശാസ്ത്രസാങ്കേതിക കണ്ടുപിടിത്തങ്ങൾ മനുഷ്യന്റെ ആയുസ്സും ആരോഗ്യവും വർദ്ധിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുമ്പോൾ, മറുവശത്ത് ഇവ ജൈവായുധങ്ങളായി അവതരിക്കുന്നു. ശാസ്ത്രം മനുഷ്യന് ബഹിരാകാശത്ത് വാസമൊരുക്കാനും അന്യഗ്രഹങ്ങളിൽ ജലം അന്വേഷിക്കാനും ശ്രമിക്കുമ്പോൾ, ദാഹജലത്തിനായി കേഴുന്നോനെയും പാർപ്പിടമില്ലാതെ അലയുന്നോനെയും കൺമുമ്പിൽ നാം കാണുന്നു.

ചുരുക്കത്തിൽ, കൂട്ടിയും കിഴിച്ചും നോക്കിയാൽ ആധുനികമനുഷ്യൻ അവകാശപ്പെടുന്ന പുരോഗമനം തല്ലാനും കൊല്ലാനും നശിപ്പിക്കാനും മാത്രമായി ചുരുങ്ങുന്നില്ലേയെന്നു സംശയിക്കണം. പണ്ട് കല്ലും കവണിയും; അമ്പും വില്ലും; വാളും പരിചയും; ഗദയും കുന്തവും ഉപയോഗിച്ചു. ഇന്ന് പീരങ്കിയും മിസൈലും അണുബോംബും ഉപയോഗിക്കുന്നു. പണ്ട് ഗോത്രങ്ങൾ തമ്മിലും ദേശങ്ങൾ തമ്മിലും യുദ്ധം ചെയ്തു. ഇന്ന് ഭൂഖണ്ഡാന്തരയുദ്ധങ്ങൾ!

ഭയപ്പെടേണ്ട, അസ്വസ്ഥരായി ധ്യാനകേന്ദ്രങ്ങളിലൂടെയോ ചാനലുകളിലൂടെയോ അലയേണ്ട. രക്ഷാമാർഗം (വചനം) നിനക്കു സമീപസ്ഥമാണ്. അതു നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട് (നിയമ. 30:14, റോമ 10:8). 'കൂടെ' ഉള്ളവനെ തിരിച്ചറിയണം. ക്രിസ്തുവിനെ നാം നമ്മിൽത്തന്നെയും (അഹം ബ്രഹ്മാസ്മി) മറ്റുള്ളവരിലും (തത്ത്വമസി) 'തിരിച്ചറിയണം'. പ്രളയവും കൊടുങ്കാറ്റും മഹാമാരിയും മറ്റും സംഭവിക്കാം. എന്നാൽ ഓർമിക്കുക: അവയെ എല്ലാം നിയന്ത്രിക്കുന്നവൻ, രക്ഷാമാർഗമാക്കുന്നവൻ കൂടെയുണ്ട്. മനുഷ്യന്റെ എല്ലാ അന്വേഷണത്തിന്റെയും ആധ്യാത്മികതയുടെയും പരംപൊരുളായ ഈ സനാതനസത്യത്തെ തിരിച്ചറിയുക; കൂടെ വസിക്കുക. ■

---

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

# സിംഹവാലൻകുരങ്ങ്

മാത്യൂസ് ആർപ്പൂക്കര

**കേര**ളത്തിലെ സൈലന്റ് വാലി കാടുകളിലും പശ്ചിമഘട്ടത്തിലെ മഴക്കാടുകളിലും കാണപ്പെടുന്ന ഒരിനം കുരങ്ങാണ് സിംഹവാലൻ. ഉയരം കൂടിയ മരത്തിലാണ് ഇവയുടെ വാസം. മരത്തിലൂടെ നിഷ്പ്രയാസം ഓടാനും ചാടാനുമൊക്കെ സിംഹവാലനു കഴിയും. മരങ്ങളിൽനിന്ന് അത്യാവശ്യസന്ദർഭത്തിലേ ഇവ നിലത്തിറങ്ങൂ. ഇരുണ്ട തവിട്ടോ കറുപ്പോ നിറമായിരിക്കും. ഏതാണ്ട് രണ്ടടി നീളമുണ്ട്. ഇവ കൂട്ടമായി സഞ്ചരിക്കുന്നു. ഒരു കൂട്ടത്തിൽ പത്തിനും ഇരുപതിനുമിടയ്ക്കുള്ള അംഗങ്ങളുണ്ടാകും. സിംഹവാലൻകുരങ്ങിന് പരമാവധി 12 കിലോ ഭാരമുണ്ടാകും. വാലിന്റെ നീളം ഏതാണ്ട് 30 സെ.മീ. ആയിരിക്കും. ശരീരനീളം 60 സെ.മീറ്റർ വരെ വരാം.

സിംഹത്തിനുള്ളതുപോലെ തലയിൽനിന്നു മുഖം ചുറ്റി നീണ്ട വെള്ളരോമങ്ങൾ സിംഹവാലൻകുരങ്ങിന്റെ സവിശേഷതയാണ്. ഇതു സിംഹത്തിന്റെ ജടപോലെ കാണപ്പെടുന്നുവെന്നതാണു പ്രത്യേകത. ഇതിന്റെ വാലിന്റെ അറ്റത്തും രോമങ്ങൾ കാണാം. തിളക്കമാർന്ന കറുത്ത രോമങ്ങൾ നിറഞ്ഞതാണു ശരീരം.



അമ്മയുടെ സംരക്ഷണത്തിലാണ് സിംഹവാലൻകുട്ടി വളരുക. വളർന്നാലും കൂട്ടംവിട്ടുപോകാറില്ല. ആയുസ്സ് പന്ത്രണ്ടു വയസ്സാണ്. ഇവയുടെ സഞ്ചാരം പകൽസമയത്താണ്. പൂക്കളും പഴങ്ങളും ഇലകളുമൊക്കെ ആഹരിക്കുന്നു. ചില ഘട്ടങ്ങളിൽ നിലത്തിറങ്ങി ഷഡ്പദങ്ങളെയും ഭക്ഷണമാക്കുന്നു. സിംഹവാലനെ അപൂർവമായി ഒറ്റയ്ക്കും കാണാനാവും. മനുഷ്യനിൽനിന്ന് ഇവ അകലം പാലിക്കുന്നു. ഈ വർഗം വംശനാശഭീഷണി നേരിടുന്നു. ലയൺ ടെയിൽസ് മക്കാക്ക് എന്ന് ഇംഗ്ലീഷ് പേര്. മക്കാക്ക സൈലനസ് എന്നാണു ശാസ്ത്രനാമം. ■

# ആർദ്രത വറ്റിയ മനസ്സുമായി മലയാളി ഇതെങ്ങോട്ടാണ്?



സിൽജി ജെ. ടോം

സ്ത്രീധനപീഡനങ്ങളിൽ നൊമ്പരപ്പെട്ടും മുറിവേറ്റും അകാലത്തിൽ കൊഴിഞ്ഞുവീണ ഒരുപിടി പെൺജീവിതങ്ങൾ പോയ ദിവസങ്ങളിൽ മലയാളിയുടെ മനസ്സിനെ മുറിവേല്പിച്ചു. വിസ്മയ എന്ന പെൺകുട്ടിയുടെ മരണം ഒരു തുടക്കം മാത്രമായിരുന്നു. നാലോ അഞ്ചോ പെൺകുട്ടികളാണ് ഒരാഴ്ചയ്ക്കുള്ളിൽ സ്ത്രീധനത്തിന്റെ പേരിൽ ഭർത്തൃവീടുകളിൽ മരിച്ചുവീണത്. എന്താണിവിടെ സംഭവിക്കുന്നത്?

വറ്റിയ ഹൃദയങ്ങളും ആർദ്രത തീണ്ടാത്ത മനസ്സുമായി മലയാളി ഇതെങ്ങോട്ടാണ്? ഇത്രമാത്രം ക്രൂരതയെ മലയാളി എന്നുമുതലാണ് അവനിലേക്ക് ഉൾച്ചേർത്തുതുടങ്ങിയത്? അയൽക്കാരനെയെന്നല്ല, ഒരു വീട്ടിൽ അന്തിയുറങ്ങുന്ന ജീവിതപങ്കാളിയെപ്പോലും സ്നേഹിക്കാൻ പണം മാനദണ്ഡമാവുന്നു. ഇത്തരം വാർത്തകൾ കണ്ടും കേട്ടും വളരുന്ന കുഞ്ഞുങ്ങൾ മനസ്സിലാക്കുന്ന ജീവിതപാഠങ്ങൾ എന്തായിരിക്കും?

സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കുറ്റകരമാക്കി നിയമം വന്നിട്ട് 60 വർഷമായി. 1961 ലെ നിയമം ഒന്നിലധികം തവണ ഭേദഗതി ചെയ്ത് കർശനമാക്കി. പക്ഷേ, സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തുടരുന്നു. വിവാഹിതരായ പെൺകുട്ടികൾ വീട്ടകങ്ങളിൽ പാമ്പുകടിയേറ്റും തൂങ്ങിയും പൊള്ളലേറ്റും വിഷം കഴിച്ചും ജീവിതത്തിൽനിന്ന് ഇല്ലാതാവുന്നു. അഞ്ചാണ്ടിനിടെ നമ്മുടെ കുടുംബങ്ങളിൽനിന്ന് 66 പെൺകുട്ടികളാണ് സ്ത്രീധനപീഡനങ്ങളുടെ പേരിൽ മരണത്തിനു കീഴടങ്ങിയത്. പോലീസ് കുറ്റപത്രം നൽകിയ കേസുകളുടെ എണ്ണം മാത്രമാണിത്. യഥാർത്ഥ കണക്ക് ഇതിലുമേറെയാണ്.

ഒരു പെൺകുട്ടി ഭർത്തൃഗൃഹത്തിലെത്തുന്നത് നിറമുള്ള ഒരുപിടി സ്വപ്നങ്ങളും പ്രതീക്ഷകളുമായാണ്. എന്നാൽ, പ്രതീക്ഷകൾ തെറ്റുമ്പോൾ, സ്വപ്നങ്ങൾ തകർന്നടിയുമ്പോൾ അവളുടെ മനസ്സ് പതറുന്നു. നിരാശ അവളെ തളർത്തിത്തുടങ്ങുന്നു. ഭർത്തൃവീട്ടിൽ നേരിടുന്ന മുറിപ്പെടുത്തുന്ന വാക്കുകളെയും പീഡനങ്ങളെയുംകുറിച്ചൊക്കെ മാതാപിതാക്കളോട് അവൾ മനസ്സ് തുറന്നുവെന്നിരിക്കാം. കേരളത്തിന്റെ സാമൂഹികപശ്ചാത്തലം ഭർത്തൃമതിയായൊരു പെൺകുട്ടി സ്വന്തം വീട്ടിൽ വന്നു നിൽക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ക്ഷമയുടെയും സ്നേഹത്തിന്റെയും ഉപദേശങ്ങളുമായി മാതാപിതാക്കൾ അവളെ ഭർത്തൃവീട്ടിലേക്കു തിരിച്ചയയ്ക്കുന്നു. നിസ്സഹായതയുടെ തുരുത്തിലേക്കാണ് ആ പെൺകുട്ടിയുടെ മനസ്സ് ചെന്നുകയറുന്നത്. തനിക്കാരുമില്ലെന്ന ചിന്തയിലേക്കവളെത്തുന്നു. ഭർത്തൃവീട്ടിൽ പ്രശ്നങ്ങൾ അവസാനിച്ചിട്ടുണ്ടാവില്ല. സ്ത്രീധനം കുറഞ്ഞുവെന്ന കുറ്റപ്പെടുത്തലുകൾ അവളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്നുണ്ടാകും. അല്പം ബോൾഡ് ആയ പെൺകുട്ടികളാണെങ്കിൽ കുറച്ചൊക്കെ ചെറുത്തുനിൽക്കും, അല്ലാത്തവർ നിരാശയുടെ കയങ്ങളിലേക്കു വീണുപോകും. ഇനിയെന്തിനു ജീവിക്കണമെന്ന ചിന്തയിൽ അവർ ജീവിതം അവസാനിപ്പിക്കും.



വിവാഹം ഒരു പെൺകുട്ടിയുടെ ജീവിതത്തിലെ ഏറ്റവും മനോഹരനിമിഷങ്ങളിലൊന്നാണ്. പക്ഷേ, സമാധാനമില്ലാത്ത ജീവിതം അവളെ വല്ലാതെ ഉലച്ചുകളയും. മനസ്സുലഞ്ഞു നിൽക്കുന്ന പെൺകുട്ടിയെ ഒന്നു ചേർത്തുനിർത്താൻ, ആശ്വസിപ്പിക്കാൻ, എന്തുവന്നാലും ഞങ്ങൾ ഒപ്പമുണ്ടാകും എന്ന് ധൈര്യം കൊടുക്കാൻ മാതാപിതാക്കൾ മറന്നുപോകരുത്. ഇല്ലെങ്കിൽ തല്ലിക്കൊഴിക്കപ്പെടുന്നത് ഓമനിച്ചുവളർത്തിയ മകളുടെ ജീവനാണ്.

ചിന്തകൾ മാറേണ്ടിയിരിക്കുന്നു, സമൂഹവും നമ്മുടെ കുടുംബങ്ങളും മാറേണ്ടിയിരിക്കുന്നു, ആൺകുട്ടികളെപ്പോലെതന്നെ ബഹുമാനിക്കപ്പെടേണ്ടവളാണ് പെൺകുട്ടിയും എന്ന ചിന്ത മാതാപിതാക്കൾ പകർന്നുകൊടുക്കണം. സ്വയം ചിന്തിക്കാനും, 'നോ' പറയേണ്ടിടത്തു പറയാനും അവസരോചിതമായി പെരുമാറാനും പെൺമക്കളെ പഠിപ്പിക്കണം. എല്ലാറ്റിലുമുപരി വെറുതേ തകർത്തുകളയാനുള്ളതല്ല ജീവിതം എന്ന മഹത്തായ കാര്യം അവളെ ബോധ്യപ്പെടുത്തണം. പ്രതിസന്ധികളെ ഊർജമാക്കി, കരുത്താക്കി വളർന്നുവന്ന എത്രയോ ജീവിതങ്ങൾ നമുക്കു മുന്നിലുണ്ടെന്നു പറഞ്ഞുകൊടുക്കണം. ജീവിതം നഷ്ടപ്പെടുത്താനുള്ളതല്ല, പ്രതിസന്ധികളോടു പൊരുതിക്കയറാനുള്ളതാണെന്ന് നമ്മുടെ പെൺകുട്ടികളെ ബോധ്യപ്പെടുത്തണം.

ഭർത്താവും സ്വന്തം വീട്ടുകാരുപോലും തിരസ്കരിച്ച് പത്തൊമ്പതാംവയസിൽ കൈക്കുഞ്ഞിനൊപ്പം തെരുവിലേക്ക് ഇറങ്ങേണ്ടിവന്നെങ്കിലും ജീവിതം പോരാടി തിരിച്ചുപിടിച്ച് 14 വർഷങ്ങൾക്കിപ്പുറം വർക്കല പോലീസ് സ്റ്റേഷനിലെ എസ്.ഐ. പോസ്റ്റിലെത്തി ജനമനസ്സുകളിൽ പോരാട്ടവീറിന്റെ ജ്വലിക്കുന്ന മാതൃകയായ ആനി ശിവയെന്ന പെൺകുട്ടിയെക്കുറിച്ചു നാം കേട്ടതും ഇതേ ദിവസങ്ങളിൽത്തന്നെയാണ്. ആത്മവിശ്വാസവും മനോധൈര്യവും വിട്ടുകളയാതെ പ്രതിസന്ധികളിൽ പിടിച്ചുനിൽക്കാൻ പെൺകുട്ടികൾക്കു കഴിയണം. പക്ഷേ, അപ്പോഴും തന്നിലെ സ്ത്രീയെ മറച്ചുവച്ചതുകൊണ്ടു മാത്രമാണ് ആ പെൺകുട്ടിക്കു പിടിച്ചുനിൽക്കാനായത് എന്ന സത്യവും നമ്മുടെ മുന്നിലുണ്ടെന്നതു മറക്കരുത്.

മറ്റൊരു വ്യക്തിയെ മാനിക്കാനും അവർ എത്ര ബലഹീനരാണെങ്കിലും അവരുടെ വ്യക്തിത്വം വിലമതിക്കപ്പെടേണ്ടതാണെന്നും കുടുംബത്തിൽനിന്നുതന്നെ ആൺമക്കളെ പഠിപ്പിക്കണം. അങ്ങനെ വരുമ്പോൾ അവർ ഉപദ്രവകാരികളാകില്ല. മകനു വധുവായി വരുന്ന പെൺകുട്ടിയെ മകളായിക്കാണാൻ മാതാപിതാക്കളും പഠിക്കണം. സ്വന്തം മകന്റെ ജീവിതം പങ്കുവയ്ക്കാനെത്തുന്ന കുട്ടിയാണവൾ എന്ന ചിന്ത മറക്കരുത്. ഭർത്താവും ഭാര്യയും പരസ്പരവിശ്വാസത്തോടെ, ഒരുമയോടെ, അഭിപ്രായങ്ങൾ തുറന്നു പറഞ്ഞ് സ്നേഹത്തോടെയാണ് ജീവിക്കേണ്ടത്. വരുന്ന പെൺകുട്ടിയുടെ സ്വത്തിലും പണത്തിലും മാത്രമാകരുത് ഭർത്തൃവീട്ടുകാരുടെ കണ്ണ്. അവളെ സ്നേഹിക്കാനും സാന്ത്വനിപ്പിക്കാനും അവർക്കു കടമയുണ്ട്. ആണധികാരവും അഹന്തയും ആൺകുട്ടികൾക്കു ഭൂഷണമല്ല. ബന്ധങ്ങൾ ശിഥിലമാക്കാനേ അത് ഉപകരിക്കൂ.

ലോക് ഡൗൺ കാലം പൊതുവേ അസ്വസ്ഥതകളുടെ കാലമായിരുന്നു. ഗാർഹികപീഡനങ്ങളേറെ റിപ്പോർട്ട് ചെയ്യപ്പെട്ട കാലം. സ്ത്രീകൾ മാനസികമായും ശാരീരികമായും ആക്രമിക്കപ്പെട്ട സംഭവങ്ങളേറെയുണ്ടായി. ഐക്യരാഷ്ട്രസഭയുടെ കണക്കുപ്രകാരം ഇക്കാലത്ത് ഗാർഹികപീഡനം ഇരട്ടിയിലധികമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ദേശീയ വനിതാക്കമ്മീഷൻ മുമ്പാകെയും നിരവധി പരാതികൾ റിപ്പോർട്ട് ചെയ്തു. കേരളവും പതിവുപോലെ ഇക്കാര്യത്തിലും പിന്നിലായില്ല.

ഷേക്സ്പിയറിന്റെ 'ഹാംലെറ്റി'ൽ പറയുന്നതുപോലെ, 'To be, or not to be, that is the question' – ജീവിക്കണോ വേണ്ടയോ എന്നു തോന്നുന്ന സന്ദർഭങ്ങൾ പലതുമുണ്ടാകാം, പക്ഷേ, ഇത്തരം നിമിഷങ്ങളെയും കടന്നുപോകണം.

■

## നിലയ്ക്കുന്ന നിലമെഴുത്തുകൾ

*ഒന്നാം പേജ് തുടർച്ച*

ക്ഷീരകർഷരുടെ സ്ഥിതിയും വ്യത്യസ്തമല്ല. "ഭൂതം പൊന്നു കാക്കുന്നതുപോലെ" പരിപാലിച്ചു പോരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമ മരിക്കുമ്പോൾ അനന്തരാവകാശികളിലേക്കാണു ചെന്നുചേരുന്നത്. വില്ക്കാൻ കഴിയുമായിരുന്നെങ്കിൽ ഇളംതലമുറ അതുവിറ്റു പണമാക്കുമായിരുന്നു. പക്ഷേ, അവർക്കും അതു സാധിക്കാതെ വന്നിരിക്കുന്നു. വാങ്ങാൻ ആളില്ല. വില കുറച്ചു കൊടുത്തേക്കാമെന്നു വച്ചാൽപോലും സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചെലവും കേൾക്കുമ്പോൾ വാങ്ങാൻ വരുന്നവർ പിന്നോട്ടുപോകും. റിയൽ എസ്റ്റേറ്റുകാർ കൃത്രിമമായി സൃഷ്ടിച്ചെടുത്ത വിലയുടെ മുകളിലാണ് സർക്കാർ 'ന്യായവില' നിശ്ചയിച്ചത്. സമീപത്തെ, റോഡിന്റെ വീതിയും ടൗണിന്റെ വലിപ്പവുമാണ് 'ന്യായവില'യുടെ മാനദണ്ഡം; അല്ലാതെ ഭൂമിയുടെ ഉത്പാദനക്ഷമതയല്ല. കേരളത്തിലുടനീളം നിശ്ചയിച്ചിരിക്കുന്ന ന്യായവില ഇന്നു മാർക്കറ്റ് വിലയേക്കാൾ കൂടുതലാണ്. വസ്തുത വില്ക്കാൻ പോകുമ്പോൾ മാത്രമാണ് ഈ വസ്തു വില്പനക്കാരനു മനസ്സിലാകുന്നത്. നിശ്ചയിച്ച ന്യായവിലയ്ക്ക് സർക്കാർ ഏറ്റെടുക്കാൻ തയ്യാറായാൽ ധാരാളമാളുകൾ ഭൂമി വില്ക്കാൻ തയാറായിരിക്കുമെന്നതു തീർച്ചയായ കാര്യമാണ്. ഭൂമിയുടെ വില്പനയ്ക്ക് എട്ടുശതമാനം സ്റ്റാമ്പ് ഡ്യൂട്ടിയും രണ്ടു ശതമാനം രജിസ്ട്രേഷൻ ഫീസുമാണ് ഈടാക്കുന്നത്. നിലവിലുള്ള 'ന്യായവില'യുടെ ഈ നിരക്കിലുള്ള ഫീസ് കണക്കുകൂട്ടുമ്പോൾ ഒരു ചെറിയ വിസ്തീർണ്ണത്തിനുപോലും വൻതുക കൊടുക്കേണ്ടതായി വരുന്നു. മഹാരാഷ്ട്ര സർക്കാർ 2020 ഒക്ടോബർ മുതൽ ഡിസംബർ വരെ സ്റ്റാമ്പ് ഡ്യൂട്ടി/ രജിസ്ട്രേഷൻ ഫീസ് നേർപകുതിയാക്കി വെട്ടിച്ചുരുക്കിയപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനയ്ക്കു മുമ്പുണ്ടായിരുന്നതിനെക്കാൾ വളരെ കൂടുതൽ ഭൂമി വില്പന നടന്നതായി 'ടൈംസ് ഓഫ് ഇന്ത്യ' റിപ്പോർട്ട് ചെയ്തിരുന്നു.

ഏതാണ്ട് സ്തംഭനാവസ്ഥയിലായിരിക്കുന്ന ഭൂമിയുടെ ക്രയവിക്രയം ക്രമാനുഗതമായി നടന്നിരുന്നുവെങ്കിൽ! അതിന്റെ ധനതത്ത്വശാസ്ത്രവശം ഒന്നു പരിശോധിക്കാം. ഒരാൾ പുതുതായി ഒരു ഭൂമി വാങ്ങിയാൽ താമസിയാതെ അതിനൊരു അതിർത്തി കെട്ടും. കുറച്ചു കരിങ്കല്ലും ഇഷ്ടികയും മണലും സിമന്റും അധ്വാനവും അതിനാവശ്യമാണ്. നിർമ്മാണ സാമഗ്രികൾ കൊണ്ടുവരണമെങ്കിൽ ഒരാൾ ലോറി ഓടിക്കണം. നിർമ്മാണസാമഗ്രികൾ വില്ക്കുന്ന കച്ചവടക്കാരന് കച്ചവടം കിട്ടും. തൊഴിലാളിക്കു കൂലി കിട്ടും. അങ്ങനെ കുറച്ച് 'ചക്രം' ആ വിപണിയിൽ കിടന്നു കറങ്ങും. ഇനി അവിടെ ഒരു കെട്ടിടമോ വീടോ പണിയുന്നപക്ഷം, 'ചക്രം' കൂടുതൽ കറങ്ങും. ഇങ്ങനെ കൂടുതൽ ഇടപാടുകൾ നടക്കുമ്പോൾ ആ വിപണിയിൽ മൊത്തത്തിലൊരു പണപ്രവാഹമുണ്ടാകും. ശരീരത്തിൽ രക്തചംക്രമണമെന്നതുപോലെ ആ പണപ്രവാഹം സമ്പദ്‌വ്യവസ്ഥയുടെ സ്തംഭനത്തെ മാറ്റും. ഭൂമി വിറ്റുകിട്ടിയ പണംകൊണ്ട് പെൺമക്കളുടെ വിവാഹം നടത്തുകയോ വീടു പുതുക്കിപ്പണിയുകയോ മകനെ വിദേശവിദ്യാഭ്യാസത്തിനോ ജോലിക്കോ അയയ്ക്കുകയോ ഒക്കെ ചെയ്യാം.

ഭൂമി ഉണ്ടായത്, ബ്രഹ്മാവിന്റെ സൃഷ്ടികർമ്മത്തിലൂടെയായാലും വൻസ്ഫോടനത്തിലൂടെയായാലും അത് എല്ലാവർക്കും വേണ്ടി ഉണ്ടായതാണ്. എങ്ങനെയൊക്കെയോ കുറേയാളുകളുടെ കൈവശത്തിലായെങ്കിലും അതിന്റെ ഉടമസ്ഥാവകാശം മാറിക്കൊണ്ടിരിക്കേണ്ടതാണ്. പണം കൈയിലുണ്ടായിട്ടും ഒരു തുണ്ടു ഭൂമി വാങ്ങാൻ പറ്റാത്ത അവസ്ഥ സങ്കടകരമാണ്. അതിനാൽ ഭൂമിയുടെ ക്രിയവിക്രയം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്. ഭൂമിയുടെ ഉത്പാദനക്ഷമതയുടെയും കമ്പോളശക്തിയുടെയും കൂടെ അടിസ്ഥാനത്തിൽ 'ന്യായവില' പുനർനിർണയിക്കേണ്ടതും സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഗണ്യമായി കുറയ്ക്കേണ്ടതുമാണ്. ഭൂമിയുടെ കൊടുക്കൽ വാങ്ങൽ ത്വരിതപ്പെടുത്തിയാൽ സാമ്പത്തികസ്തംഭനത്തിൽപ്പെട്ട് വിറങ്ങലിച്ചു നില്ക്കുന്ന ഭൂവുടമകൾക്ക് ഒരാശ്വാസമാകും. ഭക്ഷ്യക്കിറ്റിനെക്കാളും ക്ഷേമപെൻഷനെക്കാളും അവർ ഇഷ്ടപ്പെടുന്നത് അത്തരമൊരു സാഹചര്യമായിരിക്കും. കാരണം കേരളത്തിലെ കർഷകർ അഭിമാനമുള്ളവരാണ്. നെറ്റിയിലെ വിയർപ്പുവീണ മണ്ണ് അവർക്കു തുണയാകട്ടെ. കുറഞ്ഞ വിലയ്ക്കു കിട്ടാനുണ്ടെങ്കിൽ ഇന്നും ഭൂമി വാങ്ങി സ്വന്തമായി അധ്വാനിക്കാൻ തയ്യാറുള്ള കർഷകർ ഉണ്ടായിരിക്കും. മനുഷ്യർ കൃഷിയെ സ്നേഹിക്കുന്നവരാണ്.

■

**പ്രണയപാഠാവലി**



86

ഡോ. ആന്റണി ജോസ്

# ആഭിമുഖ്യങ്ങൾ അസ്വാഭാവികമാകുമ്പോൾ

സന്തുഷ്ടമായ കുടുംബജീവിതത്തിന് പ്രണയം എത്രത്തോളം അനിവാര്യമാണെന്നു കാണുകയുണ്ടായി. ജീവശാസ്ത്രപരമായ ഈ ധാരയിൽ, അപഭ്രംശങ്ങൾ കടന്നുകൂടിയാൽ എന്താവും സ്ഥിതി? പറഞ്ഞറിയിക്കാനാവാത്ത ദുര്യോഗംതന്നെയാണത്.



വൈകാരികമായ ഇഴയടുപ്പത്തിനുംകൂടിയുള്ള ഉപാധിയാണല്ലോ സെക്സ്. അതിലുണ്ടാകുന്ന താളപ്പിഴകൾ, ദാമ്പത്യജീവിതത്തെ ഉലച്ചുകളയുന്നു.

തീണ്ടലും തൊടീലുമുള്ളതും അതേസമയം, മോഹിപ്പിക്കുന്ന ഒന്നുമായിട്ടാണ് സെക്സ് മിക്ക സംസ്കാരങ്ങളിലും അവതരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഭാര്യാഭർത്താക്കന്മാർക്കിടയിൽ പോലും ഈ കാര്യത്തിൽ തുറവുണ്ടാകുന്നില്ല. നിഷിദ്ധമായ, പേരുദോഷമുണ്ടാക്കുന്ന എന്തോ ഒരു ഭയം വിട്ടുമാറാതെ നിൽക്കുകയാണ്. ഈ ഘട്ടത്തിൽ വേണം ലൈംഗികവ്യതിയാനങ്ങളെ കണക്കിലെടുക്കുവാൻ. പങ്കാളിയിൽ പ്രകടമാകുന്ന അസ്വാഭാവികമായ, അസ്വീകാര്യമായ, ചിലപ്പോൾ ജുഗുപ്സയുണ്ടാക്കുന്ന പ്രവണതകളാണിവ. അതുകൊണ്ട്, ലൈംഗികാഭിമുഖ്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ അഭിമുഖീകരിക്കുക.

അസ്വാഭാവികതകളെ, സ്വാഭാവികതയിലേക്കു തിരികെക്കൊണ്ടുവരാനുള്ള ക്രിയാത്മകമായ മാർഗങ്ങൾ ആരായുക. ദാമ്പത്യജീവിതം, സമാധാനപൂർണമാക്കാൻ അതേയുള്ളൂ വഴി.

**ലൈംഗികാവബോധത്തിലെ വ്യതിയാനങ്ങൾ**

തന്റെ ലിംഗപരമായ ബോധ്യത്തിലുള്ള വ്യതിയാനമാണിത്. പുരുഷനായ വ്യക്തി തന്നിൽ സ്ത്രീത്വത്തെ കണ്ടെത്തുന്നു. അയാൾക്ക് പുരുഷനായി തുടരുക അസാധ്യമായിത്തീരുന്ന അവസ്ഥ. ഒരുതരം അസ്തിത്വപ്രതിസന്ധി. സ്ത്രീസ്വത്വത്തിലും ഈ പരകായപ്രവേശം ഉണ്ടാകാം.

**പാരാഫീലിയ**

അസാധാരണമായ ഉറവിടങ്ങളാണ് ഇത്തരക്കാരിൽ ലൈംഗികോദ്ദീപനമുണ്ടാക്കുന്നത്. സ്വാഭാവികബന്ധത്തിലാകട്ടെ എതിർലിംഗത്തിൽപ്പെട്ടയാളോടായിരിക്കണമല്ലോ ആകർഷണം തോന്നുക.

ഫെറ്റിഷിസം, എതിർലിംഗത്തിൽപ്പെട്ടവർ ഉപയോഗിക്കുന്ന വസ്തുക്കളോടുള്ള താത്പര്യമാണ്. ചെരുപ്പ്, വസ്ത്രങ്ങൾ ഇവയിൽനിന്നൊക്കെ ഇവർ പ്രചോദിതരാകുന്നു. ട്രാൻസ്വെസ്റ്റിസമാകട്ടെ, എതിർലിംഗത്തിൽപ്പെട്ടവരുടെ വസ്ത്രം ധരിച്ച് സായുജ്യം നേടലാണ്.

മൃഗങ്ങളോടും വിസർജ്യത്തോടും മൃതദേഹത്തോടുപോലും അഭിനിവേശമുള്ളവരുണ്ട്.

സ്വന്തം നഗ്നത മറ്റുള്ളവർക്കു മുമ്പിൽ പ്രദർശിപ്പിക്കുന്നത് എക്സിബിഷനിസം എന്ന വ്യതിയാനമാകുന്നു.

വോയൂറിസം, ഒളിഞ്ഞുനോക്കലാണ്. കുളിസീൻകാഴ്ചയുമായി ബന്ധപ്പെട്ടുള്ള കഥകൾ ഉദാഹരണം.

ഫ്രോട്ടിയുറിസം, അനുവാദമില്ലാതെ സ്ത്രീശരീരത്തിൽ സ്പർശിക്കലാണ്. ആൾക്കൂട്ടത്തിലും തിരക്കുള്ള വാഹനത്തിലുമൊക്കെ ഇത്തരം വൈകൃതങ്ങൾ അരങ്ങേറാം. ലൈംഗികാഭിമുഖ്യം കുട്ടികൾക്കു നേർക്കാകുമ്പോൾ അത് പിഡോഫീലിയ എന്നറിയപ്പെടുന്നു.

പാരാഫീലിയ ഗ്രൂപ്പിൽ, ഗുരുതരമായിത്തീരാവുന്ന രണ്ടു വ്യതിയാനങ്ങൾകൂടിയുണ്ട്. സാഡിസവും മസോക്കിസവും. കായികമായോ മാനസികമായോ പങ്കാളിയാൽ പീഡിപ്പിക്കപ്പെടുന്നതാണ് മസോക്കിസം. അതാണവരുടെ ഉത്തേജനം. കഠിനമായ അധിക്ഷേപം ചിലർക്കു ഹരമായി മാറും.

ഇതിന്റെ വിപരീതദിശയിലുള്ള പ്രവണതയാണ് സാഡിസം. പങ്കാളിയെ പീഡിപ്പിക്കുന്നതിലൂടെ – ശാരീരികമായോ മാനസികമായോ – ഇവർക്ക് ലൈംഗികോത്തേജനം സാധ്യമാകുന്നു.

പാരാഫീലിയ ഉള്ള വ്യക്തിയോടൊപ്പം കഴിഞ്ഞുകൂടുക ബീഭത്സമായ ഒരനുഭവമായിരിക്കും. അവരുടെ ആത്മസംഘർഷം വിവരണാതീതമാണ്. പങ്കാളി കാട്ടിക്കൂട്ടുന്ന അനൗചിത്യങ്ങൾ ഒരു വശത്ത്. മറുവശത്ത് അതുണ്ടാക്കുന്ന സാമൂഹികപ്രശ്നങ്ങൾ.

**സെക്ഷ്വൽ ഡിസ്ഫങ്ഷൻ**

ലൈംഗികബന്ധത്തോടു താത്പര്യമില്ലാത്ത അവസ്ഥയാണ് ഒന്ന്. അതിനു പല കാരണങ്ങളുണ്ടാകാം. പണ്ടുണ്ടായ ലൈംഗികദുരനുഭവങ്ങൾ, ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ, ചില രോഗങ്ങൾ എന്നിങ്ങനെ. ചിലരിൽ ലൈംഗികത വെറുക്കപ്പെടേണ്ടതാണെന്നോ പാപമാണെന്നോ ഒക്കെയുള്ള തെറ്റായ അവബോധം കയറിക്കൂടാം. അതും താത്പര്യക്കുറവിനു കാരണമാകാം. പ്രായമായാൽ ലൈംഗികത ഒഴിവാക്കപ്പെടേണ്ടതാണെന്ന വാദവും ഇതിൽപ്പെടുന്നു.

രതിജന്യമായ സന്തോഷം അനുഭവവേദ്യമാകാത്ത അവസ്ഥകളും ഉണ്ടാകാറുണ്ട്. നേരേ വിപരീതമായി അമിതമായ ലൈംഗികാസക്തിയുള്ളവരുമുണ്ട്.

ചിലർക്കാകട്ടെ ഉദ്ധാരണശേഷി, രതിമൂർച്ഛ ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണുള്ളത്. പലതിനും മനഃശാസ്ത്രപരമായ കാരണങ്ങൾ കണ്ടെത്താൻ കഴിയും. രതികർമത്തെക്കുറിച്ച് അറിവില്ലായ്മ, പ്രകടനമികവിനെക്കുറിച്ചുള്ള ഉത്കണ്ഠ, ദാമ്പത്യബന്ധത്തിലെ സ്വരച്ചേർച്ചയില്ലായ്മ, മൂഡ് ഡിസോർഡർപോലുള്ള മനോരോഗങ്ങൾ, ശാരീരികക്ഷീണം, ലൈംഗികരോഗത്തെക്കുറിച്ചോ, ഗർഭധാരണസാധ്യതയെക്കുറിച്ചോ ഉള്ള ആശങ്ക, സ്വകാര്യതയില്ലായ്മ, ബാല്യകാലത്തുണ്ടായ ദുരുപയോഗം, അപകർഷത തുടങ്ങി ഒട്ടനവധി കാരണങ്ങൾ കണ്ടെത്താനാകും.

മനഃശാസ്ത്രനിദാനമല്ലാതെ, ശാരീരികരോഗങ്ങളും സെക്ഷ്വൽ ഡിസ്ഫങ്ഷൻസുണ്ടാക്കാം. പ്രമേഹം, ഹോർമോൺ അപാകതകൾ (തൈറോയ്ഡ് രോഗങ്ങൾ), നാഡീവ്യവസ്ഥയുടെ തകരാറുകൾ എന്നിവ ഇതിൽപ്പെടുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഇതേ സാഹചര്യങ്ങളിലേക്കു നയിക്കാം.

ഒരു കാര്യം മാത്രമാണ് എടുത്തുപറയാനുള്ളത്. ഇത്തരം വ്യതിയാനങ്ങൾ തനിക്കുണ്ടോ എന്നു സ്വയം പഠിക്കുക. ഉണ്ടെങ്കിൽ വിവാഹജീവിതത്തിലേക്കു കടക്കുംമുമ്പ് രണ്ടുവട്ടമാലോചിക്കുക. തന്റെ ആഭിമുഖ്യങ്ങൾ അസ്വാഭാവികമാണെന്നു തിരിച്ചറിയുക. എന്നാൽ, അതോടനുബന്ധിച്ചുള്ള ഇന്ദ്രിയാനുഭൂതി അവരെ വഴിതെറ്റിക്കുകയാണു പതിവ്.

കുടുംബത്തിലെ വിട്ടൊഴിയാത്ത കലഹങ്ങൾ, മർദനം, നശീകരണപ്രവർത്തനങ്ങൾ, എന്തിന്, കൊലപാതകത്തിന്റെ വരെ പിന്നിൽ, സാഡിസംപോലെയുള്ള വ്യതിയാനങ്ങളോ പാരനോയിയപോലെയുള്ള മാനസികവിഭ്രാന്തിയോ ആയിക്കൂടെന്നില്ല. നരകതുല്യമായ ജീവിതമോ വിവാഹമോചനമോ ഒക്കെയാവാം ഇതിന്റെ പരിണതി.

വ്യതിയാനങ്ങൾക്ക് വിദഗ്ധചികിത്സകൾ ലഭ്യമാണ്; മനഃശാസ്ത്രചികിത്സയും ഒപ്പം ഔഷധങ്ങൾ നല്കുന്ന സൈക്യാട്രിക് ചികിത്സയും. ■

---

8

**പ്രകൃതിക്കൊരു പുനർവായന**



മാത്യു എം. കുര്യാക്കോസ്

# നീയൊരു മരം നട്ടിട്ടുണ്ടോ?



എല്ലാ മരങ്ങളും മനുഷ്യരെപ്പോലെയാണ് എന്നൊക്കെ പറയാനാവാത്തവിധം മനുഷ്യന്റെ ശോഭ കെട്ടുപോയിക്കൊണ്ടിരിക്കുന്ന കാലമാണിത്. അതുകൊണ്ട് നമ്മൾ പറഞ്ഞുതുടങ്ങി, ചില മനുഷ്യർ മരങ്ങളെപ്പോലെയാണ്! ആരുടെ ജീവിതത്തിനാണിന്ന് മഹത്ത്വം കൂടുതൽ? മനുഷ്യന്റെയോ മരത്തിന്റെയോ? ഒഴുകുന്ന പുഴകണക്കേ, പെയ്യുന്ന മഴ കണക്കേ, വലിയ മല കണക്കേ, സഹിക്കുന്ന മരം കണക്കേ തുടങ്ങിയ പദങ്ങൾ ആലങ്കാരികമായി മനുഷ്യനു ചാർത്തുമ്പോൾ – ചുറ്റുമുള്ളതിനെയൊക്കെ വലിയ പ്രാധാന്യത്തോടെതന്നെ കാണേണ്ടതുണ്ട്.

'പുലിജന്മം'പോലെ പ്രശസ്തമായ പല കഥകളുംകൊണ്ട് സാഹിത്യലോകത്തെ സമ്പുഷ്ടമാക്കുന്ന എൻ. പ്രഭാകരന്റെ ചെറിയ ഗദ്യകവിത വർഷങ്ങൾക്കുമുമ്പ് വായിച്ചതോർക്കുന്നു. അതൊന്നോർത്തെടുത്താൽ ഇങ്ങനെയാണ്:

ഈ മരച്ചുവട്ടിൽവച്ചാണ് ഒരു പാവം മനുഷ്യൻ ആളുമാറി കൊലചെയ്യപ്പെട്ടത്. ആരുടെ ശത്രുവിന്റെ സ്ഥാനത്തായിരുന്നു താനെന്ന് അവസാനശ്വാസംവരെയും അയാൾ അറിഞ്ഞില്ല. ഒരു കയ്യബദ്ധമെന്ന് കൊലയാളികളും എതിരാളികളും ആ മരണത്തെ എഴുതിത്തള്ളി. മരിച്ച മനുഷ്യന് പാർട്ടി ഇല്ലാതിരുന്നതുകൊണ്ട് കുടുംബത്തിനു ധനസഹായമോ കേസു നടത്തിപ്പിനു പിരിവോ രക്തസാക്ഷിസ്മാരകത്തെക്കുറിച്ചുള്ള ആലോചനകളോ ഉണ്ടായില്ല.

പക്ഷേ, കൊല നടന്ന് കൊല്ലമൊന്നു തികയുന്ന ദിവസം കൃത്യസമയത്ത് ആ മരം താനേ കത്തിപ്പോയി. മനുഷ്യർക്കു തോന്നാതിരുന്ന അപമാനവും വേദനയും മരത്തിൽ ബാക്കി നില്പുണ്ടെന്ന സത്യം അങ്ങനെയാണ് എല്ലാവരും അറിഞ്ഞത്.

ഇതൊരു ഗദ്യമോ കവിതയോ ആകട്ടെ, പക്ഷേ, മനുഷ്യനു നഷ്ടമായിക്കൊണ്ടിരിക്കുന്ന പല നന്മകളും മരങ്ങളിൽ നമുക്കു ദർശിക്കാനാവും. അതിലൊന്ന് വെളിച്ചത്തിനു നേർക്കുള്ള അതിന്റെ ആഭിമുഖ്യവും വളർച്ചയുമാണ്. അതുകൊണ്ടാണ് ലബനൻ കവി ഖലീൽ ജിബ്രാൻ ഇങ്ങനെ വിലപിച്ചത്, ചെടികളെപ്പോലെ വെളിച്ചത്തിൽ നിലനില്ക്കുവാൻ നമുക്കു സാധിച്ചിരുന്നെങ്കിൽ... എന്ന്.

ശ്രീശ്രീ രവിശങ്കറിന്റെ സഹോദരിയും പ്രശസ്ത എഴുത്തുകാരിയും സ്ത്രീശക്തീകരണപോരാട്ടങ്ങളിൽ ശ്രദ്ധേയയുമായ ഭാനുമതി ശ്രീനിവാസൻ ഒരിക്കൽ സ്ത്രീകളെ അഭിസംബോധന ചെയ്യുമ്പോൾ പറഞ്ഞത്, സ്ത്രീയേ, നീ ഒരു മരമാകുക എന്നാണ്. ഫാ. ബോബി ജോസ് കട്ടികാടിന്റെ മനോഹരമായ ഒരു പുസ്തകമാണ് കേളി. അതിന്റെ ഇരുപതാമത്തെ അധ്യായത്തിന്റെ പേര് പച്ച എന്നാണ്. അതു തുടങ്ങുന്നത് ഇങ്ങനെയാണ്: അന്ത്യവിധിയിൽ ദൈവം പഴയ ചോദ്യം ആവർത്തിക്കില്ല. വിശക്കുന്നവനു കൊടുക്കാതെപോയ അപ്പത്തെക്കുറിച്ച്, ദാഹിക്കുന്നവനു പകരാതെപോയ ജലത്തെക്കുറിച്ച്, നഗ്നനു നെയ്യാതെപോയ അങ്കിയെക്കുറിച്ച്, തടവറയിൽ നിഷേധിച്ച ആകാശത്തെക്കുറിച്ച്, ഇല്ല, ഒന്നും ചോദിക്കില്ല. പകരം ഒരേയൊരു ചോദ്യം മാത്രം. നീയൊരു മരം നട്ടിട്ടുണ്ടോ? ഇതായിരിക്കും നിങ്ങളുടെയും ഭൂമിയുടെയും വിധി നിർണയിക്കാൻ പോകുന്നത്.

കാലികപ്രസക്തിയോടെ ബോബിയച്ചൻ ഇതു പറയുമ്പോൾ നമുക്കറിയാം, അന്ത്യവിധിയിലെ അതിപ്രധാനമായ ചോദ്യങ്ങളെ അവഗണിക്കുകയല്ല അതീവതീവ്രതയോടെ അതിനൊരുത്തരം കണ്ടെത്തുകയാണെന്ന്. വൃക്ഷായുർവേദത്തിലെ മഹത്തായ വരികൾ ഓർമിപ്പിച്ച് മരവിചാരങ്ങൾ തുടരാം...

ദശകൂപ സമോവാപി
ദശവാപി സമോഹ്യദഃ
ദശഹൃദ സമോപുത്രഃ
ദശപുത്ര സമോദ്രുമഃ

■

# രാഷ്ട്രീയവഴിയിലെ പുണ്യപദങ്ങൾ




ഫാ. കുര്യാക്കോസ് നരിതൂക്കിൽ

2021 ജൂൺ 19 ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ, വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷനായ കർദിനാൾ മർച്ചെല്ലോ സെമരാരോയുമായുള്ള ഔദ്യോഗികകൂടിക്കാഴ്ചയിൽ, ധന്യരും ദൈവദാസരുമായ ഏഴുപേരുടെ നാമകരണനടപടികൾ സംബന്ധിച്ച കല്പനകൾ പുറപ്പെടുവിക്കാൻ പ്രസ്തുത തിരുസംഘത്തെ ചുമതലപ്പെടുത്തി. ഈ ഏഴുപേരിൽ ഒരാൾ ഫ്രഞ്ചുകാരനായ ദൈവദാസൻ റോബർട്ട് ഷൂമാനാണ്. അദ്ദേഹത്തിന്റെ വീരോചിതപുണ്യങ്ങൾ അംഗീകരിക്കുകയും 'ധന്യൻ' എന്ന പദവി നല്കി സഭ ആദരിക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധാനന്തരഫ്രാൻസിൽ നടപ്പിലിരുന്ന ഭരണക്രമത്തെ 'നാലാം റിപ്പബ്ലിക്' എന്നാണ് അവർ വിശേഷിപ്പിക്കുന്നത്. യുദ്ധാനന്തരം താത്കാലിക ഗവൺമെന്റിനു നേതൃത്വം കൊടുത്ത ചാൾസ് ദ് ഗോൾ 1946 ൽത്തന്നെ രാജിവച്ചു പിന്മാറി. 1958 ൽ അദ്ദേഹത്തെ പാർലമെന്റ് തിരികെ വിളിച്ചു. ഒരു പാർട്ടിക്കും പാർലമെന്റിൽ ഭൂരിപക്ഷമില്ലാത്തതിനാൽ രാഷ്ട്രീയാസ്ഥിരതയുടെ പര്യായമായി മാറിയ ഒരു വ്യാഴവട്ടക്കാലത്ത് 24 മന്ത്രിസഭകൾ നിലവിൽവന്നു! എല്ലാ മന്ത്രിസഭകൾക്കും അല്പായുസ്സേ ഉണ്ടായിരുന്നുള്ളൂ. അതിൽ 1947 നവംബർ 24 മുതൽ 1948 ജൂലൈ 19 വരെയും, 1948 സെപ്റ്റംബർ 5 മുതൽ 7 വരെയും പ്രധാനമന്ത്രിയായിരുന്ന ആളാണ് റോബർട്ട് ഷൂമാൻ. മറ്റു മന്ത്രിസഭകളിൽ ധനകാര്യമന്ത്രിയും വിദേശകാര്യമന്ത്രിയും ആയിരുന്നിട്ടുണ്ട്. ഇന്നത്തെ യൂറോപ്യൻ യൂണിയന്റെ ശില്പിയും സ്ഥാപകപിതാക്കളിൽ ഒരാളുമായിട്ടാണ് റോബർട്ട് ഷൂമാൻ അറിയപ്പെടുന്നത്.

1886 ൽ റോബർട്ട് ഷൂമാൻ ജനിക്കുമ്പോൾ അദ്ദേഹത്തിന്റെ ജന്മനാടായ ലൊറേൻ പ്രവിശ്യ ജർമനിയുടെ ഭാഗമായിരുന്നു. 1886 ജൂൺ 29 ന് സമീപസ്വതന്ത്രരാജ്യമായ ലക്സംബർഗിലാണ് റോബർട്ട് ജനിക്കുന്നത്. പിതാവ് ഷാൻപിയർ ഷൂമാൻ. മാതാവ് ലക്സംബർഗ്കാരി എവുജനീ സൂസൻ ദ്യൂരൻ. ജോൺ ബാപ്റ്റിസ്റ്റ്, നിക്കോളാ റോബർട്ട് എന്നിവയാണ് മാമ്മോദീസായിൽ സ്വീകരിച്ച പേരുകൾ. ബർലിൻ, മ്യൂണിക്, ബോൺ, സ്ട്രാസ്ബുർഗ് എന്നീ സർവകലാശാലകളിൽ നിയമം, ധനതത്ത്വശാസ്ത്രം, മദ്ധ്യയുഗഫിലോസഫി എന്നീ വിഷയങ്ങളിൽ ഉപരിപഠനം നടത്തി. വേദപാരംഗതനായ വി. തോമസ് അക്വീനാസിന്റെ ഫിലോസഫിയും തിയോളജിയും ഹൃദിസ്ഥമാക്കി.

1912 മുതൽ ലൊറേൻ പ്രവിശ്യയുടെ തലസ്ഥാനമായ മെറ്റ്സ് നഗരത്തിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. ഒന്നാംലോകമഹായുദ്ധത്തിൽ ജർമനി പരാജയപ്പെട്ടതോടെ 1919 മുതൽ അൾസാസും ലൊറേനും ഫ്രാൻസിന്റെ ഭാഗമായി. അന്നുമുതൽ ഷൂമാൻ ഫ്രഞ്ച് രാഷ്ട്രീയത്തിൽ സജീവമായി. 1919 മുതൽ 1958 വരെ തുടർച്ചയായി ഫ്രഞ്ച് പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്നു.



ധന്യൻ റോബർട്ട് ഷൂമാൻ



ധന്യൻ ജോർജിയോ ലാ പിറ

രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലറുടെ ജർമനി ഫ്രാൻസിനെ കീഴടക്കി. ജർമൻ അധിനിവേശത്തിൻകീഴിൽ വിഷി എന്ന പട്ടണം തലസ്ഥാനമാക്കി മരെഷാൽ ഫിലിപ്പ് പെന്തേൻ നേതൃത്വം നല്കിയ ഗവൺമെന്റിൽ കുറച്ചുകാലത്തേക്ക് ഷൂമാൻ സഹകരിച്ചു. ഫ്രാൻസിന്റെ പരാജയത്തെത്തുടർന്ന് ഷാർള് ദ് ഗോൾ ലണ്ടനിലേക്കു കടക്കുകയും സ്വതന്ത്രഫ്രാൻസ് പ്രഖ്യാപിച്ച് പ്രതിരോധപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്തു. പെന്തേന്റെ നയങ്ങളോടു യോജിക്കുവാൻ സാധിക്കാത്തതിനാൽ ഷൂമാൻ രാജിവച്ച് പ്രതിരോധപ്രവർത്തനങ്ങളിൽ രഹസ്യമായി ഏർപ്പെട്ടിരുന്നു. ജർമനിയുടെ രഹസ്യപ്പോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്തു. തടങ്കലിൽനിന്നു രക്ഷപ്പെട്ട് കുറച്ചു കാലം ഒളിവിൽ കഴിഞ്ഞു.

യൂറോപ്പിൽ ഇനി ഒരു യുദ്ധം ഉണ്ടാകരുതെന്നാഗ്രഹിച്ച ഷൂമാൻ ഫ്രഞ്ച് ഗവൺമെന്റിൽ വിദേശകാര്യമന്ത്രിയായിരിക്കെ അതിനായുള്ള പ്രായോഗികനടപടി സ്വീകരിച്ചു. പശ്ചിമജർമനിയുമായി കൽക്കരിയും ഇരുമ്പും പൊതുസമ്പത്തായി വിനിയോഗിക്കുവാൻ കരാറുണ്ടാക്കി. ഷാൻ മൊണെ എന്ന ഫ്രഞ്ച് നയതന്ത്രജ്ഞൻ ഷൂമാന് ഉറച്ച പിന്തുണ നല്കിയിരുന്നു. ഇരുവരും ചേർന്നു തയ്യാറാക്കിയ 'ഷൂമാൻ ഡിക്ലറേഷൻ' എന്നറിയപ്പെടുന്ന പാർലമെന്ററി പ്രഭാഷണം 1950 മേയ് 9 നാണ് നടന്നത്.

ഫ്രാൻസിലെ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടി എന്നു വിശേഷിപ്പിക്കാവുന്ന PRM (Popular Republican Move-ment)ലാണ് റോബർട്ട് ഷൂമാൻ പ്രവർത്തിച്ചിരുന്നത്. ജീൻ ഡോജാറ്റ് എന്ന ഗ്രന്ഥകാരൻ ഷൂമാനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "യൂറോപ്പിനെ സംബന്ധിച്ച് മഹാനായ രാഷ്ട്രമീമാംസകൻ, ആഴമായ ആധ്യാത്മികതയുള്ള തീക്ഷ്ണമതിയായ കത്തോലിക്കാവിശ്വാസി, പ്രാർത്ഥനയുടെ മനുഷ്യൻ, സഭാപ്രബോധനങ്ങളോട് അതീവ വിശ്വസ്തൻ. വി. തോമസ് അക്വീനാസിനെ മനസ്സിരുത്തി മനസ്സിലാക്കിയവൻ" (Jean Daujat, La Face interne de l'Histoire p. 862).

പാർലമെന്റിൽ അദ്ദേഹത്തെ എതിർത്തവരും പരിഹസിച്ചവരും ഒക്കെയുണ്ട്. വളരെ താഴ്ന്ന സ്വരത്തിൽ, തന്റെ വാദഗതികൾ സ്ഥാപിച്ചെടുക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഋഷിതുല്യനായ, അവിവാഹിതനായ റോബർട്ട് ഷൂമാൻ പാർലമെന്റിലെ സീറ്റിൽ പോയിരിക്കുന്നത് ഒരു സന്ന്യാസിയാമപ്രാർത്ഥനയ്ക്ക് ക്വയറിൽ പോയിരിക്കുന്ന ആദരവോടെയാണെന്ന് ഷാക്ക് ഫൊവേ എന്ന പത്രപ്രവർത്തകൻ The Fourth Republic എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. പുസ്തകത്തിന്റെ കവർപേജിൽ നല്കിയിരിക്കുന്ന 24 പ്രധാനമന്ത്രിമാരുടെ ചിത്രങ്ങളുടെയിടയിൽ ഷൂമാന്റേത് പള്ളിയിൽ മുട്ടുകുത്തി നില്ക്കുന്ന ഒരു ചിത്രമാണ്.

**രാഷ്ട്രീയവും വിശുദ്ധിയും പൊരുത്തപ്പെട്ടുപോകില്ലെന്നാണ് പൊതുധാരണ. റോബർട്ട് ഷൂമാനും 2018 ൽ ഫ്രാൻസീസ് മാർപാപ്പാ ധന്യനായി പ്രഖ്യാപിച്ച ജോർജിയോ ലാ പിറാ എന്ന ഇറ്റാലിയൻ രാഷ്ട്രീയപ്രവർത്തകനും ഈ ധാരണയ്ക്കു മാറ്റം വരുത്തട്ടെ.**



എ.ജെ. ജോൺ

യുദ്ധാനന്തരയൂറോപ്പിൽ സോവിയറ്റ് യൂണിയന്റെ കമ്യൂണിസ്റ്റ് വിപത്ത് മുന്നിൽ കണ്ടിരുന്ന പശ്ചിമജർമൻ ചാൻസലർ കൊൺറാഡ് ആഡ്നോവറും ഇറ്റാലിയൻ പ്രധാനമന്ത്രി അചിൽ ദെ ഗഡ്പേരിയും ഉത്തമകത്തോലിക്കരായിരുന്നു. ഷൂമാനോടൊപ്പം ഇവരുംകൂടിച്ചേർന്നാണ് യൂറോപ്യൻ യൂണിയന് തുടക്കം കുറിച്ചതും നാറ്റോയിൽ അംഗങ്ങളായതും. ആദ്യം യൂറോപ്യൻ പൊതുവിപണി (Common market) തുടങ്ങി. ഫ്രാൻസ്, ജർമനി, ഇറ്റലി, ബൽജിയം, നെതർലൻഡ്സ്, ലക്സംബർഗ് എന്നീ ആറു രാജ്യങ്ങളായിരുന്നു തുടക്കത്തിലുണ്ടായിരുന്നത്. ഇപ്പോൾ യൂറോപ്യൻ യൂണിയനിൽ ബ്രിട്ടന്റെ പിൻവാങ്ങലിനുശേഷം 27 രാഷ്ട്രങ്ങളുണ്ട്.

1958 മുതൽ യൂറോപ്യൻ കൗൺസിലിന്റെ പ്രസിഡന്റായിരുന്ന റോബർട്ട് ഷൂമാൻ 1963 സെപ്റ്റംബർ 4-ാം തീയതി അന്തരിച്ചു. മെറ്റ്സ് നഗരത്തിനു സമീപം സിഷസ്സേൽ എന്ന ഗ്രാമത്തിലെ പള്ളിസെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. മെറ്റ്സ് രൂപതയാണ് നാമകരണനടപടികൾക്കു തുടക്കംകുറിച്ചത്.

ഞാൻ ഈ ലേഖനമെഴുതുന്നത് വിശുദ്ധ സർ തോമസ് മൂറിന്റെ തിരുനാൾദിനമായ ജൂൺ 22-ാം തീയതിയാണ്. രണ്ടായിരാമാണ്ടിലെ മഹാജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ഭരണകർത്താക്കൾക്കും രാഷ്ട്രീയപ്രവർത്തകർക്കും മറ്റുമായി നവംബർ 5-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അർപ്പിച്ച വിശുദ്ധ കുർബാനയിൽ വി. തോമസ് മൂറിനെ രാഷ്ട്രീയപ്രവർത്തകരുടെ മധ്യസ്ഥനായി പ്രഖ്യാപിക്കുകയുണ്ടായി. രാഷ്ട്രീയവും വിശുദ്ധിയും പൊരുത്തപ്പെട്ടുപോകില്ലെന്നാണ് പൊതുധാരണ. റോബർട്ട് ഷൂമാനും 2018 ൽ ഫ്രാൻസീസ് മാർപാപ്പാ ധന്യനായി പ്രഖ്യാപിച്ച ജോർജിയോ ലാ പിറാ (Giorgio La Pira 1904-1977) എന്ന ഇറ്റാലിയൻ രാഷ്ട്രീയപ്രവർത്തകനും (അദ്ദേഹം ഫ്ളോറൻസിന്റെ മേയറായിരുന്നു) ഈ ധാരണയ്ക്കു മാറ്റം വരുത്തട്ടെ.

കേരളസംസ്ഥാനം രൂപംകൊള്ളുന്നതിനുമുമ്പ് തിരുക്കൊച്ചി സംസ്ഥാനത്ത് മന്ത്രിയും മുഖ്യമന്ത്രിയും തുടർന്ന് മദ്രാസ് സംസ്ഥാനത്തിന്റെ ഗവർണറുമായിരുന്ന ശ്രീമാൻ എ.ജെ. ജോണിനെ ഞാൻ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. മദ്രാസ് ഗവർണർ ആയിരിക്കെ 64-ാം വയസ്സിൽ 1957 ഒക്ടോബർ ഒന്നാം തീയതി അന്തരിച്ച അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്നത് മാർ തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന സാന്തോം ബസ്ലിക്കയിലാണ്. മദ്രാസ് സർക്കാർ സ്ഥാപിച്ച സ്മാരകശിലയിൽ ശ്രീ ആനാപറമ്പിൽ ജോസഫ് ജോൺ - ജനനം 8-7-1893 - തലയോലപ്പറമ്പ് എന്നു തുടങ്ങി പ്രധാന കാര്യങ്ങളെല്ലാം വിവരിച്ചിട്ടുണ്ട്. A devout christian എന്നു പ്രത്യേകം ചേർത്തിട്ടുണ്ട്. ഒരു മലയാളി ഷൂമാൻ എന്നു തന്നെ പറയാം.

# ലക്ഷദ്വീപിലെ ദുരിതപർവം

ഒന്നാം പേജ് തുടർച്ച

'പ്രിവൻഷൻ ഓഫ് ആന്റി സോഷ്യൽ ആക്ടിവിറ്റീസ് റെഗുലേഷൻ - 2021', അഥവാ ഗുണ്ടാ ആക്ട് പ്രാബല്യത്തിലാകുന്നതോടെ കുറ്റവാളികൾക്കും മതതീവ്രവാദികൾക്കും ഭീകരപ്രവർത്തകർക്കും കൂച്ചുവിലങ്ങിടാമെന്ന് ഭരണകൂടം കണക്കുകൂട്ടുന്നു. വി.വി.ഐ.പികൾക്കുപോലും ഭയപ്പാടില്ലാതെ ഒറ്റയ്ക്കിറങ്ങി നടക്കാവുന്ന സാഹചര്യമുള്ളിടത്ത് ഗുണ്ടാ ആക്ടിന് എന്തു പ്രസക്തിയാണുള്ളതെന്ന് എം.പി. മുഹമ്മദ് ഫൈസൽ ചോദിക്കുന്നു. ഒരു കുറ്റവാളിപോലും ഇല്ലാത്ത നാടാണ് ലക്ഷദ്വീപ് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുമ്പോൾ ചിലയിടങ്ങളിൽനിന്ന് എ.കെ. - 47 തോക്കുകളും സ്ഫോടകവസ്തുക്കളും പിടിച്ചെടുത്തുവെന്ന് മണിപ്പൂർ സ്വദേശിയായ കളക്ടർ എസ്. അസ്കർ അലി വെളിപ്പെടുത്തുന്നു. കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്നവർക്ക് ഒരു വർഷംവരെയുള്ള ജയിൽശിക്ഷ ലഭിച്ചേക്കാം.



'ലക്ഷദ്വീപ് പഞ്ചായത്ത് റെഗുലേഷൻ - 2021' പ്രകാരം രണ്ടു മക്കളിൽ കൂടുതലുള്ള ഒരു വ്യക്തിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു മത്സരിക്കാൻ അനുവാദമില്ല.

**മാലദ്വീപ് മാതൃകയിൽ വികസനം**

ദ്വീപസമൂഹങ്ങളുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകി രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1988 ൽ രൂപീകരിച്ച 'ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റി'യുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്നു വ്യതിചലിക്കുന്ന സമീപനങ്ങളാണ് പ്രഫുൽ പട്ടേലിന്റേതെന്ന് രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തുന്നു. ദ്വീപുകളെ അന്തർദേശീയ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുമ്പോഴും തദ്ദേശീയരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടായിരുന്നു ഓരോ നടപടിയും സ്വീകരിച്ചത്. പണം മുടക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നാടിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനുമായിരുന്നു മുൻതൂക്കം. കൃത്യമായ ആസൂത്രണമികവിലൂടെ സമ്പൂർണസാക്ഷരതയും ദാരിദ്ര്യനിർമാർജനവും കൈവരിക്കാൻ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ രൂപീകരണം നിമിത്തമായി.

എന്നാൽ, പഴയതൊന്നും കണ്ടില്ലെന്നു നടിച്ച് ലക്ഷദ്വീപിനെ 'മാലദ്വീപ് മോഡൽ' ടൂറിസം ഹബ്ബാക്കി മാറ്റാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ബീച്ച് ടൂറിസം, ജലവിനോദങ്ങൾ തുടങ്ങിയവയ്ക്കു പ്രാമുഖ്യം നല്കുന്നതിന് റിസോർട്ടുകൾ നിർമിക്കാനാണ് പദ്ധതി. ഇതിന്റെ ഭാഗമായി തദ്ദേശവാസികൾ കടൽത്തീരങ്ങളിൽ നിർമിച്ചിട്ടുള്ള കുടിലുകളും ഷെഡ്ഡുകളും എത്രയും വേഗം പൊളിച്ചുനീക്കണമെന്ന ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. തീരങ്ങളിലെ ഇരുപത് മീറ്ററിനുള്ളിലെ എല്ലാ നിർമാണങ്ങളും നീക്കാനാണു നിർദേശം.

**പവിഴപ്പുറ്റുകളുടെ നാട്**

ലക്ഷദ്വീപസമൂഹത്തിലെ 36 ദ്വീപുകളും അവയ്ക്കു ചുറ്റുമുള്ള ആഴം കുറഞ്ഞ കടലും പവിഴപ്പുറ്റുകളാൽ സമൃദ്ധമാണ്. ജനവാസമുള്ള പത്ത് ദ്വീപുകളും താരതമ്യേന ചെറുതും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളുമാണ്. സഹസ്രാബ്ദങ്ങളായി ദ്വീപുകളിൽ നിലനില്ക്കുന്ന ജൈവവൈവിധ്യം അവധാനതയില്ലാതെ നടത്തുന്ന നിർമാണപ്രവർത്തനങ്ങളിൽ തകർന്നടിയും.

റിട്ടയർ ചെയ്ത ഐ.എ.എസ്. ഉദ്യോഗസ്ഥർ നിയമിക്കപ്പെട്ടിരുന്ന സ്ഥാനത്തേക്കാണ് രാഷ്ട്രീയക്കാരനായ പ്രഫുൽ പട്ടേൽ അവരോധിതനായത്. ലക്ഷദ്വീപ് വികസന അതോറിറ്റിയുടെ രൂപീകരണംതന്നെ ഭൂമാഫിയകളുടെ സമ്മർദത്തിനുവഴങ്ങിയാണെന്നു വിമർശനങ്ങളുണ്ട്. ദ്വീപുനിവാസികളുടെ ഭൂമി പിടിച്ചെടുക്കാനുള്ള ഒരു നിയമനിർമാണം മാത്രമാണതെന്നു ജനം കരുതുന്നതിൽ തെറ്റില്ല. ജനവാസമില്ലാത്ത ദ്വീപുകളിലെ കൃഷിഭൂമികളിലും പട്ടേലിന്റെ കഴുകൻകണ്ണുകൾ എത്തിക്കഴിഞ്ഞുവെന്നാണ് ഒടുവിൽ കിട്ടിയ റിപ്പോർട്ടുകളിൽനിന്നു വ്യക്തമാകുന്നത്. മകന്റെയും കുടുംബത്തിന്റെയും ബിസിനസ് താത്പര്യങ്ങളാണ് ഇത്തരം കടന്നുകയറ്റങ്ങൾക്ക് അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതെന്ന് നിരീക്ഷിക്കുന്നവരുണ്ട്. വിവാദങ്ങളിൽ അഗ്രഗണ്യനാണ് പ്രഫുൽ പട്ടേലെന്ന് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തത് അടുത്തയിടെയാണ്. കേന്ദ്രഭരണപ്രദേശമായ ദാദ്ര നാഗർഹവേലിയിൽ എട്ടു തവണ പാർലമെന്റംഗമായിരുന്ന മോഹൻ ഡെൽക്കറിന്റെ ദുരൂഹമരണത്തിൽ പ്രതിചേർക്കപ്പെട്ടയാളാണ് പട്ടേൽ. ഡെൽക്കറിന്റെ ആത്മഹത്യക്കുറിപ്പിൽ പട്ടേലിന്റെ പേരുമുണ്ടായിരുന്നുവെന്ന് വാർത്തയുണ്ടായിരുന്നു.

കൊവിഡ്മുക്തദ്വീപുകളിൽ രോഗവ്യാപനത്തിനു കാരണം പ്രഫുൽപട്ടേലിന്റെ സമീപനമാണെന്നും ജനം ആരോപിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഉത്തരവുപ്രകാരം ക്വാറന്റൈനിൽ വരുത്തിയ അയവാണ് വിനയായത്. ഒരു രോഗിപോലും ഇല്ലാതിരുന്ന സ്ഥാനത്ത് മേയ് അവസാനം 6,847 കൊവിഡ് ബാധിതരുണ്ടായിരുന്നു. ജനവാസമുള്ള ആറു ദ്വീപുകളും ലോക്ഡൗണിലാണ്. ഭരണകൂടത്തിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരേ സംഘടിക്കാനോ നിയമയുദ്ധങ്ങൾക്കു കോടതികളെ സമീപിക്കാനോ ലോക്ഡൗൺ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഇതിനിടെ, ചാനൽചർച്ചകളിൽ, ദ്വീപുനിവാസികൾക്കെതിരേ കേന്ദ്രസർക്കാർ 'ജൈവായുധം' പ്രയോഗിക്കുന്നുവെന്ന പരമാർശം നടത്തിയ ചലച്ചിത്ര സംവിധായിക ആയിഷ സുൽത്താനയ്ക്കെതിരേ രാജ്യദ്രോഹക്കുറ്റം ചുമത്തി പോലീസ് കേസെടുത്തതു വാർത്തയായിരുന്നു. തന്റെ അഭിപ്രായങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടുവെന്നു തിരിച്ചറിഞ്ഞശേഷം പമാമർശം നടത്തിയതിൽ അവർ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ലക്ഷദ്വീപിലേക്കു വിളിച്ചുവരുത്തി ഒൻപതു മണിക്കൂർ ചോദ്യം ചെയ്തശേഷം വിട്ടയച്ച ആയിഷ താരപരിവേഷത്തോടെയാണ് നാട്ടിൽ തിരിച്ചെത്തിയത്. ലക്ഷദ്വീപുവിഷയത്തിലെ അനുഭവങ്ങൾ പശ്ചാത്തലമാക്കി ഒരു സിനിമ സംവിധാനം ചെയ്യാനുള്ള ഒരുക്കങ്ങൾ തുടങ്ങിയതായും അവർ അറിയിച്ചു.

ജനങ്ങളെ വിശ്വാസത്തിലെടുക്കാതെയുള്ള ഒരു വികസനപ്രവർത്തനവും വിജയിക്കുകയില്ലെന്നറിയാമെങ്കിലും പട്ടേലിന്റെ ധാർഷ്ട്യമാണ് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കുന്നതെന്നാണു വിലയിരുത്തൽ. തീരപ്രദേശങ്ങളിൽനിന്ന് ഒഴിപ്പിക്കപ്പെടുന്നതോടെ മത്സ്യത്തൊഴിലാളികൾ ദുരിതത്തിലാകും. ആകെ പതിനൊന്നു കിലോമീറ്റർ ദൂരം മാത്രമുള്ള ദ്വീപുകളിലെ നിരത്തുകൾ ദേശീയപാതകളുടെ നിലവാരത്തിലേക്കു വികസിപ്പിക്കന്നതിലെ ന്യായീകരണം ജനങ്ങൾക്കു മനസ്സിലാകുന്നില്ല. ആളുകൾ തിങ്ങിപ്പാർക്കുന്ന ദ്വീപുകളിൽ ഹൈവേകളും ട്രാം വേകളും നിർമിക്കുന്നതും പ്രായോഗികമല്ലെന്നും ജനം പറയുന്നു.

ദാമൻ, ഡ്യൂ, ദാദ്ര, നാഗർ ഹവേലി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളുടെ അഡ്മിനിസ്ട്രേറ്റർകൂടിയായ പ്രഫുൽ പട്ടേൽ, അദ്ദേഹം വഹിക്കുന്ന ഉന്നതപദവി ദുരുപയോഗം ചെയ്യുന്നതിനെതിരെയും ജനരോഷം ആളിക്കത്തുന്നുണ്ട്. കോസ്റ്റ് ഗാർഡിന്റെ ഡ്രോണിയർ വിമാനം ചാർട്ട് ചെയ്ത് കഴിഞ്ഞയാഴ്ച ദാമനിൽനിന്ന് കവരത്തിയിലെത്തിയതിനു നല്കിയ വാടക 23,21,280 രൂപയായിരുന്നു! അഡ്മിനിസ്ട്രേറ്റർ പദവിക്കു യോഗ്യനല്ലാത്ത പട്ടേലിനെ നീക്കണമെന്ന എം.പിമാരടക്കമുള്ള ജനപ്രതിനിധികളുടെ ആവശ്യം ബധിരകർണങ്ങളിലാണു പതിച്ചത്. ലക്ഷദ്വീപിലെ സ്ഥിതിഗതികൾ നേരിട്ടു നിരീക്ഷിക്കുന്നതിനുള്ള എം.പിമാരുടെ ആവശ്യത്തിനും അനുമതി നൽകാതെ കേന്ദ്രം മൗനം പാലിക്കുന്നതും ദുരൂഹത വർദ്ധിപ്പിക്കുന്നുണ്ട്. ■

---

കവിത

ജോസ് പോളയ്ക്കൻ

## അസ്ഥിയുടെ അസ്ഥി

ചേതസ്സിനാകെ വ്യഥയേറ്റി വരുന്നിതെന്നും
മീതെയ്ക്കു മീതെയപമൃത്യു നടന്ന വാർത്ത;
രോധിക്കവേണമിതു നാടിനു ശാപമല്ലേ?
ബാധിച്ചിടുന്നൊരതി ഭീകരവ്യാധിയല്ലേ?

നെഞ്ചം പകുത്തു പ്രിയവല്ലഭനേകിയോളെ-
ത്തഞ്ചിച്ചിടേണ്ട പതി ദുർമൃതി ചേർത്തിടുന്നു!
പഞ്ചാമൃതം പതിയിലില്ലകമേ നിറച്ചും
നഞ്ചായതിങ്കൽ വധു ജീവനൊടുക്കിടുന്നു!

രണ്ടാകിലും ഹനനമൊന്നിഹ സംഭവിപ്പൂ,
തണ്ടറ്റു, ജീവതരുവൊന്നു നിലംപതിപ്പൂ;
ഇണ്ടൽ പെരുത്തു മൃതിപാർത്തിനിയെത്രയോപേ-
രുണ്ടാം സഹോദരിക,ളോരുവതാധിജന്യം!

ചൊല്ലേവമുണ്ടു: "പരിപൂതവിവാഹകർമം
നല്ലീശനങ്ങു നിറവേറ്റുമലോകലോകേ;
ഇല്ലെങ്ങുമാർക്കുമവകാശമസാധുവാക്കാൻ
കില്ലില്ല, ദമ്പതികൾ പിന്നെയൊരൊറ്റ ദേഹം!"

ബദ്ധാനുരാഗമധുരം നിതരാം നുകർന്നും
ബദ്ധാദരത്തൊടലശണ്ടകളൊത്തുതീർത്തും
തിക്താകുലങ്ങളൊരുമിച്ചഖിലം സഹിച്ചും
വൃത്താന്തമിങ്ങുമിഥുനം മുഴുമിക്കവേണം

ഇച്ചൊന്നതൊക്കെ മുറപോലെരിവോടുചിന്തി-
ച്ചുൾക്കൊണ്ടുതാനുപയമം പൊടിപാറ്റിടേണ്ടൂ;
ചിക്കെന്നു നൂലിഴയറുത്തു പിരിഞ്ഞുപോകാ-
നൊക്കില്ലവർക്കിതു വ്രതം മൃതി പൂകുവോളം

പണ്ടങ്ങളല്ല, പണമ, ല്ലൊരുമിച്ചുവാഴും
പെണ്ണാണു പൂരുഷനു കൈവരുമാസ്തി പാരിൽ;
കണ്ണീരവൾക്കു പകരൊല്ല പതേ,യൊരിറ്റും
ദണ്ഡം വരാതെ പരിപാലനമേക നിത്യം

*ഹനനം - കൊല, അലോകലോകം - സ്വർഗം.*
*കില്ലില്ല - സംശയമില്ല, അലശണ്ട - വഴക്ക്.*
*വൃത്താന്തം - ചരിത്രം(കഥ), ഉപയമം - വിവാഹം.*

## മണലാരണ്യങ്ങൾ

യൂദയായുടെ നാലതിരുകളോളം കാട്ടുതീപോലെയാണ് ആ വാർത്ത പടർന്നത്.

"യേശു ലാസറിനെ ഉയിർപ്പിച്ചു."

ആളുകൾ അവനെക്കുറിച്ച് ബഹുമാനത്തോടെയും സ്നേഹത്തോടെയും സംസാരിക്കാൻ തുടങ്ങി. അസംഖ്യമാളുകൾ അവനിൽ വിശ്വസിച്ചു. അവൻ എത്തുന്നിടത്തെല്ലാം അവനെ കേൾക്കാൻ വലിയ പുരുഷാരംതന്നെ കൂടുകയുണ്ടായി. അവനെ കേട്ടവരോ വിസ്മയഭരിതരായി.

അനനിയാദപ്പോൾ ബത്‌ലഹേമിലായിരുന്നു. യേശുവിനെ അന്വേഷിച്ചുള്ള യാത്രയിൽ അവൻ ബത്‌ലഹേമിലെത്തിയതായിരുന്നു. അവിടെവച്ചാണ് യേശു ബേഥനിയായിൽ ലാസറിനെ ഉയിർപ്പിച്ച വിവരം അറിഞ്ഞത്.

അവൻ ബേഥനിയായിലേക്കു തിരിച്ചു. ബത്‌ലഹേമിൽനിന്ന് ഏകദേശം ആറുമൈൽ ദൂരമുണ്ടായിരുന്നു ജറൂസലേമിലേക്ക്.

അനനിയാദ് ആവുന്നത്ര വേഗത്തിൽ നടന്നു. ബേഥനിയായിലേക്കുള്ള യാത്രയ്ക്കിടയിൽ അവൻ ലോകത്തിനു നേരേ കണ്ണുകളും കാതുകളും തുറന്നു പിടിച്ചു. എങ്ങും എവിടെയും യേശു തന്നെയാണ് സംസാരവിഷയമെന്ന് അവൻ കണ്ടു.

കാറ്റും വെയിലും യേശുവിനെക്കുറിച്ചു സംസാരിക്കുന്നു...

മരങ്ങളും പക്ഷികളും അവനെക്കുറിച്ചാണ് സംസാരിക്കുന്നത്.

ആകാശവും ഭൂമിയും അവനെ പ്രഘോഷിക്കുന്നു...

ഈ ലോകം മുഴുവൻ അവനെക്കുറിച്ചു പറയുന്നു...

അന്വേഷിച്ചും കേട്ടും അനനിയാദ് ബേഥനിയായിൽ ലാസറിന്റെ ഭവനത്തിലെത്തി. അവിടെ അവൻ മേരിയെക്കണ്ടു.

ശുദ്ധമായ ആകാശംപോലെ മേരി...

അവൾ കൂടുതൽ സൗമ്യവതി...

അവൾ ദൈവത്തിന്റെ ഉദ്യാനത്തിലെ മഴയണിഞ്ഞ സീദാർ മരം...

"മഞ്ഞണിഞ്ഞ വെണ്ണക്കൽ ശില്പം..."

"മുഖത്ത് വിശുദ്ധിയുടെ ചന്ദ്രകാന്തി..."

ഇക്കുറി മേരിക്ക് അനനിയാദിനെ മനസ്സിലായി. അവൾ പറഞ്ഞു:

"മഗ്ദലേനയിൽ ഞാൻ നിന്നോടു തെറ്റു ചെയ്തു."

പക്ഷേ, അവൻ അവളുടെ പശ്ചാത്താപത്തിന്റെ സ്വരം കേട്ടില്ല. അവൻ ചോദിച്ചു:

"അവനെവിടെ യേശു...?"

"അവൻ ഇവിടെ വന്നിരുന്നു. മരിച്ചുപോയ എന്റെ സഹോദരനെ ഉയിർപ്പിച്ചു." അവൾ പറഞ്ഞു.

അനനിയാദ് ലാസറിനെ കണ്ടു. യേശു മരണത്തിൽനിന്നുയിർപ്പിച്ച ലാസറിനെ.

"നീ എത്ര ഭാഗ്യവാൻ..." അനനിയാദ് പറഞ്ഞു.

"അവന്റെ കരം മരണത്തിൽപ്പോലും നിനക്കായി നീട്ടിത്തന്നു."

"എന്നാൽ, എത്ര കാലമായി ഞാൻ അവനെ തിരയുന്നു."

"അവൻ നിന്നെയും നിന്റെ സഹോദരി മേരിയെയും അളവറ്റ് സ്നേഹിക്കുന്നു എന്നു ഞാനറിയുന്നു. ദയവായി എന്നെയും അവന്റെ ശിഷ്യനായി സ്വീകരിക്കാൻ പറയുമോ?"


"സഹോദരാ... ആകുലപ്പെടേണ്ടതില്ല," ലാസർ പറഞ്ഞു: "അവന്റെ കരം എല്ലാവരുടെയും ശിരസ്സിനു മുകളിലുണ്ടെന്നു വിശ്വസിക്കുക. നീ അവന്റെ ശിഷ്യനാകാൻ അർഹനെങ്കിൽ അങ്ങനെതന്നെ സംഭവിക്കും.



# നോവൽ 11

## ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം



പൊയ്ക്കൊള്ളുക. പോയി അവനെ കാണുക."

"അവനിപ്പോൾ എവിടെയാണ്?"

"നിശ്ചയമില്ല. ഒരുപക്ഷേ, ജറുസലേം വിട്ട് പോകാനിടയില്ല."

അനനിയാദ് തിരിഞ്ഞുനടന്നു. മരണത്തിൽനിന്നുയിർത്തവന്റെ ശബ്ദം ശൈത്യമുറഞ്ഞ കാറ്റുപോലെ അനനിയാദിന്റെ കർണപടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. പക്ഷേ, എവിടെയാണ് യേശുവിനെ അന്വേഷിക്കുക. അവൻ എല്ലായിടത്തുമുണ്ട്. യൂദയായിലെങ്ങും അവൻ പ്രവർത്തിച്ച അദ്ഭുതങ്ങളുടെ കഥകളാണ്. അവനെ കാണാത്ത ആളുകളാരുമില്ല.

"പക്ഷേ, തനിക്കു മാത്രം... തന്റെ മുമ്പിൽ മാത്രം അവൻ പ്രത്യക്ഷപ്പെടാത്തതെന്ത്?"

അവൻ തലയുയർത്തി ആകാശത്തേക്കു നോക്കി. ആകാശം കറുപ്പണിഞ്ഞു കിടക്കുന്നു.

"കാലംതെറ്റി ഒരു മഴയ്ക്കുള്ള ഭാവമാണോ?"

അനനിയാദ് ജറൂസലേമിലാകെ അവനെ അന്വേഷിച്ചു. കണ്ടവരോടൊക്കെ ചോദിച്ചു:

"നസ്രായനായ യേശുവിനെ കണ്ടോ?"

എല്ലാവരും അവനെ കണ്ടവരായിരുന്നു. പക്ഷേ, അവൻ എവിടെയെന്ന് ആർക്കുമറിയില്ലായിരുന്നു.

ജറൂസലേം തെരുവിലൂടെയും ദേവാലയാങ്കണത്തിലൂടെയും ഒരാൾ യേശുവിനെ അന്വേഷിച്ചലയുന്നു എന്ന വിവരം മഹാപുരോഹിതനായ കയ്യഫാ അറിഞ്ഞു. അയാൾ ആളയച്ച് അനനിയാദിനെ വിളിപ്പിച്ചു.

"നീ ആരെയാണ് അന്വേഷിക്കുന്നത്?" കയ്യഫാ ചോദിച്ചു.

"നസ്രായനായ യേശുവിനെ..."

"എന്തിന്... എന്തിനാണ് ആ ദൈവദൂഷണം പറയുന്നവനെ അന്വേഷിക്കുന്നത്?"

"അവൻ ദൈവദൂഷണം പറയുന്നില്ല. അവൻ ദൈവത്തിൽനിന്നുള്ള മിശിഹായാണെന്നു ഞാനറിയുന്നു. ഞാനവനെ കണ്ടിട്ടില്ല. പക്ഷേ, അവനിലെ ശക്തി സൗഖ്യമാക്കിയ പലരെയും ഞാൻ കണ്ടു."

"നീ അവനിൽ വിശ്വസിക്കുന്നോ... അവനെ ഒരിക്കൽപ്പോലും കാണാൻ കഴിയാതിരുന്നിട്ടും..."

"തീർച്ചയായും. കാരണം, ഇസ്രായേൽജനം കാത്തിരുന്ന രക്ഷകൻ അവൻതന്നെയാണ്. വിശുദ്ധ ലിഖിതങ്ങൾ ആയതിന് സാക്ഷ്യം നല്കുന്നുണ്ടല്ലോ."

കയ്യഫാ ചുറ്റും നിന്നിരുന്ന ഫരിസേയരെ നോക്കി. എന്നിട്ട് എല്ലാവർക്കുംവേണ്ടിയെന്നപോലെ പറഞ്ഞു:

"അതേ, വിശുദ്ധ ലിഖിതങ്ങൾ സാക്ഷ്യം നല്കുന്നു. ഞങ്ങളും അവനിൽ വിശ്വസിക്കുന്നു. ആയതുകൊണ്ട് അവനെ എവിടെക്കണ്ടാലും രഹസ്യമായി ഞങ്ങളെ വിവരമറിയിക്കണം. ഞങ്ങൾ മുപ്പതു വെള്ളിനാണയങ്ങൾ നിനക്കു പ്രതിഫലമായിത്തരും."

കയ്യഫാ അവനെ പറഞ്ഞയച്ചു. അനനിയാദ് കയ്യഫായുടെ അരമനയിൽനിന്നു പുറത്തിറങ്ങി.

മുഖ്യപുരോഹിതന്മാരും ഫരിസേയരും കൂട്ടം ചേർന്ന് ആലോചനാസംഘം വിളിച്ചുകൂട്ടി.

"നാം എന്താണു ചെയ്യേണ്ടത്. ആ മനുഷ്യൻ വളരെയേറെ അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ. അവനെ ഇങ്ങനെ വിട്ടാൽ ജനങ്ങളെല്ലാം അവനിൽ വിശ്വസിക്കുകയും റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനങ്ങളെയും നശിപ്പിക്കുകയും ചെയ്യുമല്ലോ..."

അപ്പോൾ കയ്യഫാ പറഞ്ഞു.

"നിങ്ങൾക്കെന്തറിയാം. ജനത ഒന്നടങ്കം നശിക്കാതിരിക്കാൻ ജനത്തിനുവേണ്ടി ഒരുവൻ മരിക്കുന്നതാണ് നല്ലത്. അത് നിങ്ങൾ മനസ്സിലാക്കാത്തതെന്ത്?"

അയാൾ അതു സ്വയം പറഞ്ഞതല്ല. ജനതയ്ക്കുവേണ്ടി, ജനതയ്ക്കുവേണ്ടി മാത്രമല്ല ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചുകൂട്ടാൻവേണ്ടി യേശു മരിക്കണം എന്ന് ആ വർഷത്തെ മഹാപുരോഹിതൻ എന്ന നിലയിൽ അയാൾ പ്രവചിക്കുകയായിരുന്നു.

അന്നുമുതൽ യേശുവിനെ എങ്ങനെയെങ്കിലും വധിക്കാനുള്ള വഴികളെക്കുറിച്ച് അവർ ആലോചിച്ചുകൊണ്ടിരുന്നു. അവനെ കണ്ടാൽ രഹസ്യമായി വിവരം ധരിപ്പിക്കാൻ അവർ പലരെയും ചട്ടംകെട്ടിയിരുന്നു. ഇപ്പോൾ അനനിയാദിനെയും.

സമ്പന്നതയുടെ നടുവിൽനിന്നു വന്ന അനനിയാദിനെ യഹൂദന്മാരുടെ മുപ്പതു വെള്ളിനാണയങ്ങൾ പ്രലോഭിപ്പിച്ചില്ല. പുരോഹിതന്മാരുടെയും ഫരിസേയന്മാരുടെയും മനസ്സിലിരുപ്പ് അവന് മനസ്സിലായിരുന്നതുമില്ല. അവന്റെ ചിന്ത യേശുവിനെ കാണുകയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്യുക എന്നതിലുപരി ഒന്നിലേക്കും വ്യാപരിച്ചിരുന്നുമില്ല.

യേശുവാകട്ടെ, യഹൂദന്മാരുടെ ഗൂഢാലോചന മനസ്സിലാക്കിയതുകൊണ്ട് അവരുടെ ഇടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അവൻ അവിടെനിന്ന് മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിലേക്കു പോയി. ശിഷ്യന്മാരോടൊത്ത് അവിടെ പാർത്തു.

അനനിയാദാകട്ടെ യേശുവിനെ തേടി യഹൂദിയായിലെങ്ങും കറങ്ങി.

മരുഭൂമിയിൽ അവൻ യേശുവിനെ അന്വേഷിച്ചു, കണ്ടില്ല.

മൃഗതൃഷ്ണകൾ പൂക്കുന്ന മരുഭൂമിയിലെ കാറ്റിനോടവൻ ചോദിച്ചു:

"ആ നസ്രായനെ കണ്ടോ...?"

കാറ്റ് അവിടവിടെ മണൽക്കൂനകൾ സൃഷ്ടിച്ചു കടന്നുപോയതല്ലാതെ പ്രതികരിച്ചില്ല. പാലസ്തീനായുടെ തെക്കേയറ്റം ചാവുകടൽത്തീരംവരെ അവനെ തേടി. കണ്ടില്ല. തിരമാലകളോടവൻ ചോദിച്ചു:

"കാലിത്തൊഴുത്തിൽ പിറന്ന ഇസ്രായേലിന്റെ രാജാവിനെ കണ്ടോ?"

അവ ഇളകിത്തുള്ളി തീരത്തേക്കു വന്നതല്ലാതെ മറുപടി പറഞ്ഞില്ല. യോർദാൻ നദിക്കരയിലെ പക്ഷികളോടവൻ തിരക്കി:

"ആ തച്ചന്റെ മകനെ കണ്ടോ?"

അവ നദിപ്പരപ്പിൽനിന്ന് എന്തോ കൊത്തിപ്പെറുക്കി പറന്നതല്ലാതെ ശബ്ദിച്ചില്ല.

ഗലീലിയാക്കടലിലെ മുക്കുവനോടവൻ തിരക്കി:

"ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാടിനെ കണ്ടോ?" അവരും കൈമലർത്തി.

ശാരോൺ താഴ്‌വരയിലെ ആപ്പിൾമരങ്ങളോടും ഒലിവുമലയുടെ താഴ്‌വാരത്തിലെ മാതളനാരകങ്ങളോടും അവൻ തിരക്കി:

"ലോകത്തിന്റെ രക്ഷകനായ മിശിഹായെ കണ്ടോ?" അവ ശാഖികൾ താഴ്ത്തിപ്പിടിച്ച് അവനു നേരേ മിണ്ടടക്കം പാലിച്ചു.

അനനിയാദിന്റെ കണ്ണിൽ ഇരുട്ട് നിറഞ്ഞു. സൂര്യൻ ഇരുണ്ടു പോയതാണോ...?"

എവിടെനിന്നോ ഭീതിദങ്ങളായ മുഴക്കങ്ങൾ അവൻ കേട്ടു. അഗ്നിപർവതങ്ങൾ പൊട്ടിച്ചിതറുകയാണോ? ഭൂമി കുലുങ്ങുന്നതുപോലെ അവനു തോന്നി. കാറ്റ് അതിന്റെ എല്ലാ രൗദ്രഭാവത്തോടുംകൂടി ചൂളംകുത്തിപ്പായുകയാണ്. കടൽ ആകാശം മുട്ടെ തിരമാലകളുയർത്തി ഇളകിമറിയുകയാണ്. ലോകം അവസാനിക്കുകയാണോ? അവൻ ഭൂമിയിൽ മുട്ടുകുത്തി ആകാശത്തോട് കണ്ണുകളും കരങ്ങളുമുയർത്തി വിലപിച്ചു.

"ദൈവപുത്രാ നീ എവിടെ?"

അവനപ്പോൾ എന്തായിരുന്നു എന്നോ എവിടെയായിരുന്നു എന്നോ അവനുതന്നെ നിശ്ചയമില്ലായിരുന്നു. അവന്റെ കാഴ്ചയും അവന്റെ മനസ്സും അവനിൽനിന്ന് എടുക്കപ്പെട്ടിരുന്നു. അവൻ ഒരു ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിച്ചു. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അലറിക്കരഞ്ഞു. ഒരു പിശാചുബാധിതനെപ്പോലെ അവൻ പ്രവർത്തിച്ചു.

എട്ടുദിക്കും പൊട്ടുമാറ് ആകാശത്തിൽ ഇടിമുഴങ്ങി. മിന്നൽപ്പിണറുകൾ അഗ്നിനാളംപോലെ ഭൂമിയിലേക്കിറങ്ങിവന്നു. മേഘപാളികൾ അടർന്നുപതിക്കുന്നതുപോലെ മഴ ഭൂമിയിൽ വീണു. മഴയിൽ അലറിവിളിച്ചുകൊണ്ട് അനനിയാദ് ഓടി. അവനും ആകാശത്തിനുമിടയിൽ മഴ കാരുണ്യമില്ലാതെ പെയ്തുകൊണ്ടിരുന്നു.

ശേഷം 13-ാം പേജിൽ

# സമാന്തരസിനിമയുടെ കഥാപുരുഷൻ

## അടൂർ ഗോപാലകൃഷ്ണന് ജൂലൈ മൂന്നിന് എൺപത്

■ രാഖി നാരായണൺ

മലയാളസിനിമയുടെ പ്രശസ്തി ലോകത്തിന്റെ നിറുകയിൽ എത്തിച്ച അടൂർ ഗോപാലകൃഷ്ണൻ എൺപതിന്റെ നിറവിൽ. സമാന്തരസിനിമയുടെ തലതൊട്ടപ്പനായ അടൂർ നിശ്ശബ്ദസിനിമകളിലൂടെ മലയാളത്തനിമ അന്താരാഷ്ട്രവേദികളിൽ എത്തിച്ചു.

1941 ജൂലൈ മൂന്നിന് പത്തനംതിട്ട ജില്ലയിലെ അടൂരിൽ മാധവൻ ഉണ്ണിത്താന്റെയും ഔട്ടത്തുവീട്ടിൽ ഗൗരിക്കുഞ്ഞമ്മയുടെയും മകനായി ജനിച്ചു.

സ്കൂൾ കാലത്തുതന്നെ കലാപ്രവർത്തനങ്ങളിൽ ആകൃഷ്ടനായി. നാടകമായിരുന്നു മുഖ്യയിനം. സ്വന്തമായി നാടകങ്ങൾ എഴുതുകയും ചെയ്തിരുന്നു. പന്തളം എൻ.എസ്.എസ്. കോളജിൽ ബി.എസ്.സി. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ഭാരത് സേവക് സമാജത്തിൽ ഓർഗനൈസറായി നിയമിതനായി. പിന്നീട് നാഷണൽ സാംപിൾ സർവേയിൽ ജോലി കിട്ടി. പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിനു വേണ്ടിയുള്ള ഒരു വിവരശേഖരണപരിപാടിയായിരുന്നു അത്. ആയിടയ്ക്കുതന്നെ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവേശനപ്പരീക്ഷയിൽ ഒന്നാംറാങ്കും മെരിറ്റ് സ്കോളർഷിപ്പും കരസ്ഥമാക്കി അഡ്മിഷൻ നേടി.

1965 ൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ചലച്ചിത്രപഠനം പൂർത്തിയാക്കി. അതേ വർഷംതന്നെ സഹപാഠിയായിരുന്ന കുളത്തൂർ ഭാസ്കരൻ നായരും ലത്തീഫ്, മേലാറ്റൂർ രവിവർമ, ശബ്ദലേഖകനായിരുന്ന ദേവദാസ് എന്നിവരുമായിച്ചേർന്ന് കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റിയായ ചിത്രലേഖ സിനിമാ സൊസൈറ്റി സ്ഥാപിച്ചു. സിനിമാസാഹിത്യം വളരെ ശുഷ്കമായിരുന്നു. അക്കാലത്ത്. ചിത്രലേഖ ഫിലിം സുവനീർ എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ഗസ്റ്റ് ലക്ചറന്മാരിൽ പലരുടെയും ക്ലാസുകളുടെ നോട്ടുകൾ തയ്യാറാക്കി അവരുടെ അനുവാദത്തോടെ ചിത്രലേഖയിൽ പ്രസിദ്ധീകരിച്ചിരുന്നു. സിനിമയുടെയും സാങ്കേതികത്വവും മറ്റ് അറിവുകളും സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഈ പ്രസിദ്ധീകരിണം സഹായകമായിരുന്നു. അന്നത്തെ കേരളാ ഗവർണർ ഭഗവാൻ സഹായ് ഉദ്ഘാടനം ചെയ്തനുഗ്രഹിച്ച ചിത്രലേഖ ഫിലിം സൊസൈറ്റിയിൽ ആദ്യം പ്രദർശിപ്പിച്ചത് ലാൻഡ് ഓഫ് ഏയ്ഞ്ചൽസ് എന്ന ഹംഗേറിയൻ ചിത്രമാണ്. സിനിമകളുടെ നിർമാണവും വിതരണവും പ്രദർശനവും നിർവഹിക്കുന്നതിനാണ് ചിത്രലേഖ ഫിലിം സൊസൈറ്റി മുൻഗണന നൽകിയിരുന്നത്.



1972 ലാണ് ‘സ്വയംവരം’ സംവിധാനം ചെയ്തുകൊണ്ട് ചലച്ചിത്രരംഗത്തേക്കു കടന്നുവരുന്നത്. ഗാന – നൃത്തരംഗങ്ങൾ ഇല്ലാത്ത സിനിമ സങ്കല്പിക്കാൻപോലും കഴിയാതിരുന്ന കാലഘട്ടത്തിൽ അഭിനയപ്രാധാന്യമുള്ള സ്വയംവരം പലർക്കും ദഹിച്ചിരുന്നില്ല. എങ്കിലും ഒരു വിഭാഗം പ്രേക്ഷകർ ഈ സിനിമ ഏറ്റെടുത്തു. പിന്നീട്, കൊടിയേറ്റം, എലിപ്പത്തായം, മുഖാമുഖം, അനന്തരം, മതിലുകൾ, വിധേയൻ, കഥാപുരുഷൻ, നിഴൽക്കൂത്ത്, നാലുപെണ്ണുങ്ങൾ, ഒരു പെണ്ണും രണ്ടാണും, പിന്നെയും തുടങ്ങിയ സിനിമകൾ ആ അനുഗൃഹീത തൂലികയിൽനിന്നു പിറവിയെടുത്തു. ദി ലൈറ്റ്, എ ഗ്രേറ്റ് ഡേ, എ ഡേ അറ്റ് കോവളം, എ മിഷൻ ഓഫ് ലൗ തുടങ്ങിയ ഡോക്യൂമെന്ററികളും ചെയ്തു.

1984 ൽ പത്മശ്രീയും 2006 ൽ പദ്മവിഭൂഷണും നല്കി രാഷ്ട്രം അടൂർ ഗോപാലകൃഷ്ണനെ ആദരിച്ചു. സിനിമാരംഗത്തുള്ള ആജീവനാന്ത സംഭാവനകൾക്കായി 2005 ൽ ദാദാ സാഹിബ് ഫാൽക്കെ അവാർഡ്. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ, മികച്ച സംവിധായകനും തിരക്കഥാകൃത്തിനുമുള്ള അവാർഡുകൾ, ജെ.സി. ദാനിയേൽ അവാർഡ് തുടങ്ങിയവ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്രസിനിമ നിരൂപകരുടെ അവാർഡ് അഞ്ചു തവണ ലഭിച്ചു.

സിനിമയുടെ ലോകം, സിനിമാലോകം, സിനിമ സാഹിത്യം ജീവിതം എന്നിവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. തിരക്കഥകളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സമൂഹത്തിൽ സിനിമയുടെ സാധ്യതകളെക്കുറിച്ച് വിശദമായി മനനം ചെയ്താണ് അദ്ദേഹം ഓരോ സിനിമയും ചെയ്യുന്നത്. തന്റെ മാന്ത്രികക്കൈകൾകൊണ്ട് അദ്ദേഹം മലയാളത്തിനു സമ്മാനിച്ചത് ലോകസിനിമയിലെതന്നെ മികച്ച സൃഷ്ടികളാണ്. മലയാളസിനിമയ്ക്ക് നിശ്ശബ്ദവസന്തം സമ്മാനിച്ച അടൂർ ഇപ്പോഴും പുതിയ സിനിമകളുടെ പണിപ്പുരയിലാണ്. ■

---

**ചരിത്രത്തിലെ ജ്വാലാമുഖികൾ**

# ഇന്ത്യൻ ഫെമിനിസത്തിന്റെ മാതാവ്

■ വത്സല നിലമ്പൂർ

സമൂഹത്തിലെ ഭൂരിപക്ഷ നിലപാടുകൾ ചോദ്യം ചെയ്യുന്നതോടൊപ്പം നവോത്ഥാനമൂല്യങ്ങൾക്ക് അടിവരയിടാൻ ജീവിതം തന്നെ പണയപ്പെടുത്തിയ പല സ്ത്രീകളെയും നമുക്കറിയാം. ഇവരിൽ പ്രധാനിയാണ് ഇന്ത്യയിലെ ഫെമിനിസത്തിന്റെ മാതാവെന്നു ചരിത്രം വിശേഷിപ്പിക്കുന്ന സാവിത്രി ഫൂലെ.

1831 ജനുവരി മൂന്നിന് സാവിത്രി ഭായി എന്ന സാവിത്രി ഫൂലെ മഹാരാഷ്ട്രയിൽ ജനിച്ചു. ഒമ്പതു വയസ്സുള്ളപ്പോൾ പതിമൂന്നുകാരനായ ജ്യോതിറാവു ഫൂലെയുമായുള്ള വിവാഹം നടന്നു. ജ്യോതിറാവുവിന്റെ പ്രോത്സാഹനം നിമിത്തം സ്കൂളിൽ പോയി പഠിച്ച് അധ്യാപികയായി. 1848 ഓഗസ്റ്റിൽ ബുധവാർ പേട്ടയിലെ ഭിഡെവാഡയിൽ, വിദ്യാഭ്യാസം ചെയ്യാനവകാശമില്ലാതിരുന്ന ചമാർ, മഹർ, മാംഗ് തുടങ്ങിയ അസ്പൃശ്യ ജാതികളിൽപ്പെട്ടവർക്കായി അവർ ഒരു സ്കൂൾ ആരംഭിച്ചു.



സാവിത്രി ഫൂലെ

ജ്യോതിറാവു ഫൂലെ രൂപം നൽകിയ സത്യശോധക് സമാജിന്റെ (സത്യാന്വേഷക സംഘടന) എല്ലാ പ്രവർത്തനങ്ങളിലും സാവിത്രി ഭായി ഭാഗഭാക്കായി. സംഘടനയുടെ നേതൃത്വത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം മാത്രമല്ല, വിധവാവിവാഹം പ്രോത്സാഹിപ്പിക്കുകയും വിധവകളുടെ മക്കൾക്കായി അനാഥാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

അനാഥരായ സ്ത്രീകൾക്കായി സാവിത്രിയുടെ നേതൃത്വത്തിൽ ഒരു അഭയകേന്ദ്രം 1854 ൽ ആരംഭിച്ചത് ഒരു ചരിത്രസംഭവമായിരുന്നു. നിരവധി സ്ത്രീകൾ ഇവിടേക്ക് വന്നുകൊണ്ടേയിരുന്നു. എല്ലാ വിഭാഗം സ്ത്രീകളും ഇവിടെ സുരക്ഷിതരായി ജീവിച്ചു. ഇവരുടെ ദൈനംദിന കാര്യങ്ങൾ നോക്കുന്നതിനൊപ്പം അവരിൽ പലരെയും വിവാഹം കഴിച്ച് അയപ്പിക്കുന്നതിനും സാവിത്രി ഫൂലെ നേതൃത്വം നൽകി. സ്ത്രീകളുടെ ഉന്നമനത്തിനായി പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചതിനാലാണ് ’ഇന്ത്യൻ ഫെമിനിസത്തിന്റെ മാതാവ്’ എന്ന് സാവിത്രി ഫൂലെയെ വിളിക്കുന്നത്. സാവിത്രിയുടെ സാമൂഹികപ്രവർത്തനത്തിനു വലിയ എതിർപ്പാണ് അക്കാലത്തു നേരിടേണ്ടിവന്നത്.

ആതുരസേവനരംഗത്തും അവർ സജീവമായിരുന്നു. പ്ലേഗ് പടർന്നുപിടിച്ചപ്പോൾ ആ സ്ഥലങ്ങളിലെത്തി രോഗം ബാധിച്ചവരെ പരിചരിക്കുന്നതിന് സാവിത്രി ഫൂലെ മുമ്പന്തിയിൽനിന്നു. ഒടുവിൽ രോഗം പകർന്നാണ് 1897 മാർച്ച് 10 ന് സാവിത്രി ഫൂലെ അന്തരിക്കുന്നത്. 1852 നവംബർ 16 ന് ബ്രിട്ടീഷ് ഗവൺമെന്റ് ഫൂലെ ദമ്പതികളെ ആദരിക്കുകയുണ്ടായി. വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്ക് ‘മികച്ച അധ്യാപിക’ (best teacher) ആയും സാവിത്രിബായ് പ്രഖ്യാപിക്കപ്പെട്ടു.

തങ്ങളുടെ ശരികൾ തുറന്നു പറയുന്ന, സമൂഹത്തിലെ ശരികേടുകൾക്കെതിരേ പ്രതികരിക്കുന്ന ജീവിതത്തിലെ ഏതു തുറയിൽപ്പെടുന്ന സ്ത്രീകളാണെങ്കിലും, നമുക്ക് അഭിമാനിക്കാം. എന്തെന്നാൽ, സാവിത്രി ഫൂലെ നടന്നുപോയ വഴികളാണ് നമുക്കു മുമ്പിലുള്ളത്. ■



ഡോ. ജോർജ് തയ്യിൽ




# രോഗിയെ അടുത്തറിയണം; ഡോക്ടറെയും

ഇന്ത്യയിലെ സാധാരണക്കാരന്റെ ആരോഗ്യനിലവാരം എത്ര സുരക്ഷിതമാണ് എന്നതിനെപ്പറ്റി പല പഠനങ്ങളും നടക്കുന്നുണ്ട്. എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യം, വീട് ഇങ്ങനെ മധുരമോഹനവാഗ്ദാനങ്ങൾ നമ്മുടെ ഓരോ സർക്കാരും പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ, രാജ്യാന്തരസൂചികയിൽ ഇക്കാര്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം ഏറെ പിന്നിലാണെന്ന വസ്തുത പലർക്കുമറിയില്ല. 1990-2016 വരെയുള്ള കാലഘട്ടത്തിൽ ആരോഗ്യരംഗത്തുണ്ടായ വികസനങ്ങളെ ക്രോഡീകരിച്ചു നടന്ന ഒരു പഠനത്തിൽ, 188 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 127-ാമതാണ്. രാജ്യത്തെ ആരോഗ്യനയം പൊളിച്ചെഴുതേണ്ടതിന്റെ ആവശ്യകതയാണിതു ചൂണ്ടിക്കാണിക്കുന്നത്.

തൃപ്തികരമായ ആരോഗ്യപാലനം പ്രാവർത്തികമാക്കാൻ പറ്റാതെ പോകുന്നതിന്റെ മറ്റൊരു പ്രധാന കാരണം ഡോക്ടർമാരുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവുതന്നെ. കേരളത്തിലും പൊതുവായി ഇന്ത്യയിലും രോഗവും രോഗികളുടെ എണ്ണവും കൂടിവരുമ്പോൾ അതു കൈകാര്യം ചെയ്യേണ്ട ഡോക്ടർമാരുടെ എണ്ണം കുറയുന്നു. കേരളത്തിൽ ഒരു അലോപ്പതി ഡോക്ടർ ചികിത്സിക്കേണ്ടിവരുന്നത് ശരാശരി 6810 പേരെയാണെന്ന് കേന്ദ്രം പുറത്തിറക്കിയ ദേശീയ ആരോഗ്യനിലവാരരേഖ വ്യക്തമാക്കുന്നു. ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന ഡോക്ടർ - രോഗി അനുപാതത്തിന്റെ (1:1000) ആറു മടങ്ങാണിത്. ദേശീയതലത്തിൽ ശരാശരി 11082 പേർക്ക് ഒരു ഡോക്ടറെന്ന സ്ഥിതിയാണുള്ളത്. കേരളത്തിൽ 2017 വരെയുള്ള കണക്കനുസരിച്ച് 55251 അലോപ്പതി ഡോക്ടർമാരാണുള്ളത്. 833 ഡോക്ടർമാരാണ് 2017 ൽ മെഡിക്കൽ കൗൺസിലുകളിൽ രജിസ്റ്റർ ചെയ്തത്. 2016 ൽ ഇത് 3355 ആയിരുന്നു.

ഈ പ്രതികൂലസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വേണം നാം ഡോക്ടർ-രോഗീബന്ധത്തിന് പുതിയ നിർവചനങ്ങൾ നൽകാൻ. ചികിത്സാമുറിക്കുമുമ്പിലെ നീണ്ട ക്യൂ, വിശ്രമമില്ലാത്ത ജോലി, ദ്രുതഗതിയിൽ രോഗശാന്തി ലഭിക്കണമെന്ന രോഗികളുടെയും ബന്ധുക്കളുടെയും പിടിവാശി എന്നിവയൊക്കെ ഡോക്ടർമാരെ വലയ്ക്കുന്നു. ചികിത്സകൾ ഫലപ്രദമാകാൻ പ്രധാനമായി മൂന്നു തത്ത്വങ്ങളിലധിഷ്ഠിതമായി പ്രവർത്തിച്ചേ പറ്റൂ. രോഗിയെ നിരാലംബമാക്കുന്ന വേദനയും മറ്റു ശാരീരികാസ്വാസ്ഥ്യങ്ങളും അകറ്റി രോഗശാന്തി നൽകുന്നതാണ് ആദ്യത്തേത്. എന്നാൽ, ചികിത്സയിൽ രോഗിക്കു ഹാനികരമാകുന്നതും കൂടുതൽ സങ്കീർണമാകുന്നതുമായ ഏതു ചുവടുവയ്പ്പും ഒഴിവാക്കണമെന്നതാണ് രണ്ടാമത്തെ തത്ത്വം. മൂന്നാമത്തേത്, രോഗിക്ക് പരിപൂർണപങ്കാളിത്തം കൊടുത്തുകൊണ്ടുള്ള ചികിത്സാരീതിയാണ്. ഏതുതരം ചികിത്സ, എത്ര ചെലവു വരും തുടങ്ങിയ കാര്യങ്ങളെ പരിഗണിച്ച് തീരുമാനങ്ങൾ കൈക്കൊള്ളാൻ രോഗിക്ക് ഇതുവഴി അവസരം ലഭിക്കുന്നു. ഇവ രോഗിയുടെ അവകാശംകൂടിയാണെന്നു മനസ്സിലാക്കണം. രോഗാശ്വാസസാധ്യതകളെപ്പറ്റിയും ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെപ്പറ്റിയും തികച്ചും സുതാര്യവും വ്യക്തവുമായി രോഗിയും ബന്ധുക്കളുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നു. ഇവിടെ രോഗിയുടെയും ബന്ധുക്കളുടെയും പരിമിതമായ വൈദ്യപരിജ്ഞാനം തീരുമാനങ്ങളെടുക്കുന്നതിനു വിലങ്ങുതടിയാകാമെങ്കിലും തുറന്ന ചർച്ചകളിലൂടെ ഡോക്ടർ ഇതിനു പരിഹാരം കണ്ടെത്തണം.

ഈയടുത്തകാലത്ത് ഡോക്ടർമാർക്കും ആശുപത്രികൾക്കും എതിരേയുണ്ടായ സംഘർഷങ്ങളുടെയും ആക്രമണങ്ങളുടെയും കാരണങ്ങൾ പഠിച്ചാൽ, ഡോക്ടർമാരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയെക്കാൾ രോഗിയുടെയും ബന്ധുക്കളുടെയും ഭാഗത്തുനിന്നുള്ള അതിരുകടന്ന അവകാശവാദങ്ങളും ധാർഷ്ട്യവും അക്രമമനോഭാവവുമാണെന്നു തെളിയുന്നു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗി മരണമടഞ്ഞാൽ ഉടൻ ഡോക്ടർക്കും ആശുപത്രിക്കുമെതിരായി തിരിയുകയാണ്. ചികിത്സയിൽ അനാസ്ഥയോ പിഴവോ ഉണ്ടായോയെന്നു മനസ്സിലാക്കാൻ മുതിരാതെ അക്രമാസക്തരാകുകയാണ്. ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ച് ഡോക്ടർമാർ ആത്മാർത്ഥമായി ശ്രമിച്ചാൽ ഏതു രോഗവും സുഖപ്പെടുത്താമെന്നും മരണം പൂർണമായും ഒഴിവാക്കാൻ സാധിക്കുമെന്നുമുള്ള തെറ്റായ ധാരണ സമൂഹത്തിൽ രൂഢമൂലമായിരിക്കുന്നു. ഡോക്ടർമാരുടെ മികവിനും നിയന്ത്രണത്തിനുമുപരിയായി പല കാരണങ്ങളാൽ മരണം സംഭവിക്കാമെന്ന സാമാന്യപരിജ്ഞാനംപോലും ജനങ്ങൾക്കില്ല. തൽഫലമായി പിഴവുകൾമൂലം മാത്രമേ മരണം സംഭവിക്കൂ എന്ന ധാരണയുടെ വെളിച്ചത്തിൽ ഡോക്ടർമാരും ആശുപത്രികളും ആക്രമിക്കപ്പെടുന്നു.

ഇന്നത്തെ വികലവും അപൂർണവുമായ വൈദ്യവിദ്യാഭ്യാസസിലബസ്മൂലമാണ് അപക്വമതികളായ യുവഡോക്ടർമാർ പലപ്പോഴും രോഗീപരിപാലനത്തിൽ പരാജയപ്പെടുന്നത്. മാതൃഭാഷയ്ക്കും കലയ്ക്കും മെഡിക്കൽ എത്തിക്സിനും പൊതുവിജ്ഞാനത്തിനും പ്രാധാന്യം കൊടുക്കാത്ത സിലബസ്, പുസ്തകപ്പുഴുക്കളായ ഡോക്ടർമാരെയാണു സൃഷ്ടിക്കുന്നത്. സഹജീവികളുടെ വികാരവിചാരങ്ങളിൽ പൂർണപങ്കാളികളാകുന്ന ജനകീയഡോക്ടർമാരെയാണ് നമുക്കാവശ്യം. ■

**മാതൃഭാഷയ്ക്കും കലയ്ക്കും മെഡിക്കൽ എത്തിക്സിനും പൊതുവിജ്ഞാനത്തിനും പ്രാധാന്യം കൊടുക്കാത്ത സിലബസ്, പുസ്തകപ്പുഴുക്കളായ ഡോക്ടർമാരെയാണു സൃഷ്ടിക്കുന്നത്. സഹജീവികളുടെ വികാരവിചാരങ്ങളിൽ പൂർണപങ്കാളികളാകുന്ന ജനകീയഡോക്ടർമാരെയാണ് നമുക്കാവശ്യം.**

# പതിനാലാമെടം

*11-ാം പേജ് തുടർച്ച*

മഴയിലൂടെ എന്തോ വിളിച്ചു കൂവിക്കൊണ്ട് ഓടുന്ന വികൃതനായ മനുഷ്യനെ കണ്ട് ജനങ്ങൾ ആർത്തു ചിരിച്ചു. അവർ വിളിച്ചു പറഞ്ഞു:

"ഭ്രാന്തൻ..."

അനനിയാദ് അവരോടു പൊട്ടിച്ചിരിച്ചു. അവർക്കുനേരേ അവൻ വിളിച്ചു ചോദിച്ചു:

"അവനെ കണ്ടോ? വചനം മാംസമായവനെ?"

അവൻ പരിഹാസത്തോടെ പറഞ്ഞു:

"ഭ്രാന്തൻ... മുഴുഭ്രാന്തൻ..."

കുട്ടികൾ അവനു പിന്നാലേ മഴയിലേക്കിറങ്ങി. അവർ ആർത്തുവിളിച്ചുകൊണ്ട് അവനെ ആട്ടിപ്പായിച്ചു. അവൻ കാലുതട്ടി ഭൂമിയിൽ വീണു. വ്രണം ബാധിച്ച അവന്റെ പാദങ്ങൾ കല്ലുതട്ടി മുറിഞ്ഞു. മുറിവിൽനിന്ന് രക്തം ഒഴുകി. അവനു വേദനിച്ചില്ല. അവൻ വീണ്ടും എഴുന്നേറ്റ് ഓടാൻ തുടങ്ങി. പിന്നാലെ കൂടിയ കുട്ടികൾ നിരത്തിൽനിന്ന് കല്ലുകൾ പെറുക്കി അവനെ എറിഞ്ഞു. ഏറിന്റെ ശക്തിയാൽ അവൻ രണ്ടാംവട്ടവും ഭൂമിയിൽ കമിഴ്ന്നു വീണു. അവന്റെ കൈപ്പത്തികൾ വഴിയിൽ തറഞ്ഞുനിന്നിരുന്ന കല്ലിൽ തട്ടിക്കീറി. അവിടെനിന്നു രക്തമൊലിച്ചു. നിലത്തുവീണു കിടന്ന അവന്റെ കുപ്പായം അവർ വലിച്ചുകീറി. അവനെ ചമ്മട്ടികൊണ്ട് അടിച്ചു. അവന്റെ ദേഹത്തെ തോലു മുറിഞ്ഞുപോയി. അവന്റെ ശരീരമാകെ നീറി. അവൻ വേദനയോടെ പുളഞ്ഞു. കരഞ്ഞു.

അവൻ വീണ്ടും എഴുന്നേറ്റോടി. വിണ്ടുകീറിയ പാദങ്ങൾ നിലത്തുകുത്തി രക്തം കിനിയുന്ന ദേഹവുമായി അവരിൽനിന്നു രക്ഷപ്പെടാനായി അവൻ ഓടി. പക്ഷേ, അധികദൂരം അവനു കഴിഞ്ഞില്ല. മൂന്നാംവട്ടവും അവൻ ഭൂമിയിൽ വീണു. നിലത്തുവീണു കിടക്കുന്ന അവനു ചുറ്റും അവർ നൃത്തം ചവിട്ടി. അവനു മുകളിൽ മഴ നിർദയം പെയ്തുകൊണ്ടിരുന്നു. അവനപ്പോൾ നഗ്നനായിരുന്നു. ശരീരത്തിലെ മുറിവുകളിൽനിന്ന് രക്തം മഴയിലേക്കു വാർന്നുകൊണ്ടിരുന്നു.

അവർ ഞെരിഞ്ഞിൽമുള്ളുകൾ വളച്ചുകെട്ടിയ ഒരു മുടി അവന്റെ ശിരസ്സിൽ അമർത്തിയുറപ്പിച്ചു. അവൻ വേദനകൊണ്ടു പുളഞ്ഞു.

''ദൈവമേ... എന്റെ ദൈവമേ...'' അവന്റെ അന്തരംഗം അബോധത്തിലും അങ്ങനെ മന്ത്രിച്ചു.

അവൻ നിലത്തു മലർന്നു കിടക്കുകയായിരുന്നു. അവന്റെ പിളർന്ന ചുണ്ടുകളിൽ മഴ പെയ്തുകൊണ്ടിരുന്നു. നിലത്തു മഴയിൽ നിശ്ചലനായിക്കിടക്കുന്ന അവനെ അവർ സന്ദേഹിച്ചു. അവൻ സ്നേഹിച്ചു:

"മരിച്ചുവോ...?"

അവരിൽ ഒരാൾ അവന്റെ നെഞ്ചിൽ കൂർത്ത കമ്പുകൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. പക്ഷേ, അവന് അനക്കമില്ലെന്നു കണ്ട് അവനെ അവിടെ ഉപേക്ഷിച്ച് അവർ ഓടിപ്പോയി.

അതുവഴി നടന്നുപോയ യാത്രക്കാർ അവനെ കണ്ട് ഒതുങ്ങിക്കടന്നുപോയി. ഒരു സമേറിയക്കാരൻ അതുവഴി വന്നു. അയാൾ അനനിയാദിന്റെ നഗ്നതയ്ക്കു മേലേ പഴകി പിഞ്ചിത്തുടങ്ങിയ ഒരു ഉത്തരീയമിട്ടു കൊടുത്തു.

ഏതാണ്ട് അഞ്ചാംമണിക്കൂർ വരെ മഴ പെയ്തു. പിന്നെ തോർന്നു. സന്ധ്യവരെ മരങ്ങൾ പെയ്തുകൊണ്ടിരുന്നു. കാറ്റിൽ, കാലം തെറ്റിചെയ്ത മഴയിൽ നനഞ്ഞ ഭൂമിയും മരങ്ങളും തോർന്നു.

ആകാശത്തിന്റെ കിഴക്കേ കമാനത്തിൽ നിലാവ് ഉദയംകൊണ്ടു. നക്ഷത്രങ്ങൾ തെളിഞ്ഞുനിന്നു. നിലാവ് അവനെ പുതപ്പിച്ചു. കാറ്റ് അവനെ തോർത്തിക്കൊണ്ടേയിരുന്നു.

അവനപ്പോൾ ആജന്മസുകൃതംപോലെ ഒരു സ്വപ്നത്തിലായിരുന്നു. സ്വപ്നത്തിൽ അവൻ യേശുവിനെ കണ്ടു. യേശു അവന് ഒരു ദൂരക്കാഴ്ചയായിരുന്നു. അതുകൊണ്ട് മുഖം വ്യക്തമായിരുന്നില്ല.

എങ്കിലും പീലാത്തോസിന്റെ അരമനയിൽ പുരോഹിതപ്രമാണിമാർക്കും പടയാളികൾക്കും മദ്ധ്യേ അവൻ സൗമ്യനും ശക്തനുമായ ഒരാട്ടിൻകുട്ടിയെപ്പോലെയായിരുന്നു എന്നവൻ കണ്ടു.

പീലാത്തോസ് എല്ലാവർക്കും മുമ്പാകെ കൈ കഴുകിക്കൊണ്ട് തന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുകയും അവനെ യഹൂദന്മാർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

അവനെ അവർ മലയിലേക്കു കൊണ്ടുപോയി. അവൻ തോളിൽ ഭാരമുള്ള ഒരു കുരിശുവഹിച്ചിരുന്നു. ശിരസ്സിൽ മുൾമുടിയും. അവർ അവനെ ചമ്മട്ടിക്കൊണ്ടു പ്രഹരിക്കുന്നുണ്ടായിരുന്നു. കുരിശിന്റെ ഭാരം താങ്ങാനാവാതെ അവൻ രണ്ടുമൂന്നു വട്ടമെങ്കിലും നിലത്തുവീണു.

പിന്നിൽ അലമുറയിടുന്ന സ്ത്രീകളോടവൻ എന്തോ പറഞ്ഞു. അതെന്താണെന്ന് അനനിയാദ് കേട്ടില്ല. പിന്നെയും അവൻ കുരിശ് ചുമക്കുകയാണ്. ചാട്ടവാറുകൾ അന്തരീക്ഷത്തിൽ ശീൽക്കാരം മുഴുക്കുന്നുണ്ട്. ആരോ ഒരാൾ അവനെ കുരിശു ചുമക്കുവാൻ സഹായിക്കുന്നുമുണ്ട്.

മലയുടെ മുകളിൽ അവർ അവനെ കുരിശിൽ കിടത്തി. കൈകാലുകൾ ആണികളാൽ കുരിശിൽ തറച്ചു. അവർ കുരിശുയർത്തി നാട്ടി.

അവൻ കുരിശിൽക്കിടന്നു പിടയുന്നത് അനനിയാദ് കണ്ടു. മലയിൽ വലിയൊരു പുരുഷാരം തന്നെ ഉണ്ടായിരുന്നു. അവർ അവനെ പരിഹസിച്ചുകൊണ്ടിരുന്നു.


ജനക്കൂട്ടത്തിന്റെ ശബ്ദകോലാഹലങ്ങൾക്കിടയിലൂടെ യേശുവിന്റെ ശബ്ദം അനനിയാദിനായി കാറ്റെടുത്തുകൊണ്ടുവന്നു:

"അനനിയാദ്... നീ നിന്റെ കുരിശുമായി മലകയറി എന്റെ അടുത്തേക്കു വരിക..."

മഞ്ഞുപോലെ ശീതളവും കടൽപ്പെരുക്കംപോലെ മുഴക്കവുമുള്ള ആ ശബ്ദം വന്ന് അനനിയാദിനെ തൊട്ടുവിളിച്ചു.

ആ വിളി കേട്ടാറെ അനനിയാദ് മയക്കം ഞെട്ടി. നിലാവിലേക്കു കണ്ണുമിഴിച്ചു.

(തുടരും)




**ജൂലൈ 11**
**കൈത്താക്കാലം ഒന്നാം ഞായർ**



1 രാജാ. 18:30–39
ശ്ലീഹ.5:12–20
1 കോറി. 1:9–16
ലൂക്കാ.14:7–14

ഡോ. എമ്മാനുവേൽ പാറേക്കാട്ട്

# താഴ്മ സ്വർഗത്തിലേക്കുള്ള ഗോവണി

ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. സഭയുടെ വളർച്ചയ്ക്കു നിദാനം മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതവും പ്രഘോഷണവുമാണ്. അതുകൊണ്ടുതന്നെ ഈ കാലത്തിൽ ശ്ലീഹന്മാരെയും രക്തസാക്ഷികളെയും സവിശേഷമാംവിധം നാം ഓർക്കുന്നു. വികലമായ തത്ത്വചിന്തകളുടെയും വിഗ്രഹാരാധനയുടെയും അന്ധവിശ്വാസങ്ങളുടെയും ഈ കാലത്ത് ദൈവവചനംകേട്ട് ഗുണാത്മകമായ വളർച്ച നേടാനുള്ള ആഹ്വാനം സഭാമാതാവ് തരുന്നുണ്ട്.

ആഹാബ് രാജാവ് ജെസെബെലിനെ വിവാഹം ചെയ്തപ്പോൾ രാജ്ഞിയോടൊപ്പം ഇസ്രായേലിലേക്ക് ബാലിന്റെ പ്രവാചകന്മാരും പുരോഹിതന്മാരും എത്തി. ആഹാബ് ബാലിന് സമരിയായിൽ ക്ഷേത്രം നിർമിക്കുകയും ബലിപീഠം സ്ഥാപിക്കുകയും ചെയ്തു. തത്ഫലമായി ഇസ്രായേൽജനം ഏകസത്യദൈവത്തിൽനിന്നകന്നു പോയപ്പോൾ, യഹോവയാണോ ബാൽദേവനാണോ സത്യദൈവം എന്നു തെളിയിക്കാനുള്ള ഏലിയാപ്രവാചകന്റെ ശ്രമമാണ് കൈത്താക്കാലം ഒന്നാം ഞായർ ആദ്യവായനയിൽ നാം കാണുന്നത് (1 രാജാ. 18:30–39).

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് പന്ത്രണ്ടു കല്ലുകൾകൊണ്ടാണ് ഏലിയാപ്രവാചകൻ ബലിപീഠം പണിയുന്നത്. ആലങ്കാരികമായി ഈ ബലിപീഠം ദൈവജനത്തെ മുഴുവനും പ്രതിനിധാനം ചെയ്യുന്നു. പുതിയ നിയമത്തിലേക്കു വരുമ്പോൾ, പന്ത്രണ്ടു ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ട സഭയിൽ, ഈശോ കാൽവരിമലയിൽ അർപ്പിച്ച ബലിയുടെ ഓർമയാചരിക്കുമ്പോൾ അബ്രാഹവും ഇസഹാക്കും യാക്കോബും പന്ത്രണ്ടു ശ്ലീഹന്മാരും പ്രഘോഷിച്ച ഏകസത്യദൈവവിശ്വാസം തന്നെയാണ് നാം സാഘോഷം കൊണ്ടാടുന്നത്. ഏലിയാപ്രവാചകന്റെ ബലിയർപ്പണത്തിന്റെ ഏകവും പരമവുമായ ലക്ഷ്യം ദൈവമഹത്ത്വമാണ്. ഈ കാലഘട്ടത്തിലും മനുഷ്യൻ ഹൃദയത്തിൽ കൊണ്ടുനടക്കുന്ന വിഗ്രഹങ്ങളെ തച്ചുടച്ച് നമ്മുടെയും പൂർവപിതാക്കന്മാരുടെയും ജീവിതത്തിൽ വൻകാര്യങ്ങൾ ചെയ്ത ഏകസത്യദൈവത്തിങ്കലേക്കു നാം തിരിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

രണ്ടാം വായനയിൽ അദ്ഭുതപ്രവർത്തനശാസ്ത്രം പഠിച്ച വ്യക്തികളെയെന്നപോലെ ജനങ്ങൾ ശ്ലീഹന്മാരെ സമീപിക്കുന്നതും അവർവഴി നിരവധി അടയാളങ്ങളും അദ്ഭുതങ്ങളും സംഭവിക്കുന്നതും നാം വായിക്കുന്നു (ശ്ലീഹ. 5:12–20). അപ്പസ്തോലന്മാരെ കാണാൻ വിദൂരദേശങ്ങളിൽനിന്ന് രോഗികളുമായി ജനമെത്തുന്നു. ശ്ലീഹന്മാരുടെ 'നിഴലെങ്കിലും' പതിച്ചാൽ മതി സൗഖ്യം ലഭിക്കും എന്ന വിശ്വാസമാണ് അതിനുപിന്നിൽ. ഈ 'നിഴൽ' പ്രത്യാശയുടെ ഒരടയാളമാണ്. പുറപ്പാടുസംഭവത്തിൽ മേഘത്തിന്റെ നിഴലാണ് മരുഭൂമിയിൽ ഇസ്രായേൽജനത്തിനു തുണയായത്. അതുകൊണ്ട് 'നിഴൽ' മനുഷ്യനെ അവന്റെ സകല ശാരീരികാസ്വസ്ഥതകളിൽനിന്നും സംരക്ഷിക്കുന്ന, വിമോചിപ്പിക്കുന്ന ഒരടയാളമാണ്. ദൈവവചനത്തിന്റെ നിഴലും സാമീപ്യവും അവിടുത്തെ ജനത്തിനു നൽകുന്നതിൽനിന്നു സഭയും അത് സ്വീകരിക്കുന്നതിൽ വിശ്വാസിഗണവും പിന്നാക്കംപോകാൻ പാടില്ലാത്ത സമാനസാഹചര്യങ്ങളിലൂടെയാണ് ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ലൂർദിൽ ദിവ്യകാരുണ്യപ്രദക്ഷിണസമയത്ത് രോഗസൗഖ്യത്തിനായി ദീർഘദൂരം യാത്ര ചെയ്തെത്തുന്ന രോഗികൾ പ്രദക്ഷിണവീഥിയിൽ കാത്തുനിൽക്കുന്നത് അപ്പസ്തോലപ്രവർത്തനങ്ങളിലെ സംഭവത്തെ അനുസ്മരിപ്പിക്കുന്നുണ്ട്.

ലേഖനഭാഗത്തേക്കു വരുമ്പോൾ വിശ്വാസികളുടെയിടയിൽ ഉണ്ടായിരിക്കേണ്ട സ്വരച്ചേർച്ച, ഐക്യം എന്നിവയുടെ പ്രാധാന്യം പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നു. ഭിന്നതകൾ സഭയുടെ വളർച്ചയെ മന്ദീഭവിപ്പിക്കും. വി. ബെനഡിക്ടിന്റെ വളരെ പ്രസിദ്ധമായ ഒരു പ്രമാണം ഇവിടെ പ്രസക്തമാണ്: "CHRISTO OMNINO NIHIL PRAE PONANT." അതായത്, "ഈശോമിശിഹായ്ക്കുപരിയായി നമുക്ക് ഒന്നും ഉണ്ടാകരുത്."

സുവിശേഷത്തിൽ നമ്മുടെ കർത്താവ് പഠിപ്പിക്കുന്ന കാര്യം 'തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്നതാണ് (ലൂക്കാ 14:11). കർത്താവിന്റെ ശിഷ്യൻ വിനയഭാവമുള്ളവൻ ആയിരിക്കണമെന്നതാണ് സാരം. ലത്തീൻ ഭാഷയിൽ 'HUMUS' എന്ന വാക്കിന് മണ്ണ്, പൊടി, നിലം എന്നെല്ലാമർത്ഥമുണ്ട്. ഈ HUMUS എന്ന വാക്കിൽനിന്നാണ് എളിമ, വിനയം എന്നൊക്കെ അർത്ഥമുള്ള 'HUMILIS' എന്ന വാക്ക് വരുന്നത്. എന്താണ് വിനയം എന്ന ചോദ്യത്തിനുത്തരം ഈ മൂലപദത്തിൽനിന്നു സുവ്യക്തമാണ്. നമ്മൾ മണ്ണാണ്, നമ്മൾ പരിമിതരാണ്, നമ്മൾ ഒറ്റപ്പെട്ട സൃഷ്ടികളല്ല, നമ്മൾ മരിക്കും, നമ്മൾ കടന്നുപോകേണ്ടവരാണ് എന്നെല്ലാമുള്ള ഓർമപ്പെടുത്തലുകളോടൊപ്പം നമ്മൾ ദൈവത്തിലാശ്രയിച്ചാൽ ധാരാളം ഫലം പുറപ്പെടുവിക്കാനുള്ള സാധ്യത ഉള്ളിൽ ഉള്ളവരാണ് എന്നുകൂടി ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നു മറിയം ഉദ്ഘോഷിച്ചപ്പോൾ, പുത്രനായ ഈശോ അവളുടെ ഉദരത്തിൽ വാസമുറപ്പിക്കുകയും മനുഷ്യവംശത്തിനു ലഭിക്കാവുന്ന ഏറ്റവും മഹത്തായ ഫലം സംലഭ്യമാക്കുകയും ചെയ്തു. ഈശോമിശിഹായുടെ മനോഭാവം വിനയത്തിന്റേതായിരുന്നുവെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട് (ഫിലി. 2:1–11). ഈശോമിശിഹാ നമ്മെ ഉയർത്തിയതും ഈ മാർഗം സ്വീകരിച്ചുകൊണ്ടാണ്: "അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി, തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പരാകുന്നതിനുവേണ്ടിത്തന്നെ" (2കൊറി. 8:9). വിശുദ്ധ ജോൺ ഹെൻറി ന്യൂമാന്റെ മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്: "ദൈവമേ, നിന്റെ വാസസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായത് പരിശുദ്ധിയാണെന്നിരിക്കേ, നീയെന്റെ ഹൃദയത്തിൽ വസിക്കുന്നു."

സകല തിന്മകളുടെയും പാപങ്ങളുടെയും പെറ്റമ്മയും പോറ്റമ്മയും അഹങ്കാരമാണ് എന്ന് ആത്മീയപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. വി. അഗസ്റ്റിൻ അഹങ്കാരത്തെ നിർവചിക്കുന്നത് 'SIBI NIMIS PLACERE' എന്നാണ്. അതായത്, തന്നിൽത്തന്നെ അതിരുവിട്ട് ആനന്ദിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ. ഈ അവസ്ഥ ദൈവനിഷേധത്തിലേക്കു നയിക്കുന്നു. ദൈവത്തെപ്പോലെയാകാം എന്ന വാഗ്ദാനമാണ് ആദത്തെ ആദിപാപത്തിനു പ്രേരിപ്പിച്ചത്. അഹങ്കാരിക്ക് അതിരുകടന്ന സ്വയംപര്യാപ്തതാബോധം ഉണ്ടാവുകയും ദൈവത്തിനു പകരക്കാരനാകാമെന്ന ചിന്ത അവനിൽ ജനിക്കുകയും ചെയ്തേക്കാം. ആബേലിന്റെ കൊലപാതകത്തിലും (ഉത്പ. 4:1–10) ബാബേൽ ഗോപുരനിർമാണത്തിലുമെല്ലാം (ഉത്പ. 11:1–19) അടിസ്ഥാനപരമായി നിൽക്കുന്ന പാപം അഹങ്കാരമാണ്. അതുകൊണ്ട് വി. ഇസിദോർ പറയുന്നു: "RUINA CUNCTARUM VIRTUTUM". അഹങ്കാരം സകല നന്മകളെയും ഉന്മൂലനം ചെയ്യുന്ന തിന്മയാണ്.

അഹങ്കാരി ദൈവത്തെക്കുറിച്ചും തന്നെക്കുറിച്ചുതന്നെയും തെറ്റായ കാഴ്ചപ്പാടുകൾ കൊണ്ടുനടക്കുന്നവനാണ്. അതുകൊണ്ട് "അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു" (പ്രഭാ. 10:7). "അഹങ്കാരം വിനാശവും അരാജകത്വവും വരുത്തും" (തോബിത്ത് 4:13). "അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്; അഹന്ത അധഃപതനത്തിന്റെയും" (സുഭാ. 16:18). ചുങ്കക്കാരന്റെയും ഫരിസേയന്റെയും ഉപമയിലെ ചുങ്കക്കാരൻ തന്നെക്കുറിച്ചു ശരിയായ അറിവു മനസ്സിൽ കൊണ്ടു നടക്കുന്നവനാണ് (ലൂക്കാ 18, 10–14). അതുകൊണ്ടുതന്നെ പാപിയെന്ന നിലയിൽ ദൈവത്തിന്റെ കരുണയും സ്നേഹവും തനിക്കാവശ്യമാണെന്ന് ഉത്തമബോധ്യവുമുണ്ട്. എന്നാൽ, ഫരിസേയൻ തന്നിൽ പാപമില്ലെന്നു പറയുന്ന ആത്മവഞ്ചകനായി മാറുന്നു (1 യോഹ. 1,8). കർത്താവ് വിനീതരുടെമേലാണ് കാരുണ്യം പൊഴിക്കുന്നതെന്ന് വചനം പഠിപ്പിക്കുന്നു (സുഭാ.3:34).

അഹങ്കാരത്തെ ചെറുത്തുതോല്പിക്കാൻ മിശിഹായുടെ ഓരോ അനുയായിയും ശരിയായ ആത്മാഭിമാനം വളർത്തിയെടുക്കണം. ആത്മാഭിമാനം നമ്മോടുതന്നെയുള്ള ശരിയായ സ്നേഹത്തിൽനിന്നുരുത്തിരിയുന്നവയാണ്. നമ്മെത്തന്നെ യുക്തമായ രീതിയിൽ സ്നേഹിക്കാൻ പഠിച്ചെങ്കിലേ നമുക്ക് മറ്റുള്ളവരെയും സ്നേഹിക്കാൻ കഴിയൂ. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുകയെന്ന് കർത്താവു പറയുമ്പോൾ ഈ യാഥാർത്ഥ്യം ഉൾച്ചേർന്നിട്ടുണ്ട് (മത്താ. 22,39).

എളിമ പരിശീലിക്കുകയെന്നതാണ് അഹങ്കാരത്തിനുള്ള മറുമരുന്ന്. പരി. ഫ്രാൻസീസ് മാർപാപ്പാ കുടുംബജീവിതക്കാരോട് ആവർത്തിച്ചുപറയുന്ന ഒരു കാര്യമുണ്ട്: PLEASE, THANK YOU AND SORRY എന്നീ വാക്കുകൾ ഓരോ കുടുംബത്തിലും മുഴങ്ങിക്കേൾക്കണം. അതു വീടിന്റെ വാതിൽപ്പടിയിൽ എഴുതിച്ചേർക്കേണ്ട സുവർണവാക്കുകളാണ്.

സ്വർഗപ്രാപ്തി ലഭിക്കാൻ നാം ഈ ലോകത്തിലായിരിക്കുമ്പോൾ സത്കർമങ്ങൾ അനുഷ്ഠിക്കുകയും താഴ്മയോടെ പെരുമാറുകയും വേണം. വി. ബെനഡിക്ടിന്റെ അഭിപ്രായത്തിൽ, ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന, സ്വർഗം മുട്ടെ നിൽക്കുന്ന യാക്കോബിന്റെ ഗോവണി ദർശിക്കാനാകും (ഉത്പ. 28:10–19). നമ്മൾ നമ്മെത്തന്നെ എളിമപ്പെടുത്തുമ്പോൾ ഈ ഗോവണി നമ്മെ സ്വർഗത്തിലേക്കടുപ്പിക്കുന്നു.

നമ്മുടെ കർത്താവ് അഷ്ടഭാഗ്യങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്: "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:3). ആത്മാവിൽ ദരിദ്രർ എളിയ മനുഷ്യരാണ്. തന്നെത്തന്നെ ഉയർത്താത്ത, അഹങ്കാരം തെല്ലും ഇല്ലാത്തവരാണ് എളിയവർ. എല്ലാം കർത്താവിന്റെ ഹിതമാണെന്നു തിരിച്ചറിയുന്നവരും അവന്റെ സഹനത്തിൽ പങ്കാളികളാകാൻ സാധിച്ചതിൽ സന്തോഷിക്കുന്നവരുമാണവർ. കുഞ്ഞാടിന്റെ വഴി പിഞ്ചെല്ലുകയും അപമാനം സ്വീകരിക്കുകയും ചെയ്യുമ്പോൾ പ്രതിഫലമായി ഉയർത്തപ്പെടും എന്നവർ വിശ്വസിക്കുന്നു (1പത്രോ. 4:13; 5:5; 5:6). മനുഷ്യരിൽനിന്ന് ആദരവ് സ്വീകരിക്കാതെ സത്കൃത്യങ്ങൾ രഹസ്യത്തിൽ അനുഷ്ഠിക്കാൻ താത്പര്യപ്പെടുന്നവരാണവർ (മത്താ. 6:1–4). സ്വന്തം താത്പര്യം മാത്രം നോക്കാതെ മറ്റുള്ളവരുടെ താത്പര്യം പരിഗണിക്കുകയും (ഫിലി. 2:4); ആരെയും വ്യക്തിപരമായി സ്വാധീനിക്കാതെ ഈശോമിശിഹായുടെ സ്വാധീനവലയത്തിൽ കൊണ്ടുവരുന്നവരുമാണ് (1കൊറി. 2:1–5; 1 കൊറി. 9:19–23) എളിമയുള്ള മനുഷ്യർ.

വിരുന്നുകളെ സംബന്ധിച്ച് കർത്താവു പഠിപ്പിക്കുന്ന രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ സ്വർഗരാജ്യത്തെ സംബന്ധിച്ചും വളരെ ഗൗരവമുള്ളതാണ്. ഒന്നാമതായി നാം താഴ്മയുള്ളവരാകണം. ആദ്യത്തെ അഹങ്കാരിയെന്ന പട്ടം കിട്ടിയിരിക്കുന്നത് ലൂസിഫറിനാണ്. ലൂസിഫർ പ്രകാശം വഹിക്കുന്ന മാലാഖയായിരുന്നു, സുന്ദരനായിരുന്നു; പക്ഷേ, ദൈവത്തെപ്പോലെ ആരാധിക്കപ്പെടണമെന്ന് അവൻ ആഗ്രഹിച്ചു; ദൈവത്തെ എതിർത്തു. വി. ആഗസ്തീനോസ് പറഞ്ഞുവയ്ക്കുന്നുണ്ട്: "മാലാഖയെ ചെകുത്താനാക്കിയത് അവന്റെ അഹങ്കാരമാണെങ്കിൽ മനുഷ്യനെ മാലാഖയാക്കുന്നത് അവന്റെ വിനയമാണ്." ആദരവ് ഒരിക്കലും നമുക്ക് ബലമായി നേടിയെടുക്കാനാകില്ല; മറിച്ച്, സ്നേഹത്താടും സന്തോഷത്തോടുംകൂടി സമ്മാനിക്കപ്പെടേണ്ട ഒന്നാണ്. മാറിക്കൊടുക്കാനും താഴ്മയുള്ളവർക്കേ സാധിക്കൂ. ഈ കാലഘട്ടത്തിലെതന്നെ ഏറ്റവും വലിയ എളിമയുടെ പ്രകരണമായി ബനഡിക്ട് പതിനാറാമന്റെ സ്ഥാനത്യാഗം വ്യാഖ്യാനിക്കപ്പെടുന്നതും അതുകൊണ്ടാണ്.



രണ്ടാമതായി, ഒന്നും പകരം നൽകാനില്ലാത്തവരെ നീ വിരുന്നിനു ക്ഷണിക്കണമെന്ന് കർത്താവു പഠിപ്പിക്കുന്നു. അതായത്, മനുഷ്യരിൽനിന്നു ലഭിക്കുന്ന പ്രതിഫലമല്ല; മറിച്ച്, ദൈവസന്നിധിയിൽ ലഭിക്കുന്ന പ്രതിഫലമായിരിക്കണം നമ്മുടെ ആത്യന്തികലക്ഷ്യം. ■






ബിജോ രാജു ഗ്രേഷ്യസ്

# അമീറ നമ്മുടെ ഇടയിലുണ്ട്

**അ**സഹിഷ്ണുത ആശങ്കകൾക്കു വഴിവച്ച ഒരു കാലഘട്ടത്തിലൂടെയാണു നാം കടന്നുപോകുന്നത്. ഭാരതമണ്ണിൽ ജനിച്ചു വളർന്ന ഒരുവന്റെ പൗരത്വം സാങ്കേതികത്വംകൊണ്ടളന്ന്, ഭ്രഷ്ടു കല്പിക്കുന്ന വ്യവസ്ഥിതിയുടെ ശരിതെറ്റുകളെപ്പറ്റിയുള്ള ചർച്ചകളുടെ തീവ്രത കൊവിഡ് മഹാമാരിമൂലം ഇപ്പോൾ കുറഞ്ഞിട്ടുണ്ടെങ്കിലും, ഈ നിശ്ശബ്ദത മറ്റെന്തിനോവേണ്ടിയുള്ള ഓങ്ങിയൊരുങ്ങലുകളാണോ എന്നറിയില്ല. എങ്കിലും ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യനെ തരംതിരിക്കുന്ന കരിനിയമങ്ങളുടെ ഇരകളായി, ഹൃദയഭേദകമായ വേദനയോടെ ബലിയാടുകളാകേണ്ടിവരുന്ന ഒരുപാട് ബാല്യകൗമാരങ്ങൾ നമ്മുടെയിടയിലുണ്ട്. അത്തരമൊരു യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ഓർമപ്പെടുത്തലാണ് നവാഗതനായ മുഹമ്മദ് റിയാസ് ഷാമോൻ സംവിധാനം ചെയ്ത്, കഴിഞ്ഞ ദിവസങ്ങളിൽ ഒ ടി ടി പ്ലാറ്റ്ഫോമിൽ റിലീസായ അമീറയെന്ന കൊച്ചുസിനിമ.

ഹിന്ദു-മുസ്ലീം ദമ്പതികളുടെ മക്കളാണ് ടൈറ്റിൽ കഥാപാത്രമായ അമീറയും അവളുടെ കുഞ്ഞനുജൻ അമീനും. വർഗീയശക്തികളുടെ ആക്രമണങ്ങളിൽ അപ്പനും അമ്മയും നാടും വീടുമൊക്കെ നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന അവർ മുത്തശ്ശിയോടൊപ്പം ഒരു വൈകുന്നേരം സ്വന്തം വേരുകൾ തേടി ഒരു മലയോര ഗ്രാമത്തിലെ കവലയിൽ വന്നിറങ്ങുന്നിടത്താണ് അമീറ ആരംഭിക്കുന്നത്. മനുഷ്യസ്നേഹിയായ അബ്ദു എന്ന കടക്കാരൻ അവരെ സ്വന്തം വീട്ടിൽ കൊണ്ടുപോയി, അവർക്ക് അത്താണിയായി മാറുകയാണ്. അദ്ദേഹം അമീറയെയും അമീനെയും പടച്ചവൻ കൊടുത്ത മക്കളായിക്കരുതി സ്നേഹിക്കുകയും അവരുടെ എല്ലാമെല്ലാമായി മാറുകയും ചെയ്യുന്നു. അവർക്ക് വിദ്യാഭ്യാസം തുടരാൻ സ്കൂൾ അഡ്മിഷനു ശ്രമിക്കുന്ന അബ്ദു ആദ്യഘട്ടത്തിൽ പരാജയപ്പെടുകയും മറ്റൊരു സർക്കാർ സ്കൂളിൽ അവർക്ക് അഡ്മിഷൻ തരപ്പെടുത്തുകയും ചെയ്യുന്നു. അമീറയുടെയും അമീന്റെയും ജീവിതത്തിൽ വീണ്ടും സന്തോഷത്തിന്റെ നാളുകൾ തുടങ്ങുകയായിരുന്നു.

ഒരുതരത്തിലും മറ്റു മനുഷ്യരെ സമാധാനത്തോടെ ജീവിക്കാൻ അനുവദിക്കില്ലയെന്നുറപ്പിച്ച് കച്ച മുറുക്കി ഇറങ്ങിയിരിക്കുന്ന ഈ രാജ്യത്തിന്റെ കുറെ സ്വയംപ്രഖ്യാപിത കാവലാളുകളുണ്ട്. അവരുടെ കലാപവെറി പൂണ്ട കഴുകൻകണ്ണുകൾ അമീറയുടെയും അമീന്റെയും പിന്നാലെയുണ്ടായിരുന്നു. നിനച്ചിരിക്കാത്ത ഒരു നിമിഷത്തിൽ ആ കുഞ്ഞുമക്കളുടെ മുത്തശ്ശി മരിക്കുകയും അവരുടെ മതാചാരങ്ങൾക്കനുസൃതമായി ആ ശവം ദഹിപ്പിക്കുന്നു. അവിടെ തുടങ്ങുകയാണ് ആ പാവം കുഞ്ഞുങ്ങളുടെ ജീവിതത്തിലെ വെല്ലുവിളികൾ. ആ കുട്ടികൾ നിർബന്ധിത മതപരിവർത്തനത്തിന്റെ ഇരകളാണെന്നു പ്രചരിപ്പിച്ച ചില ദുഷ്ടജന്മങ്ങൾ, സമൂഹത്തിനു മാതൃകയായിരിക്കേണ്ട ഒരു അധ്യാപികയുടെ സഹായത്തോടെ അവരുടെ അസ്തിത്വം മാന്തിയെടുക്കുവാൻ ഒരുമ്പെടുന്നു. മതഭീകരതയ്ക്കുവേണ്ടി ദല്ലാൾപണി ചെയ്ത ആ അധ്യാപികയുടെ കുത്സിതനീക്കത്തിൽ പഠനം മുടങ്ങി, വിങ്ങുന്ന ഹൃദയത്തോടെ വിദ്യാലയത്തിന്റെ പടിയിറങ്ങിപ്പോകുന്ന അമീറയും അമീനും നമുക്കു നൽകുന്നത് ഒരു അതിവേദനയുടെ ചിത്രമാണ്. അവിടെത്തീരുന്നില്ല; ആ കുഞ്ഞുങ്ങളുടെ ഏക അത്താണിയായിരുന്ന അബ്ദു എന്ന ആ നല്ല മനുഷ്യനെ കള്ളക്കേസിൽ കുടുക്കി ജയിലിലിലടയ്ക്കുന്നു. വീണ്ടുമൊരു നല്ലകാലം സ്വപ്നം കണ്ട ആ കുഞ്ഞുങ്ങൾ നിസ്സഹായരായി പ്രാണരക്ഷാർത്ഥം എങ്ങോട്ടെന്നറിയാതെ ഓടുമ്പോൾ പൊലീസിന്റെ പിടിയിലാകുകയും രാജ്യദ്രോഹികളായി ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.



ഈ ഹ്രസ്വചിത്രത്തിൽ അമീറയായി ബാലതാരം മീനാക്ഷി മികച്ച അഭിനയമാണ് കാഴ്ച വച്ചിരിക്കുന്നത്. അമർ അക്ബർ ആന്റണിയിലും ഒപ്പത്തിലും സദൃശ്യവാക്യം 24:29ലുമൊക്കെ നമ്മെ വല്ലാതെ നൊമ്പരപ്പെടുത്തിയ മീനാക്ഷിയുടെ ഒരു ഉജ്ജ്വലകഥാപാത്രംതന്നെയാണ് അമീറയും. കൂടാതെ, അമീനായി മീനാക്ഷിയുടെ കൊച്ചനുജൻ ആരിഷും മിന്നുന്ന പ്രകടനം നടത്തിയിരിക്കുന്നു. രമേഷ് കോട്ടയം ബോബൻ ശാമുവൽ, പുരുഷൻ കോട്ടയം തുടങ്ങിയവരും മികച്ച നിലവാരം പുലർത്തി. ആർ. അനൂപ് പാദുവ തന്റെ കഥയ്ക്ക് സമീർ മുഹമ്മദുമായി ചേർന്നാണ് തിരക്കഥയൊരുക്കിയിരിക്കുന്നത്. ഈ ചിത്രത്തിലെ മലയോരം വെയിൽ കായുന്ന.... മഴ വണ്ടേ വണ്ടേ എന്നീ ഗാനങ്ങൾ മനസ്സിൽ തങ്ങിനില്ക്കും. ■

# ഓൺലൈനിൽ നഷ്ടമാകുന്ന ബാല്യങ്ങൾ!



ഗിഫു മേലാറ്റൂർ

**കൊ**വിഡ് മഹാമാരി ഏറ്റവും ക്രൂരമായ ആഘാതമേല്പിച്ചത് ഏതു മേഖലയിലെന്ന ചോദ്യത്തിന് ഏറ്റവും ശരിയായ ഉത്തരം കുട്ടികളുടെ പഠനത്തിൽ എന്നായിരിക്കും. ഒരു അധ്യയനവർഷത്തെ സ്കൂൾകാലം അവർക്കു നഷ്ടപ്പെട്ടു. മറ്റൊന്നുകൂടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു: ക്ലാസ് മുറി നൽകുന്ന സൗഹൃദത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചലനാത്മകതയുടെയും വലിയ സാധ്യതകൾ. ഓരോ ദിനവും പുതുപുത്തനായി അനുഭവപ്പെടുന്ന സ്കൂൾദിനങ്ങൾക്കുപകരം വീടിനകത്തെ ഇത്തിരി സ്ക്രീനിൽ തെളിയുന്ന പാഠങ്ങളുടെ വിരസതയിലേക്കു കുട്ടികൾ എടുത്തെറിയപ്പെട്ടു. കൊവിഡിന്റെ മൂന്നാം തരംഗം കുട്ടികളെയാണു കൂടുതൽ ബാധിച്ചേക്കുകയെന്ന മുന്നറിയിപ്പുകൾക്കിടെ ക്ലാസ് മുറിയിലേക്കുള്ള തിരിച്ചുപോക്കിനെക്കുറിച്ചു ചിന്തിക്കാൻ ഒരിക്കലും സർക്കാർ തയ്യാറാകില്ല.

**സമ്പർക്കക്ലാസിനു പകരമാകാത്ത ഡിജിറ്റൽ ക്ലാസുകൾ**

ഈ സാഹചര്യത്തെ മറികടക്കാനുള്ള ശ്രമമാണ് ഡിജിറ്റൽ ക്ലാസുകളിലൂടെ നടത്തുന്നത്. അത് ഒരിക്കലും സമ്പർക്കക്ലാസിനു പകരമല്ല. അതുകൊണ്ട് ഡിജിറ്റൽക്ലാസുകളുടെ ഒരു വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ സമഗ്രമായ പഠനം നടത്തി ഏറ്റവും അനുയോജ്യമായ രീതിയിലേക്ക് ഈ സംവിധാനത്തെ പരിവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങളിൽ എന്തൊക്കെ ആഘാതങ്ങളാണ് ഇത്തരം ക്ലാസുകൾ ഉണ്ടാക്കുന്നതെന്ന് ആഴത്തിൽ പഠിക്കണം. ഇപ്പോൾ നടക്കുന്ന ഓൺലൈൻ ക്ലാസുകൾ എത്രകണ്ട് ആകർഷകമാക്കിയാലും കുട്ടികൾക്ക് അത് ആസ്വാദ്യമാകുന്നില്ലെന്നത് വസ്തുതയാണ്. അത് ക്ലാസ് കൈകാര്യം ചെയ്യുന്ന അധ്യാപകന്റെയോ മാർഗനിർദേശങ്ങൾ തയ്യാറാക്കുന്ന വിദഗ്ധരുടെയോ കുഴപ്പമല്ല. ഈ സംവിധാനത്തിന്റെതന്നെ കുഴപ്പമാണ്.

**നഷ്ടമാകുന്ന സൗഹൃദക്കൂട്ടായ്മകൾ**

ചെറിയ കുട്ടികളെക്കാൾ ഹയർ സെക്കൻഡറി, സെക്കൻഡറി ക്ലാസുകളിലുള്ളവർ ഓൺലൈൻ ക്ലാസുകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ, ഇവരും ഈ സമ്പ്രദായത്തോടു വലിയ താത്പര്യം കാണിക്കുന്നില്ലെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ക്ലാസുകളുടെ കൃത്യതയോ മേന്മയോ അല്ല പ്രശ്നം. അധ്യാപകരുമായി നേരിട്ടുള്ള ബന്ധം, സഹപാഠികളുമായുള്ള കൂട്ട്, വീടിനു പുറത്തുള്ള പഠനാന്തരീക്ഷം ഇവയെല്ലാം കുട്ടികൾ കൊതിക്കുന്നു.

**ആശ്വാസകരമായ മുന്നേറ്റം**

ഡിജിറ്റൽ ഡിവൈസിന്റെ പ്രശ്നം ഇപ്പോഴും പൂർണമായി പരിഹരിച്ചിട്ടില്ല. കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും ഇന്റർനെറ്റ് സൗകര്യവുമില്ലാത്തവർ, വൈദ്യുതി കണക്ഷൻ പോലുമില്ലാത്തവർ ഇന്നും ഏറെയുണ്ട്. ആദ്യ ഘട്ടത്തെക്കാൾ ഈ പ്രശ്നത്തെ മറികടക്കാൻ സാധിച്ചിട്ടുണ്ടെന്നത് ആശ്വാസകരമാണ്.



**ശാരീരിക - മാനസികപ്രശ്നങ്ങൾ**

ഡിജിറ്റൽ ക്ലാസുകളുടെ ദൈർഘ്യം ഒരു പ്രശ്നമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. സി ബി എസ് ഇ, ഐസി എസ്ഇ വിദ്യാലയങ്ങളിൽ ഒരു ദിവസം മൂന്നുമുതൽ അഞ്ചുവരെ മണിക്കൂർ നീളുന്ന ഡിജിറ്റൽ ക്ലാസുകളാണ് നടന്നുവരുന്നത്. ഇതു കൂടാതെ, രണ്ടുമുതൽ മൂന്നു വരെ മണിക്കൂർ നീളുന്ന ഡിജിറ്റൽ സ്വകാര്യ ട്യൂഷനുമുണ്ട്. സർക്കാർ സ്കൂളുകളിൽ ഡിജിറ്റൽ ക്ലാസുകളുടെ ദൈർഘ്യം രണ്ടുമുതൽ മൂന്നുവരെ മണിക്കൂർ മാത്രമാണ്. ദീർഘനേരം സ്ക്രീനിൽ നോക്കിയിരിക്കുന്നത് കുട്ടികളിൽ കണ്ണുവേദന, കഴുത്തുവേദന, തലവേദന, മുതുകുവേദന, പൊണ്ണത്തടി തുടങ്ങിയ ശാരീരികപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മാനസികപ്രശ്നങ്ങൾ നിരവധിയുണ്ട്. ഉത്കണ്ഠ, ശ്രദ്ധക്കുറവ്, ഉറക്കക്കുറവ്, വികൃതി, ദേഷ്യം, സ്വഭാവപ്രശ്നങ്ങൾ, ആത്മവിശ്വാസക്കുറവ് എന്നിവ വളരെ പ്രധാനമാണെന്ന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജ് എസ്എടി ആശുപത്രിയിലെ ശിശുരോഗവിഭാഗം അഡീഷനൽ പ്രൊഫസറും ചൈൽഡ് സൈക്യാട്രിസ്റ്റുമായ ഡോ. ജയപ്രകാശ് നിരീക്ഷിക്കുന്നു.

**നിയന്ത്രണങ്ങളിലെ നിസ്സഹായത**

സ്ക്രീൻ അഡിക്ഷനാണ് ഡിജിറ്റൽ ക്ലാസുകൾ സൃഷ്ടിക്കാനിടയുള്ള ഏറ്റവും ഗുരുതരമായ പ്രശ്നം. കുട്ടികൾ മൊബൈൽ ഫോണിൽ മാത്രമായി അകപ്പെടുന്ന അവസ്ഥയാണത്. മിണ്ടാട്ടം നിലയ്ക്കും. ഫോൺ വാങ്ങിവയ്ക്കാൻ ശ്രമിച്ചാൽ അക്രമകാരിയാകും. ക്ലാസ് കഴിഞ്ഞാലും ഫോണിൽത്തന്നെ തുടരും. ക്ലാസിൽ ശ്രദ്ധിക്കാൻ സാധിക്കാതെവരും. വിനോദ സൈറ്റുകളിലൂടെ സഞ്ചരിക്കുകയാണ് ചെയ്യുക. ചിലപ്പോൾ അത് അശ്ലീലസൈറ്റുകളിലേക്കും എത്തും. ഇതു കണ്ടുപിടിക്കാൻ വശമില്ലാത്ത രക്ഷിതാക്കൾ ഒരുവശത്ത്. കണ്ടുപിടിച്ചാൽത്തന്നെ നിയന്ത്രിക്കാൻ സാധിക്കാതെ നിസ്സഹായരാകുന്നവർ മറുവശത്ത്. ഡിജിറ്റൽ അപകടങ്ങളിൽ പെടുന്നതും വിരളമല്ല.

**ധാർമികമൂല്യങ്ങൾ കുഞ്ഞുങ്ങളിലേക്കു പ്രസരിപ്പിക്കണം**

ഏതായാലും, വിക്ടേഴ്സ് ചാനൽവഴി നൽകിവന്ന കേന്ദ്രീകൃത ക്ലാസുകളോടൊപ്പം കുട്ടികളുടെ സ്വന്തം അധ്യാപകർ നയിക്കുന്ന സെഷനുകൾ തുടങ്ങിയത് ശരിയായ ചുവടുവയ്പ്പാണ്. സ്കീൻ അഡിക്ഷനെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം. ഇതിനായി വിദഗ്ധരുടെ ക്ലാസുകൾ കുട്ടികളെയും രക്ഷിതാക്കളെയും അധ്യാപകരെയും പങ്കെടുപ്പിച്ച് സംഘടിപ്പിക്കേണ്ടതാണ്. ഫോൺ ഉപയോഗത്തിൽ മാതാപിതാക്കളും വീട്ടിലെ മറ്റു മുതിർന്നവരും കുട്ടികൾക്ക് മാതൃകയാകണമെന്നതാണ് ഏറ്റവും പ്രധാനം. ഓരോ പ്രതിസന്ധിയെയും തരണം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നത് കുടുംബത്തിൽനിന്നുള്ള പാഠങ്ങളാണല്ലോ. ഇക്കാര്യത്തിലും ഓരോ കുടുംബവും ധാർമികമൂല്യങ്ങൾ കുഞ്ഞുങ്ങളിലേക്കു പ്രസരിപ്പിക്കണം. നമ്മുടെ പെരുമാറ്റച്ചട്ടം നമ്മൾതന്നെയുണ്ടാക്കണം. ■

Deepanalam Weekly
RNI No : 16998/68
Vol. 54 No. 14 Date of Publication 1 July 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

എല്ലാവിധ ആയുർവ്വേദഔഷധങ്ങൾക്കും ചികിത്സയ്ക്കും

# കുറിച്ചിത്താനം ആയുർവ്വേദ വൈദ്യശാല

കുരിശുപള്ളിക്കവല, പാലാ Ph: 04822- 211679, 9447571650

വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ എന്നിവയ്ക്ക് ചികിത്സ ലഭ്യമാണ്

ധന്വന്തരി വൈദ്യശാല (തൊടുപുഴ)യുടെ പാലായിലെ അംഗീകൃതഏജൻസി

## S.J. ആയുർവേദ ഫാർമസി

പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം - പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!

## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ, Phone: 212498 , 211028

സഹോദരസ്ഥാപനം: മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ



## ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008 Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835



## HOT WHEELS



BICYCLES, E-BIKES, TYRES, SPARES, ACCESSORIES

Kattakayam Building,
Kattakayam Road, Palai
+(91) 7025603991
hwpalai@gmail.com

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.